# സത്യദൂതൻ

2016 സെപ്തംബർ | ലക്കം 9

വില ₹ 30



## ബലി കർമ്മം

### അവശരോട് കാട്ടുന്ന ക്രൂരത

### പ്ലേഗ് : ഒരു സത്യദൃഷ്ടാന്തം

## യു.കെ. അഹ്മദിയ്യ അന്തർദേശീയ സമ്മേളനത്തിന്റെ വിവിധ ദൃശ്യങ്ങൾ



















The Sathyadoothan Monthly

لاالہ الاّاللہ محمّد رّسول اللہ


# സത്യദൂതൻ

2016 സെപ്തംബർ
ഹി.ശ.1396 - തബൂഖ്
1437 ദുൽകഅദ് - ദുൽഹജ്ജ്
പുസ്തകം 88 ലക്കം 9
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

**5** എഡിറ്റോറിയൽ

**6** യുഗശബ്ദം




**7**
ഈദ് ഖുത്ബ
**അഹ്‌മദിനെ മുഹമ്മദിൽ നിന്ന് വേർപെടുത്താൻ സാധ്യമല്ല**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്‌മദ് (അയ്യദഹു..)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്‌മദ് (അയ്യദഹു...) 2012 ഒക്ടോബർ 27 ന് ബൈത്തുൽ ഫുതൂഹ് ലണ്ടനിൽ നിർവഹിച്ച ഈദ് ഖുത്ബ.

**11**
**പ്ലേഗ് : ഒരു സത്യദൃഷ്ടാന്തം**
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്‌മദ് (റഹ്)

ഒരുനൂറ്റാണ്ടു മുമ്പ് പഞ്ചാബിൽ പടർന്നു പിടിച്ച പ്ലേഗ് എന്ന മഹാമാരി വിശുദ്ധ ഖുർആന്റെ ഒരു പ്രവചന സാക്ഷാത്ക്കാരവും വാഗ്ദത്ത മസീഹിനുള്ള ദിവ്യദൃഷ്ടാന്തവുമായിരുന്നു.



**18**
**ബലി കർമം**
എൻ. അബ്ദുർ റഹീം

**23**
**ഭാഷയും മസ്തിഷ്കവും**
എ. എം. മുഹമ്മദ് സലീം

മനുഷ്യ മസ്തിഷ്കവും ഭാഷയും തമ്മിലുള്ള ബന്ധത്തെപ്പറ്റി നിരവധി വസ്തുതകൾ ആധുനിക ശാസ്ത്രം വെളിപ്പെടുത്തിയിട്ടുണ്ട്. ഭാഷയിലൂടെയുള്ള ആശയ പ്രകടനസിദ്ധി അല്ലാഹു മനുഷ്യന് നൽകിയ അത്ഭുതകരമായ ഒരു വരദാനമാണ്. മനുഷ്യൻ സംസാരിക്കുമ്പോൾ ആശയവിനിമയം എങ്ങനെ സംഭവിക്കുന്നു എന്നതിനെകുറിച്ച് ഒരു വിശദീകരണം.

**30**
**ഇസ്‌ലാം എങ്ങനെമദ്യം നിരോധിച്ചു?**
ഐസാസ് ഖാൻ, കാനഡ

**35**
**ഖുർആനിലെ ശാസ്ത്ര സൂചനകൾ**
അശ്റഫ് പത്തപിരിയം

**39**
കുറിപ്പുകൾ
**അവശരോട് കാട്ടുന്ന ക്രൂരത**
മുസാഫിർ

**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**സുൽത്താൻ നസീർ**
**ഫോൺ**: 9544274240

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ**: 8907182933
Email-salimqld@gmail.com


മാനേജർ
**എച്ച്. അഹ്‌മദ് ഷാഫി**
**ഫോൺ**: 8089574250

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്

ഓർക്കുക, ഇബ്റാഹീമിന് നാം ആ പരിശുദ്ധ ഭവനത്തിന്റെ സ്ഥലം സൗകര്യപ്പെടുത്തിക്കൊടുത്ത സന്ദർഭം. (നാം അദ്ദേഹത്തോട് കൽപ്പിച്ചു). നീ എനിക്കൊരു വസ്തുവിനേയും പങ്കാളിയാക്കി വെക്കരുത്. പ്രദക്ഷിണം ചെയ്യുന്നവർക്കും, നിന്നും കുനിഞ്ഞും കുമ്പിട്ടും കൊണ്ട് ആരാധന നടത്തുന്നവർക്കും വേണ്ടി എന്റെ മന്ദിരത്തെ ശുദ്ധമാക്കി വെക്കുക.(22: 27)





## നബിവചനം

അബൂ ഹുറൈറ(റ)യിൽ നിന്ന് നിവേദനം: വല്ലവനും അല്ലാഹുവിന് വേണ്ടി ഹജ്ജ് ചെയ്തു. അവൻ അനാവശ്യം പ്രവർത്തിച്ചില്ല. കുറ്റകരമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുമില്ല. എങ്കിൽ സ്വമാതാവ് അവനെ പ്രസവിച്ച ദിവസം പോലെ പരിശുദ്ധനായിക്കൊണ്ടാണ് അവൻ തിരിച്ചു വരുന്നത് എന്ന് നബി(സ) പറയുന്നത് ഞാൻ കേൾക്കുകയുണ്ടായി. (ബുഖാരി)

## വാഗ്ദത്ത മസീഹിന്റെ വചനം

ഹജ്ജ് കൊണ്ടുള്ള ഉദ്ദേശ്യം ഒരാൾ തന്റെ വീട്ടിൽ നിന്ന് പുറപ്പെട്ട് സമുദ്രങ്ങൾ തരണം ചെയ്ത് മക്കയിൽ ചെന്ന് ആചാരാനുഷ്ഠാനമെന്നോണം ചില വചനങ്ങൾ ഉരുവിട്ടു ചില കടമകൾ നിർവഹിച്ചു തിരിച്ചു വരിക മാത്രമല്ല. വാസ്തവത്തിൽ ഹജ്ജ് പരിപൂർണമായ ആത്മ സമർപ്പണത്തിന്റെ അവസാനത്തെ പരമോന്നത സ്ഥാനത്തിന്റെ പേരാണ്. മനുഷ്യൻ തന്റെ ആത്മാവിനെ ഭൗതികമായ എല്ലാ ബന്ധനങ്ങളിൽ നിന്നും മുക്തനാക്കി ദൈവാനുരക്തിയിൽ തന്നെ അർപ്പണം ചെയ്യുന്നു. അവന്റെ ഹൃദയത്തിൽ സംജാതമാകുന്ന ദൈവസ്നേഹവും അനുരക്തിയും നിമിത്തം യാത്രാ ക്ലേശങ്ങൾക്കോ ജീവനും ധനവും നഷ്ടപ്പെടുമെന്ന ചിന്തകൾക്കോ ബന്ധുക്കളേയും സുഹൃത്തുക്കളേയും വിട്ടു പിരിയണമെന്ന വ്യാകുലതക്കോ ഒരു പ്രസക്തിയുമില്ല. ഒരു പ്രേമി തന്റെ പ്രേമഭാജനത്തിനായി തന്റെ ജീവൻ കൂടി ബലിയർപ്പിക്കാൻ സന്നദ്ധമാകുന്നത് പോലെ ഹജ്ജിൽ തവാഫ് ചെയ്യുന്നു. വളരെ സൂക്ഷ്മമായ ഒരു രഹസ്യമാണിത്. കഅ്ബത്തുല്ല എന്ന ഭവനം പോലെ തന്നെ അതിന് മുകളിലും ഒരു ഉന്നത സ്ഥാനമുണ്ട്. ഏത്വരെ ഉപരി ലോകത്തുള്ള ആ ആസ്ഥാനം ഹൃദയാത്മനാ വലയംവെക്കപ്പെടുന്നില്ലയോ അതുവരെ ഈ തവാഫ് പ്രയോജനകരമോ ഫലദായകമോ ആകുന്നില്ല. ഈ ഭവനത്തെ വലം വെക്കുന്നവർ വളരെ ചുരുങ്ങിയ മേൽ വസ്ത്രങ്ങളണിയുന്നു. അതേ പ്രകാരം ഉപരി ലോകത്തുള്ള ഭവനത്തെ തവാഫ് ചെയ്യുന്നത് ഭൗതിക ബന്ധങ്ങളെന്ന വസ്ത്രങ്ങൾ ഉപേക്ഷിച്ചു കൊണ്ട് സ്നേഹത്തിന്റെയും അനുരക്തിയുടെയും ഭയഭക്തിയുടെയും വസ്ത്രങ്ങളണിഞ്ഞു കൊണ്ടായിരിക്കണം. തവാഫ് ദൈവാനുരാഗത്തിന്റെ അടയാളവും പ്രതീകവും ആകുന്നു. ഇതിന്റെ അർഥം ദൈവ പ്രീതിക്കു ചുറ്റും വലം വെക്കുകയാണ്. മറ്റൊരുദ്ദേശ്യവും അവിടെ അവശേഷിക്കുന്നില്ല. (മൽഫൂസാത്ത് വാല്യം 9 പേ. 123,124)



എഡിറ്റോറിയൽ

# അല്ലാഹുവിന്റെ വിളിക്ക് ഉത്തരം നൽകുക.

*നാഥാ നിന്റെ വിളിക്കിതാ ഞാൻ ഉത്തരമായി വന്നിരിക്കുന്നു. നിനക്ക് പങ്കുകാരില്ല. നിനക്കാകുന്നു സ്തുതി. നിന്റേതാകുന്നു അനുഗ്രഹം നിന്റെതാകുന്നു അധികാരം......*

നാലായിരം വർഷങ്ങൾക്ക് മുമ്പ് ഖലീലുല്ലാഹി ഇബ്രാഹിം നബി(അ)യുടെ വിളിക്കുത്തരമായി ലോക മുസ്‌ലിംകൾ അറഫയിൽ സമ്മേളിക്കുകയാണ്. ' ദൈവകൽപ്പനക്കായി കാത്തിരിക്കുക ' എന്ന അർഥമുള്ള 'തൽബിയ്യത്ത്' വചനങ്ങൾ ഉരുവിട്ടു കൊണ്ടാണ് ഹാജിമാർ അറഫയിലെത്തുന്നത്. അല്ലാഹുവിന്റെ വിളി എന്നത് കൊണ്ടുദ്ദേശിക്കുന്നത് അല്ലാഹുവിന്റെ വിളിയാളന്റെ വിളിയാണ്. ഈ കാലഘട്ടത്തിൽ റസൂൽ തിരുമേനി(സ) യുടെ വാഗ്ദാന പ്രകാരം അവിടുത്തെ വിനീത ശിഷ്യനായി അല്ലാഹു അയച്ച വാഗ്ദത്ത മസീഹിന്റെ വിളിക്കായിരുന്നു ഹാജിമാർ ലബ്ബൈക് പറയേണ്ടിയിരുന്നത്. അതാണ് ഈ കാലഘട്ടത്തിലെ അല്ലാഹുവിന്റെ യഥാർഥവിളി, അവസാനകാലത്ത് വെളിപ്പെടുകയും മുസ്‌ലിംകളെ ബാധിക്കുകയും ചെയ്യുന്ന നാശങ്ങളെപറ്റി റസൂൽ തിരുമേനി(സ) യുടെ പ്രവചനങ്ങൾ നിരവധിയാണ്. ദജ്ജാലിന്റെയും യഅ്ജൂജ് മഅ്ജൂജിന്റെയും അതിശക്തമായ ആക്രമണത്തിന് മുസ്‌ലിംകൾ വിധേയമാവുമെന്ന ഗൗരവമേറിയ പ്രവചനമാണത്. മുസ്‌ലിം ലോകം നമസ്കാരങ്ങളിൽ ദജ്ജാലിന്റെ ഉപദ്രവത്തിൽ നിന്നും രക്ഷ നേടാൻ നിരന്തരം പ്രാർഥിക്കുന്നു. അത് മാത്രമല്ല മുസ്‌ലിംകൾ മല വെള്ളത്തിലെ ചണ്ടികൾ പോലെ ദുർബലരാവുമെന്നും ലോകത്ത് കൊലപാതകങ്ങൾ അധികരിക്കുമെന്നും യുദ്ധം അധികരിക്കുമെന്നും വ്യഭിചാരം വ്യാപകമാവുമെന്നും ഭരണാധികാരികൾ അഴിമതിക്കാരാവുമെന്നും സ്വവർഗ രതി അധികരിക്കുമെന്നും ഭൂമി അലങ്കൃതമാവുമെന്നും തുടങ്ങി നിരവധിപ്രവചനങ്ങൾ ഹദീസുകളിൽ രേഖപ്പെട്ടു കിടക്കുന്നു. മുസ്‌ലിംകളെയും ലോകത്തെയും ബാധിക്കുന്ന വിപത്തുകളുടെ നിരാശജനകമായ നാശങ്ങളും വിപത്തും മാത്രമല്ല റസൂൽ തിരുമേനി(സ) പ്രവചിച്ചത്. മുസ്‌ലിംകളുടെ വിമോചനത്തിനും ലോകത്തെ അന്ധകാരത്തിൽ നിന്ന് വീണ്ടെടുക്കാനും മസീഹിന്റെയും മഹ്ദിയുടെയും ആഗമനം കൂടി സുവിശേഷമായി റസൂൽ തിരുമേനി(സ) പ്രവചിച്ചിരിക്കുന്നു. പ്രവചനങ്ങളുടെ ബാഹ്യ വിശകലനത്തിൽ തന്നെ മുസ്‌ലിംകളെ ആക്രമിക്കുന്ന ദജ്ജാലീ ശക്തി പാശ്ചാത്യ നാഗരികതയാണെന്ന് വ്യക്തമാണ്. അവരുടെ അപ്രതിരോധ്യമായ സംഹാര താണ്ഡവവും അധിനിവേശവും മുസ്‌ലിം ലോകത്ത് ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്ന യാഥാർഥ്യമാണ്. ദജ്ജാലീ ശക്തികളെ നശിപ്പിക്കാൻ അവരുമായി ആശയ സമരവും പ്രാർഥനയുടെ മാർഗവുമാണ് വാഗ്ദത്ത മഹ്ദി സ്വീകരിച്ചത്, അങ്ങനെയാണ് വേണ്ടതെന്ന് അദ്ദേഹം മുസ്‌ലിം സമൂഹത്തെ പല നിലക്കും ഉപദേശിക്കുകയും ചെയ്തു. മഹ്ദിയുടെ കാലം വാളെടുത്തുള്ള ജിഹാദ് റദ്ദാക്കപ്പെടും എന്ന റസൂൽ തിരുമേനി (സ) യുടെ വചനം ഓർക്കുക. ഇമാം മഹ്ദിയുടെ ശാന്തിയുടെ മാർഗം വിട്ട് സായുധ ജിഹാദിൽ ഏർപ്പെട്ടിരിക്കുന്ന മുസ്‌ലിംകൾ നശിച്ച് നാമാവശേഷമായിക്കൊണ്ടിരിക്കുന്ന കാഴ്ചയും നാം കാണുന്നു. പ്രവാചകന്മാരുടെ ആത്മീയ മാർഗത്തിലാണ് അദ്ദേഹം ഇസ്‌ലാമിനെ വിജയ സോപാനത്തിലേക്ക് നയിക്കുക. അദ്ദേഹത്തിന്റെ ആഗമനം ഒരു പെരുന്നാളായി ആഘോഷിക്കണമെന്ന് പൂർവസൂരികളായ മഹാത്മാക്കൾ മുസ്‌ലിം ലോകത്തെ നൂറ്റാണ്ടുകളായി ഉപദേശിച്ചതാണ്. പക്ഷേ അല്ലാഹുവിന്റെ പക്കൽ നിന്ന് ആഗതരാവുന്നവരോട് ലോകം അനുവർത്തിക്കുന്നതെല്ലാം ആ മഹാത്മാവിനോടും ചെയ്തു.

ലോക മുസ്‌ലിംകൾ ബലി പെരുന്നാൾ സുദിനത്തിൽ സമ്മേളിക്കുമ്പോൾ വാഗ്ദത്ത മഹ്ദിയും മസീഹുമായ ഹദ്റത്ത് അഹ്മദ്(അ)ന്റെ ഈ വാക്കുകൾ ഓർക്കുക: *'അല്ലയോ വിവേക ശാലികളേ! ഈ നിശിതാന്ധകാരത്തിന്റെ നാളുകളിൽ അല്ലാഹു തക്ക സമയത്ത് തന്നെ ഒരു സ്വർഗീയ പ്രകാശം ഇറക്കി തരുന്നതിലും കലിമത്തുൽ ഇസ്‌ലാമിനെ ഉയർത്തിക്കാട്ടുന്നതിലും ഹദ്റത്ത് ഖൈറുൽ അനാമിന്റെ പ്രകാശം പരത്തുന്നതിനും മുസൽമാന്മാരുടെ പിന്തുണക്ക് വേണ്ടിയും പിന്നെ അവരുടെ ആന്തരനിലയെ ശുദ്ധീകരിക്കാനുദ്ദേശിച്ചും തന്റെ ദാസനെ ഈ ലോകത്തയച്ചതിൽ നിങ്ങൾ അത്ഭുതപ്പെടേണ്ടതില്ല. ഇസ്‌ലാം ദീനിന്റെ സഹായകനും ഖുർആനികാധ്യാപനങ്ങളുടെ നിത്യസംരക്ഷകനും ഖുർആനെ ചൈതന്യരഹിതവും നിഷ്പ്രഭവും പ്രകാശരഹിതവുമാക്കാൻ അനുവദിക്കുകയില്ലെന്ന് വാഗ്ദാനം നൽകിയവനും ആരാണോ ആ സത്യ ദൈവം ഈ അന്ധകാരത്തെ നോക്കിക്കണ്ടിട്ടും ആന്തരീയവും ബാഹ്യവുമായ എല്ലാകുഴപ്പങ്ങളും വീക്ഷിച്ചറിഞ്ഞിട്ടും മിണ്ടാതിരിക്കുകയും തന്റെ വിശുദ്ധ ഗ്രന്ഥത്തിൽ വിവരിച്ചിട്ടുള്ള വാഗ്ദാനത്തെക്കുറിച്ച് ഓർക്കാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ അതിലാണ് അത്ഭുതപ്പെടേണ്ടത്.... ആകയാൽ എന്നെ നിഷേധിക്കുന്ന കാര്യത്തിൽ ആരും ധൃതികാണിക്കേണ്ട, അവൻ ദൈവത്തോട് പോരിന് പുറപ്പെടാതിരിക്കാൻ തന്നെ (ഫത്ഹെ ഇസ്‌ലാം).* മുസ്‌ലിം ലോകത്തിന് ഈ സത്യം എളുപ്പത്തിൽ ഗ്രഹിക്കുമാറാകട്ടെ.(ആമീൻ)



ഹദ്റത്ത് അഹ്മദ് (അ)

# ആരാധനയിലെ അനുഷ്ഠാനങ്ങൾ ദൈവാനുരാഗത്തിന്റെ പ്രതീകങ്ങൾ

വാസ്തവത്തിൽ മനുഷ്യൻ ദൈവാരാധനക്ക് വേണ്ടി മാത്രമാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. ദൈവാരാധന രണ്ടു വിധത്തിലാണുള്ളത്. ഒന്ന് അങ്ങേയറ്റത്തെ വിനയവും കീഴ്വണക്കവും കാണിക്കുക. രണ്ട് അനുരക്തിയും സ്നേഹവും പ്രകടിപ്പിക്കുക.

ഇസ്‌ലാം വിനയത്തിന്റെയും വണക്കത്തിന്റെയും പ്രതീകമായ നമസ്ക്കാരാനുഷ്ഠാനത്തിനുള്ള കൽപ്പന നൽകുന്നു. നമസ്ക്കാരം ശാരീരികമായി മനുഷ്യന്റെ ഓരോ അവയവത്തേയും ഭയഭക്തിയിലും അനുസരണത്തിലും സമർപ്പണവിധേയനാക്കി തീർക്കുന്നു. അവന്റെ ഹൃദയം സുജൂദ് ചെയ്യുന്നതോടൊപ്പം നമസ്ക്കാരത്തിൽ അവന്റെ ശരീരവും കുമ്പിടുന്നു. അങ്ങനെ അവന്റെ ആത്മാവും ശരീരവും ഈ ദൈവാരാധനയിൽ ഒരുപോലെ പങ്കുചേരുന്നു. ശരീരം ചെയ്യുന്ന സുജൂദ് വ്യർഥമാണെന്ന് കരുതരുത്. ദൈവം ആത്മാവിന്റെയും ശരീരത്തിന്റെയും സ്രഷ്ടാവാണ്. രണ്ടിലും അവന് സൃഷ്ടി കർത്താവെന്ന നിലയിൽ അവകാശവും അധികാരവുമുണ്ട്. ശരീരവും ആത്മാവും പരസ്പരം ഒന്ന് മറ്റൊന്നിൽ പ്രഭാവിതമാകുന്നു. ചിലപ്പോൾ ശരീരം ചെയ്യുന്ന സുജൂദ് ആത്മാവ് ചെയ്യുന്ന സുജൂദിന് ഉത്തേജനം നൽകുന്നു. അതേ പ്രകാരം ആത്മാവിന്റെ സുജൂദ് ശരീരത്തിന്റെ സുജൂദിന്റെ അവസ്ഥ സംജാതമാക്കുന്നു. കാരണം ആത്മാവും ശരീരവും പരസ്പരം ബന്ധിതമാണ്. ഉദാഹരണത്തിന് ഒരാൾ കൃത്രിമമായി മന്ദഹസിക്കുന്ന മുഖപ്രകൃതി സംജാതമാക്കുകയാണെങ്കിൽ ആ കൃത്രിമച്ചിരി യഥാർഥ ചിരിയായി മാറുന്നു. ഇത് ആത്മാവിനുണ്ടാകുന്ന പ്രതിഫലനത്തിന്റെയും പ്രഭാവത്തിന്റെയും ബഹിർ പ്രകടനമാണ്. അതേ പ്രകാരം കൃത്രിമമായി ഒരാൾ കരയുന്ന ഭാവം സംജാതമാക്കുകയാണെങ്കിൽ യഥാർഥത്തിൽ അയാൾക്ക് കരച്ചിൽ വരുന്നു. അത് ആത്മാവിനുണ്ടാകുന്ന പ്രതിഫലനത്തിന്റെയും പ്രഭാവത്തിന്റെയും ബഹിർ പ്രകടനമാണ്. നാം ശാരീരികമായി ബാഹ്യമായി ചെയ്യുന്ന ദൈവാരാധനയുടെ പ്രതിഫലനം ആത്മാവിലും ആത്മാവിലുണ്ടാകുന്ന വിനയ ഭാവത്തിന്റെ പ്രതിഫലനം ബാഹ്യമായി ശരീരത്തിലുമുണ്ടാകുമെന്നും ഇതിൽനിന്നും മനസ്സിലാകുന്നു

അതേ പ്രകാരം ദൈവാരാധനയുടെ രണ്ടാമത്തെ അനുരക്തിയുടെയും ത്യാഗത്തിന്റെയും പ്രതിഫലനവും പ്രഭാവവും നമ്മുടെ ആത്മാവിലും ശരീരത്തിലും അതായത് ആന്തരീകമായും ബാഹ്യമായും സംജാതമാവുന്നു. അനുരക്തിയുടെയും അനുരാഗത്തിന്റെയും അവസ്ഥയിൽ മനുഷ്യന്റെ ആത്മാവ് എപ്പോഴും തന്റെ പ്രേമിയെ വലം വെച്ചുകൊണ്ടിരിക്കുന്നു. അവന്റെ ആസ്ഥാനത്തെ ചുംബിക്കുന്നു. അതേപ്രകാരം കഅ്ബത്തുല്ല ഭൗതികമായി ദൈവപ്രേമികൾക്ക് ഒരു മാതൃകയാക്കപ്പെട്ട ഭവനമാണ്. ദൈവം പറയുന്നു. നോക്കുക ഇത് എന്റെ ഭവനമാണ്. ഇത് എന്റെ ആസ്ഥാനത്തിലെ കല്ലായ ഹജ്റുൽ അസ്‌വദാണ്. ഈ കൽപ്പന അവൻ പുറപ്പെടുവിച്ചത് മനുഷ്യൻ തന്റെ അനുരക്തിയേയും സ്നേഹ ഭാവത്തെയും പ്രകടിപ്പിക്കാനാണ്. അത് കൊണ്ട് ഹജ്ജ് ചെയ്യുന്നവർ ഹജ്ജിനുള്ള പുണ്യസ്ഥലങ്ങളിൽ ചെന്ന് ശാരീരികമായ നിലയിൽ പ്രസ്തുത ഭവനത്തെ വലംവെക്കുന്നു. അവർ ദൈവാനുരക്തിയിൽ ഉന്മത്തരായി അവന്റെ തിരുസന്നിധിയെ ഭ്രമണം ചെയ്യുന്നു. ശാരീരികമായ എല്ലാ അലങ്കാരങ്ങളെയും വർജിച്ച് തലമുണ്ഡനം ചെയ്ത് ദൈവസ്നേഹത്തിൽ മുഴുകിയവരായി കൃത്രിമ ലേശമില്ലാതെ പ്രേമാർഥരെ പോലെ അവന്റെ ആസ്ഥാനത്തെ വലം വെക്കുന്നു. ഹജ്റുൽ അസ്‌വദിനെ ദൈവത്തിന്റെ ആസ്ഥാനത്തിലുള്ള കല്ലാണെന്ന് കരുതി സ്നേഹ രൂപേണ അതിനേയും ചുംബിക്കുന്നു. ശാരീരികവും ബാഹ്യവുമായ ഈ ആവേശവും ഉത്സാഹവും ആത്മീയമായ താപവും ഉഷ്ണവും സംജാതമാക്കുന്നു.(ചശ്മെ മഅ്രിഫ പേ: 100,101)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2012 ഒക്ടോബർ 27ന് ബൈത്തുൽ ഫുതൂഹ് ലണ്ടനിൽ നിർവഹിച്ച ഈദ് ഖുത്ബ.



# അഹ്മദിനെ മുഹമ്മദിൽനിന്ന് വേർപെടുത്താൻ സാധ്യമല്ല

ഹദ്റത്ത് ഇബ്റാഹീം(അ)ഒരു മഹാനായ പ്രവാചകനുവേണ്ടി ദുആ ചെയ്തിരുന്നു. അത് അല്ലാഹു സ്വീകരിച്ചു. ആ മഹാനായ നബി ജനങ്ങളെ ഏക ദൈവത്തിന്റെ ഭക്തരായ ദാസന്മാരാക്കി. തലമുറ തലമുറയായി ശത്രുതയിൽ കഴിഞ്ഞു വന്നിരുന്നവരെ ശാന്തിയുടേയും സമാധാനത്തിന്റേയും അമ്പാസിഡർമാരാക്കി. ആ മഹാനായ പ്രവാചകനും തന്റെ മഹത്തായ ഉദ്ദേശ്യങ്ങളെ ഖിയാമത്തുനാൾവരെ നിലനിറുത്താൻ സത്യസന്ധനായ ഒരു ദാസനുവേണ്ടി ദുആ ചെയ്തിരുന്നു. അങ്ങനെ ആ സത്യസന്ധനായ ദാസൻ ഇമാം മഹ്ദിയും വന്നു.

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

**മു**സ്ലിംകൾ തങ്ങളെ ഏകോപിപ്പിച്ച് ഒരൊറ്റ സമുദായമാക്കാനും തൗഹീദിന്റെ യഥാർഥ രൂപംലോകത്ത് സ്ഥാപിക്കാനുമായി ആരെങ്കിലും ആഗതനായെങ്കിൽ എന്ന് മുറവിളികൂട്ടുകയും അവരുടെ ജീവിത സാഹചര്യം ഈ ആവശ്യം വിളംബരപ്പെടുത്തിക്കൊണ്ടിരിക്കുകയും ചെയ്തു. നൂറു വർഷം മുമ്പേ ഇതായിരുന്നു അവസ്ഥ.

ഉർദു കവിയായ ഹാലീ അക്കാലഘട്ടത്തിലെ മുസ്ലിംകളുടെ അവസ്ഥ ചിത്രീകരിച്ചു കൊണ്ട് പറയുന്നു:

നഃ ഥർവത്ത് രഹി ഉൻകി ഖായിം
നഃ ഇസ്സത്ത്
ഗയേ ഛോഡ് സാഥ് ഉൻക
ഇഖ്ബാൽ വ ദൗലത്ത്
ഹുയേ ഇൽമ വ ഫൺ ഉൻസെ
ഏക് ഏക് റുഖ്സത്ത്
മിട്ടീ ഖൂബിയാൻ സാരി നൗബത്ത്
വഃ നൗബത്ത്

അവരുടെ ഐശ്വര്യവും അന്തസും നിലനിന്നില്ല. അതോടൊപ്പം അവരുടെ അംഗീകാരവും സമ്പത്തും അവരിൽ നിന്ന് നിഷ്ക്രമിച്ചു. അവരിൽനിന്ന് ജ്ഞാനവും വിദ്യയും ഓരോരോന്നോരോന്നായി വിടചൊല്ലി. സവിശേഷ ഗുണങ്ങളെല്ലാം പടിപടിയായി മാഞ്ഞുപോയി.

ഇതായിരുന്നു അന്നത്തെ അവസ്ഥ. ഇന്നും മുസ്ലിം നേതാക്കന്മാരും സാധാരണക്കാരായ മുസ്ലിംകളും സ്വന്തം നേട്ടമുണ്ടാക്കാൻ പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ആദ്യമൊക്കെ ലീഡർമാരും രാഷ്ട്രീയനേതാക്കന്മാരും മാത്രമായിരുന്നു നേട്ടങ്ങൾ ഉണ്ടാക്കാൻ ശ്രമിച്ചിരുന്നുത്. ഭരണകൂടങ്ങളുടെമേൽ ആധിപത്യം

സ്ഥാപിച്ചിരുന്നത്. ഇപ്പോൾ ഭരണത്തിന്റെ ആർത്തികൊണ്ട് മതത്തിന്റെ പേരിൽ ഉലമാക്കളും തങ്ങളുടെ ഗ്രൂപ്പും പാർട്ടികളും ഉണ്ടാക്കിയിരിക്കുന്നു. ഈ ആളുകൾ, ഈ ഉലമാക്കൾ ആദ്യം കക്ഷിയടിസ്ഥാനത്തിലായിരുന്നു പരസ്പരം കഴുത്തറുത്തിരുന്നത്. ഇപ്പോൾ അതിനോടൊപ്പം രാഷ്ട്രീയ പാർട്ടികളുടേയും സായുധ ജിഹാദീ സംഘടനകളുടേയും പേരിലും കലിമ ചൊല്ലുന്നവർ-കലിമചൊല്ലുന്നവരുടെ കഴുത്തുകൾ അറുത്തിട്ടുകൊണ്ടിരിക്കുന്നു. പിടിവാശി എത്രമാത്രമാണെന്നുവച്ചാൽ, തങ്ങളുടെ നടപടികൾ നന്നാക്കിത്തീർക്കുന്നതിന് അതിൽ അല്പംപോലും മൃദുലത കാണിക്കുമെന്ന് കരുതാനേ വകയില്ല. ഇവർ പരിഷ്കരണയോഗ്യരല്ലെന്ന അവസ്ഥ ഹാലീ 120, 125 വർഷം മുമ്പേ കോറിയിട്ടതാണ്. അതുതന്നെയാണ് ഇന്നും കാണുന്നത്. എന്നല്ല ചിന്തകന്മാരുടേയും നിരീക്ഷകന്മാരുടേയും കാഴ്ചപ്പാടിലൂടെ നോക്കുമ്പോൾ കൂടുതൽ ഭയാനകമായിട്ടാണ് ഇവരുടെ അവസ്ഥ കാണപ്പെടുന്നത്. അത്യാർത്തിയും ഭരണവും ഒരു വിഭാഗത്തെ കൂടുതൽ അന്ധരാക്കിയിരിക്കുന്നു. പൊതുജനങ്ങൾ ഇവരുടെ ദുഷ്പ്രവർത്തികൾ കാണുന്നു. എന്നാൽ, അല്ലാഹുവിൽനിന്ന് വിളിക്കുന്ന വിളിയാളന്റെ വിളിക്ക് ചെവികൊടുക്കുന്നില്ല. ചെവികൊടുക്കുന്നില്ലെന്ന് മാത്രമല്ല, പ്രത്യുത അദ്ദേഹത്തെ എതിർക്കുന്നതിൽ എല്ലാ പരിധികളും ലംഘിച്ചുകൊണ്ടിരിക്കുകയാണ്. അഹ്മദികൾക്ക് നഷ്ടം വരുത്താൻ അനുവദനീയവും അല്ലാത്തതുമായ എല്ലാ പ്രവർത്തികൾക്കും തയ്യാറായിരിക്കുകയാണ്. എന്നല്ല അവർ പ്രവർത്തിക്കുകയും ചെയ്യുന്നു. അഹ്മദികളെ കൊള്ളയടിക്കുന്നതും അവരിൽ നിന്ന് നിഷിദ്ധമായത് തിന്നലും പുണ്യമാണെന്ന് അവർ പറയുന്നു. ഈ പാഠമാണ് അവരുടെ ഉലമാക്കൾ അവർക്ക് നല്കുന്നത്. ഹാലി അത്തരത്തിൽ തെറ്റായ പാഠങ്ങൾ നല്കുന്ന ഉലമാക്കളേയും അക്രമം ചെയ്യുന്ന നേതാക്കളേയും കുറിച്ചായിരിക്കാം ഇങ്ങനെ പറഞ്ഞിട്ടുള്ളത്: **ഹുയെ റോഖ് ജലാനെ കെ ഖാബിൽ** 'അവരുടെ മരം കത്തിക്കാൻ പറ്റുന്നതായിത്തീർന്നിരിക്കുന്നു.' കാരണം ഇവർ ഇസ്‌ലാമിക പാഠങ്ങളിൽനിന്ന് അകന്നു പോയിരിക്കുന്നു. ഇവർ മുസ്‌ലിം സമുദായത്തിൽ ഫിത്നകളും ഫസാദുകളും ഉണ്ടാക്കുന്ന അടിവേരുകളാണ്. ഈ വൃക്ഷം കത്തിക്കാനുള്ള വിറക് ആകേണ്ടതായിരുന്നു. അത് അങ്ങനെതന്നെ ആയിക്കഴിഞ്ഞു. കാരണം അല്ലാഹു തന്റെ കൈയാൽ നട്ട വൃക്ഷം മാത്രമാണ് ഇപ്പോൾ ലോകത്തിന് ഫലം ചെയ്യാനുള്ളത്. നബി(സ)തിരുമേനിയുടെ പ്രവചനമനുസരിച്ച് മുസ്‌ലീംകളുടേയും ഉലമാക്കളുടേയും അവസ്ഥ ഇങ്ങനെ ആകുമ്പോഴായിരുന്നു ആ വൃക്ഷം നടപ്പെടേണ്ടിയിരുന്നത്. ഹദീഥുകളിൽ പറയുന്നു: ഇസ്‌ലാമിന്റെ നാമമല്ലാതെ ഒന്നും അവശേഷിക്കാത്ത കാലം അടുത്തുതന്നെ വരും. ലിപികളല്ലാതെ ഖുർആനിൽ ഒന്നും അവശേഷിക്കുകയില്ല. അക്കാലത്തുള്ളവരുടെ പള്ളികൾ ബാഹ്യമായി നോക്കുമ്പോൾ ജനനിബിഢമായിരിക്കും. പക്ഷേ, അതിൽ ഹിദായത്തുണ്ടാകുകയില്ല. അവരുടെ ഉലമാക്കൾ ആകാശത്തിൻകീഴിൽ ഏറ്റവും നികൃഷ്ടരായിരിക്കും. അവരിൽനിന്ന് ഫിത്ന പുറപ്പെടും. അവരിലേക്കുതന്നെ മടങ്ങുകയും ചെയ്യും. എന്റെ ഉമ്മത്തിൽ അസ്വസ്ഥതയുടേയും വ്യാകുലതയുടേയും ഒരു കാലം വരും. ജനങ്ങൾ അവരുടെ ഉലമാക്കളുടെ അടുക്കൽ പ്രശ്ന പരിഹാരത്തിന്റെ പ്രതീക്ഷയുമായി ചെല്ലും. അപ്പോൾ അവർ അവിടെ കുരങ്ങന്മാരേയും പന്നികളേയുമായിരിക്കും കാണുക.

ഇതെല്ലാം ഇക്കാലത്തെ ഉലമാക്കളേയും നേതാക്കന്മാരേയും സംബന്ധിച്ചാണ് നബി(സ)തിരുമേനി പറഞ്ഞിട്ടുള്ളത്. അത് സത്യമായി പുലർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. പിന്നെ എങ്ങനെയാണ് ഇവരിൽനിന്ന് അറിവ് കിട്ടുക? എങ്ങനെയാണ് അവരിൽനിന്ന് ഖുർആന്റെ വ്യാഖ്യാനം കിട്ടുക.? അവരിൽനിന്ന് തൗഹീദിന്റെ മാർഗദർശനം കിട്ടുക? പക്ഷേ, മുസ്‌ലീംകൾ മറ്റു സമുദായങ്ങളെ പോലെയല്ല. അത് ഉത്തമസമുദായമാണ്. അവരുടെ അവസ്ഥ നബി(സ) തിരുമേനി കോറിയിട്ടതൊക്കെയായിട്ടും ആ മഹാത്മാവ് നമുക്ക് ഉറപ്പു നല്കി: അതായത് അല്ലാഹു മുസ്‌ലീംഉമ്മത്തിനേയും എല്ലാ മനുഷ്യരേയുംപരിഷ്കരിക്കുന്നതിനുവേണ്ടി അവസാനം വരുന്ന ഒരു കൂട്ടരിലും ഒരാളെ അയക്കുന്നതാണ്. അദ്ദേഹം ഇസ്‌ലാമിന്റെ കളഞ്ഞുപോയ മഹത്ത്വം വീണ്ടും ഉറപ്പുള്ള വേരുകളിൽ സ്ഥാപിക്കുന്നതാണ്. അദ്ദേഹം വീണ്ടും എല്ലാ മുസ്‌ലീംകളേയും സൽപ്രകൃതക്കാരേയും ഒരു കൈയിൽ ഒരുമിച്ചുകൂട്ടി നബി(സ) തിരുമേനിയുടെ കൊടിക്കീഴിൽ കൊണ്ടു വരുന്നതാണ്. അവരെ ഒരൊറ്റ സമുദായമാക്കും. അദ്ദേഹം നബി(സ)തിരുമേനിയെ സത്യസന്ധമായി സ്നേഹിക്കുന്നയാളായിരിക്കും. അതുകൊണ്ടുതന്നെ നബി(സ)തിരുമേനിയുടെ ഈ സന്ദേശത്തിന് ചെവികൊടുക്കേണ്ട ആവശ്യമുണ്ട്. അതിലേക്ക് ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്. ഈമാനെ കാർത്തിക നക്ഷത്രത്തിൽനിന്ന് കൊണ്ടുവന്ന ആളെ സഹായിക്കേണ്ട ആവശ്യമുണ്ട്.

ലോകത്ത് കുറെയധികം ഇസ്‌ലാമിക രാജ്യങ്ങളുണ്ടെന്ന് പറയുന്നു. അവിയടങ്ങളിലെല്ലാം ഇസ്‌ലാമിക ഭരണമാണെന്ന് പറയപ്പെടുന്നു. മുസ്‌ലിം രാഷ്ട്രങ്ങളെ സംഘടിപ്പിച്ചു നിറുത്തുന്നതിനുവേണ്ടി ഒരു സംഘടനയുമുണ്ട്. എന്നാൽ, ഈ സംഘടനയ്ക്ക് ഇസ്‌ലാമിക ലോകത്ത് എന്ത് സ്വാധീനമാണുള്ളത്? ഏതെങ്കിലും സ്വാധീനം കാണാൻ കഴിയുന്നുണ്ടോ? അമുസ്‌ലിം ലോകത്തിനുമേൽ ഈ സംഘടനയുടെ പ്രതാപം കാണുകയായിരുന്നു വേണ്ടത്. എന്നാൽ, എന്താണ് നടന്നു വരുന്നത്? ഇസ്‌ലാമിക രാഷ്ട്രങ്ങളിൽതന്നെ അവർ പറയുന്നത്

കേൾക്കാനാരുമില്ല.

ഇന്ന് വലിയ പെരുന്നാളാണ്. ബലിയുടെ പെരുന്നാളാണ്. ഇവിടെ ഇപ്പോൾ മുസ്‌ലീംകളെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നത് ഹദ്റത്ത് ഇബ്റാഹീം(അ)അല്ലാഹുവിന്റെ കല്പനയാൽ ഹദ്റത്ത് ഇസ്മായീലിനെ അറുക്കുന്നതിനും അദ്ദേഹത്തിന്റെ കഴുത്തിൽ കത്തി വെക്കുന്നതിനുംപകരം മൃഗത്തെ അറുത്തുകൊണ്ട് പണ്ടേ നടത്തി വന്നിരുന്ന മനുഷ്യബലി നിറുത്തൽ ചെയ്തു എന്നാണ്. എന്നാൽ, ഇന്ന് ഇസ്‌ലാമിക രാഷ്ട്രങ്ങളിൽ മനുഷ്യ ജീവന് മൃഗത്തിന്റെ വിലപോലും കല്പിക്കാതെ നിരപരാധികളായ കുട്ടികളേയും സ്ത്രീകളേയും ചാവേർ ആക്രമണത്തിലൂടെ ധൂളീകരിക്കുകയാണ് ചെയ്യുന്നത്. അവരുടെ ശരീരഭാഗങ്ങൾ തിരിച്ചറിയാൻ പറ്റാത്തവിധം ഛിന്നഭിന്നമായിപ്പോകുന്നു. ശരീരത്തിന്റെ ഭാഗം ഏതാണ്? എവിടെയാണ്? എന്നുപോലും അറിയാൻ കഴിയുന്നില്ല. വീട്ടിൽനിന്ന് ഒരു കുട്ടി ഇറങ്ങുമ്പോൾ അവൻ വൈകുന്നേരം മടങ്ങിവരുമോ എന്ന് മാതാപിതാക്കൾക്ക് ഉറപ്പില്ല. വരികയാണെങ്കിൽതന്നെ അവന്റെ മൃതശരീരം തിരിച്ചറിയാൻ പറ്റുമോ എന്നും അറിയില്ല.

പെരുന്നാൾ ദിവസവും ഈ അക്രമ പ്രവർത്തികൾ ചെയ്തുകൊണ്ടിരിക്കുന്നു. പെരുന്നാൾ ദിവസമായ ഇന്നലേയും അഫ്ഗാനിസ്ഥാനിൽ പൊട്ടിത്തെറിയുണ്ടായി. ഡസൻക്കണക്കിനാളുകൾ വധിക്കപ്പെട്ടു. സിറിയദേശത്ത് ഇപ്പോൾ അവസ്ഥ വളരെ മോശമാണ്. സർക്കാരും സർക്കാർവിരോധികളും നീതി പുലർത്തുന്നില്ല. അവരുടെ കൂടെ തീവ്രവാദ സംഘടനകൾ ചേർന്നിരിക്കുന്നുവെന്നാണ് പറയപ്പെടുന്നത്. നീതിയോ ബുദ്ധിയോ ആരും ഉപയോഗിക്കുന്നില്ല. ബുദ്ധിപൂർവം പ്രവർത്തിക്കുന്നില്ല എന്നത് അവിടെ നിൽക്കട്ടെ! നിഷ്കളങ്കരുടെ ജീവൻ അപഹരിക്കുന്ന കാര്യത്തിൽ ഇവർ മൃഗത്തെക്കാൾ തരംതാണിരിക്കുകയാണ്. ഏതെങ്കിലും ഒരു രാജ്യത്തെ അവസ്ഥയല്ല ഇത്. പ്രത്യുത എല്ലാ സ്ഥലങ്ങളിലും ഇതുതന്നെയാണ് അവസ്ഥ.

ഹദ്റത്ത് ഇബ്റാഹീമും(അ)ഹദ്റത്ത് ഇസ്മായീലും(അ) തൗഹീദ് സ്ഥാപിക്കുന്നതിനായി കഅ്ബാലയത്തിന്റെ അടിത്തറയിട്ടു. അതിനുശേഷം, ലോകത്തിന് തൗഹീദിന്റെ സന്ദേശം നല്കുന്നതും ഏകനായ അല്ലാഹുവിന്റെ മുമ്പിൽ ജനങ്ങളെ കുനിപ്പിക്കുന്നതുമായ ഒരു മഹാനായ പ്രവാചകനുവേണ്ടി ദുആചെയ്തു. എന്നാൽ, നിർഭാഗ്യവശാൽ മുസ്‌ലീംകളിൽ ഭൂരിഭാഗത്തിന്റേയും അവസ്ഥ ബാഹ്യത്തിൽ തൗഹീദ് പറയുന്നുണ്ടെങ്കിലും നൂറുക്കണക്കിന് ശിർക്കുകളിൽ അകപ്പെട്ടിരിക്കുകയാണ്. ഈ ശിർക്ക് ഇല്ലാതാക്കുന്നതിനുവണ്ടി നബി(സ)തിരുമേനിയും തൗഹീദ് സ്ഥാപിക്കാൻ മസീഹ് മഹ്ദി വരുമെന്ന് പ്രവചനം ചെയ്തിരുന്നു. അദ്ദേഹം ലോകത്ത് ഈമാൻ പുനഃസ്ഥാപിക്കുകയും ഹൃദയങ്ങളിലെ വിഗ്രഹങ്ങളെ ഉടച്ചുകൊണ്ട് തൗഹീദ് സ്ഥാപിക്കുകയും ചെയ്യും. ഈ ദൗത്യത്തിനുവേണ്ടിയാണ് നബി(സ)തിരുമേനി അവതരിച്ചത്. ആ മഹാത്മാവിന്റെ ഉദ്ദേശ്യവും ഇതുതന്നെയായിരുന്നു. വാഗ്ദത്ത മസീഹിന്റെ വരവിന്റെ ഉദ്ദേശ്യവും ഇതുതന്നെയാണ്. ഹദ്റത്ത് ഇബ്റാഹിം(അ)തൗഹീദിന്റെ സ്ഥാപനത്തിനും കഅ്ബാദേവാലയത്തിന്റെ ഉദ്ദേശ്യങ്ങൾ പൂർത്തിയാക്കുന്നതിനും ശാന്തിയും സമാധാനവും പ്രചരിപ്പിക്കുന്നതിനുംവേണ്ടി തന്റെ സന്തതികളിൽനിന്ന് ഒരു മഹാനായ പ്രവാചകനെ നിയോഗിക്കാൻ അല്ലാഹുവിനോട് ദുആ ചെയ്തിരുന്നു. അത് അല്ലാഹു സ്വീകരിച്ചു. ആ മഹാനായ നബി, ബിംബങ്ങളുടെ മുമ്പിൽ കുമ്പിട്ടിരുന്നവരെ ഏകനായ അല്ലാഹുവിന്റെ മുമ്പിൽ കുമ്പിടുന്നവരാക്കി. തലമുറ തലമുറയായി ശത്രുതയിൽ കഴിഞ്ഞു വന്നിരുന്നവരെ ശാന്തിയുടേയും സമാധാനത്തിന്റേയും അമ്പാസിഡർമാരാക്കി. ആ മഹാനായ പ്രവാചകനും തന്റെ മഹത്തായ ഉദ്ദേശ്യങ്ങളെ ഖിയാമത്തുനാൾവരെ നിലനിറുത്താൻ സത്യസന്ധനായ ഒരു ദാസനുവേണ്ടി ദുആ ചെയ്തിരുന്നു. അദ്ദേഹത്തെ നബി(സ)വളരെ സ്നേഹത്തോടെ ‘നമ്മുടെ മഹ്ദി’ എന്ന് പറഞ്ഞുകൊണ്ട് സംബോധന ചെയ്തു. അങ്ങനെ ആ സത്യസന്ധനായ ദാസൻ വന്നു. ഇസ്‌ലാമിന്റെ കളഞ്ഞുപോയ പ്രതാപം പുനഃസ്ഥാപിക്കുന്നതിനുവേണ്ടി അല്ലാഹു അദ്ദേഹത്തെ അയച്ചു. അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ ഇസ്‌ലാമിനോടു വേദനയുള്ള ആളുകൾ തകർന്ന വീടിനോടു ഉപമിച്ചിരുന്ന ആ മതത്തെ ആ മഹാത്മാവ് തനതായ അടിത്തറയിൽ പുനർനിർമിച്ചു. ആ

വലിയ പെരുന്നാൾ ബലിയുടെ പെരുന്നാളാണ്. ഇവിടെ ഇപ്പോൾ മുസ്‌ലീംകളെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നത് ഹദ്റത്ത് ഇബ്റാഹീം(അ)അല്ലാഹുവിന്റെ കല്പനയാൽ ഹദ്റത്ത് ഇസ്മായീലിനെ അറുക്കുന്നതിനും അദ്ദേഹത്തിന്റെ കഴുത്തിൽ കത്തി വെക്കുന്നതിനുംപകരം മൃഗത്തെ അറുത്തുകൊണ്ട് പണ്ടേ നടത്തി വന്നിരുന്ന മനുഷ്യബലിനിറുത്തൽ ചെയ്തു എന്നാണ്. എന്നാൽ, ഇന്ന് ഇസ്‌ലാമിക രാഷ്ട്രങ്ങളിൽ മനുഷ്യ ജീവന് മൃഗത്തിന്റെ വിലപോലും കല്പിക്കാതെ നിരപരാധികളായ കുട്ടികളേയും സ്ത്രീകളേയും ചാവേർ ആക്രമണത്തിലൂടെ ധൂളീകരിക്കുകയാണ് ചെയ്യുന്നത്.

മഹാത്മാവിനോടു അല്ലാഹു പറഞ്ഞു: 'ഇബ്റാഹീമേ! നിന്റെമേൽ സലാം. നാം നിന്നെ നിഷ്കളങ്കമായ സുഹൃത്ബന്ധത്തോടെ തിരഞ്ഞെടുത്തിരിക്കുന്നു. അല്ലാഹു നിന്റെ എല്ലാ ജോലിയും നന്നാക്കിത്തരുന്നതാണ്. നിന്റെ എല്ലാ ഉദ്ദേശ്യങ്ങളും നിനക്കു നല്കുന്നതാണ്. എന്റെ പക്കൽ നീ എന്റെ തൗഹീദും തഫ്രീദും പോലെയാണ്.'

ഇക്കാലഘട്ടത്തിൽ നബി (സ) തിരുമേനിയുടെ ഈ സത്യസന്ധനായ ദാസൻ തന്നെയാണ് ആ പദവി പ്രാപിച്ചത്; തൗഹീദിന്റെ സംസ്ഥാപനത്തിനായി കഅ്ബാദേവാലയത്തിന്റെ നിർമാണം കാരണത്താൽ ഇബ്റാഹീം നബി(അ)പ്രാപിച്ച അതേ സ്ഥാനം. തൗഹീദിന്റെ സംസ്ഥാപനത്തിനായി ആ മഹാത്മാവിനുണ്ടായിരുന്ന വേദനയും തൗഹീദിനുവേണ്ടിയുള്ള അദ്ദേഹത്തിന്റെ പ്രവർത്തനവും അല്ലാഹുവിന്റെ പക്കൽ എത്രമാത്രം സ്വീകാര്യമായിരുന്നു എന്നുവെച്ചാൽ, അല്ലാഹു അദ്ദേഹത്തെ ഇബ്റാഹീം എന്നു വിളിക്കുകയും അദ്ദേഹത്തിന്റെമേൽ സലാം ചൊല്ലുകയും ചെയ്തു. മറ്റൊരു ഇൽഹാമിൽ അല്ലാഹു പറഞ്ഞു: 'ദൗഹത്തു ഇസ്മാഈൽ.' അതായത് ഇസ്മാഈലിന്റെ വൃക്ഷം. വളരെ വലുതും പടർന്ന് പന്തലിക്കുന്നതുമായ വൃക്ഷത്തിനാണ് 'ദൗഹ' എന്നു പറയുന്നത്. അതുകൊണ്ട് അല്ലാഹു നട്ടിരിക്കുന്ന ഈ വൃക്ഷം ഹദ്റത്ത് ഇബ്റാഹീം(അ)ന്റെ ദുആയോടെയാണ് നട്ടത്. അത് മുഴുലോകത്തേയും തന്റെ തണലിൽകൊണ്ടുവന്ന് ശാന്തിയും സമാധാനവും നല്കണമായിരുന്നു. നല്കുകയും ചെയ്തു. അതായത് ആ മഹാനായ പ്രവാചകൻ നിയോഗിതനായി. അദ്ദേഹം അവസാനിച്ചു പോയിട്ടില്ല. അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച് അതേവൃക്ഷത്തിന്റെ വേരിൽനിന്നു, അതിന്റെ അസൽ അനുസരിച്ചുതന്നെ ശാന്തിയുടേയും സമാധാനത്തിന്റേയും തണൽ നല്കുന്ന വൃക്ഷം മുളപ്പിച്ചിരിക്കുന്നു. അത് തൗഹീദിന്റെ കനികൾ ലോകത്തിന് പരിചയപ്പെടുത്തുന്നതാണ്.

ഇപ്പോൾ മൗലവി എത്ര വേണമെങ്കിലും ബഹളം വെച്ചോട്ടെ! അഹ്മദിനെ മുഹമ്മദിൽനിന്ന് വേർപെടുത്താൻ എത്രവേണമെങ്കിലും ശ്രമിച്ചോട്ടെ! എതിരാളികൾ കഴിഞ്ഞ 125 വർഷം പരിശ്രമിച്ചിട്ടും കോലാഹലങ്ങളും ദുഷ്പേരുമല്ലാതെ എന്താണ് നേടിയത്. ഇവിടെയാണെങ്കിൽ നബി(സ)തിരുമേനിയുടെ സത്യസന്ധനായ ദാസൻ മുഖേന അല്ലാഹു നട്ട വൃക്ഷത്തിന്റെ ശാഖകൾ ലോകത്തിന്റെ മുക്കിലും മൂലയിലും വ്യാപിപ്പിച്ചുകൊണ്ടിരിക്കുന്നു. എതിർപിന്റെ ശക്തമായ പൊടിക്കാറ്റ് ആ വൃക്ഷത്തിന്റെ ഇലകളെ അല്പമൊന്ന് ഇളക്കുന്നുവെന്നല്ലാതെ നഷ്ടങ്ങളൊന്നും വരുത്തുന്നില്ല. ഇനിയും ഈ ഉലമാക്കളുടേയും അവരുടെ പിന്നാലെ നടക്കുന്നവരുടേയും കണ്ണുകൾ തുറയുകയില്ലേ?

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: 'അല്ലാഹു എല്ലാ രംഗത്തും നമുക്ക് വിജയം നല്കി. ശത്രുക്കൾ നിന്ദ്യരായി. അവർ കുഫ്ർ ഫത്വ പുറപ്പെടുവിച്ചു. വധക്കുറ്റത്തിന് കേസുകൊടുത്തു. നമ്മുടെ നാശത്തിനുള്ള ഒരു വഴിയും അവർ വിട്ടുകളഞ്ഞില്ല. എന്നാൽ, അല്ലാഹുവുമായിട്ട് ആർക്കെങ്കിലും യുദ്ധം ചെയ്യാൻ കഴിയുമോ? നമ്മുടെ അഭിവൃദ്ധിക്കുള്ള കാരണവും ചാലകശക്തിയും ഈ എതിരാളികൾ തന്നെയാണ്. അവർ മുഖേന അറിഞ്ഞു വന്നാണ് ധാരാളമാളുകൾ നമുക്ക് ബയ്അത്ത് ചെയ്തിട്ടുള്ളത്. (മൽഫൂസാത്ത് വാള്യം 2 പേജ് 501, 2003 പതിപ്പ് റബ്വ)

'ഞാൻ നിന്നോടൊപ്പമുണ്ട്, എന്റെ ദിവ്യമായ സൈന്യം നിന്നോടൊപ്പമുണ്ട് തുടങ്ങിയ സാന്ത്വനപ്പെടുത്തിയുള്ള വചനങ്ങൾ അല്ലാഹുവിൽനിന്ന് കേൾക്കാത്ത രാത്രികൾ വളരെക്കുറച്ചേ കഴിഞ്ഞുപോകുന്നുള്ളു. എന്തായാലും പരിശുദ്ധാത്മാക്കൾ മരണശേഷം അല്ലാഹുവിനെ കാണുന്നതാണ്. എന്നാൽ, ഞാൻ അവന്റെ മുഖകമലത്തെക്കൊണ്ട് സത്യംചെയ്തു പറയുന്നു, ഞാൻ ഇപ്പോഴും അവനെ കണ്ടുകൊണ്ടിരിക്കുന്നു. ലോകം എന്നെ തിരിച്ചറിയുന്നില്ല. എന്നാൽ, എന്നെ അയച്ചവൻ എന്നെ അറിയുന്നു. എന്റെ നാശം ആഗ്രഹിക്കുന്നത് ഇക്കൂട്ടരുടെ തെറ്റും നിർഭാഗ്യതയുമാണ്. യഥാർഥ ഉടമസ്ഥൻ തന്റെ കൈയാൽ നട്ട ആ വൃക്ഷമാകുന്നു ഞാൻ.'

അതുകൊണ്ട് അല്ലാഹു നട്ട ചെടിക്ക് നഷ്ടമുണ്ടാക്കാൻ ആർക്കും സാധിക്കുകയില്ലെന്നതിൽ സംശയമൊന്നുമില്ല. കാരണം അല്ലാഹു നബി(സ)തിരുമേനിയോടു ചെയ്ത വാഗ്ദാനമനുസരിച്ച് ഈ സത്യസന്ധനായ പ്രേമി മുഖേന അല്ലാഹുവിന്റെ തൗഹീദിന്റേയും ഇസ്ലാമിന്റെ യഥാർഥ അധ്യാപനത്തിന്റേയും സംസ്ഥാപനം ഉണ്ടാകണമായിരുന്നു. പക്ഷേ, ഓരോ ബലിപെരുന്നാളും നമ്മളേയും ഈ വൃക്ഷത്തെ നനക്കുന്നതിനുവേണ്ടി എപ്പോഴും തയ്യാറാക്കി നിറുത്തിയാൽ മാത്രംപോര പ്രത്യുത നമ്മുടെ ജീവൻ, മുതൽ, സമയം, അന്തസ്സ് എപ്പോഴാണോ അതിന് ആവശ്യം വരുന്നത് അപ്പോൾ സമർപിക്കാൻ സന്നദ്ധരാക്കുന്നതുമായിരിക്കണം.

ഇവിടെ ഇക്കാര്യംകൂടി പറയാനാഗ്രഹിക്കുകയാണ്. ജമാഅത്തിനുവേണ്ടി ത്യാഗം ചെയ്യുന്നതിനോടൊപ്പം ഓരോ ജമാഅത്തംഗത്തിനുംവേണ്ടി ജമാഅത്ത് എന്ന നിലയിൽ നാം മൊത്തമായിട്ട് ത്യാഗം ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. ഇതോടൊപ്പം പരസ്പരമുള്ള ത്യാഗത്തിന്റെ പ്രകടനവും ഉണ്ടാവേണ്ടതാണ്. ഓരോ വ്യക്തിക്കും മറ്റുള്ള ഓരോ വ്യക്തിക്കുംവേണ്ടി ത്യാഗം ചെയ്യാൻ മനസ്സുണ്ടാവേണ്ടതാണ്. ഈ ആത്മാവും നമ്മുടെ ജമാഅത്തിൽ അഭിവൃദ്ധിപ്പെടുകയാണെങ്കിൽ ജമാഅത്തിലെ ഒരുപാട് പ്രശ്നങ്ങളും സ്വയമേവ പരിഹരിക്കപ്പെടുന്നതായിരിക്കും. അല്ലാഹു അതിനു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. ●

(പരിഭാഷ: *ടി. മുനവ്വർ അഹ്മദ്*)

# പ്ലേഗ് : ഒരു സത്യദൃഷ്ടാന്തം

ഒരുനൂറ്റാണ്ടു മുമ്പ് പഞ്ചാബിൽ പടർന്നു പിടിച്ച പ്ലേഗ് എന്ന മഹാമാരി വിശുദ്ധ ഖുർആന്റെ ഒരു പ്രവചന സാക്ഷാത്ക്കാരവും വാഗ്ദത്ത മസീഹിനുള്ള ദിവ്യദൃഷ്ടാന്തവുമായിരുന്നു.

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

നാം ഇന്ന് അറിയുന്ന ലോകം ഒരു നൂറു വർഷം മുമ്പേയുള്ള ലോകത്തെക്കാൾ വളരെ മാറിയിരിക്കുന്നു. അക്കാലത്ത് ആകാശ സഞ്ചാരത്തിന്റെ കാലം ഉദയം ചെയ്തിട്ടില്ലായിരുന്നു. റൈറ്റ് സഹോദരൻമാരുടെ കന്നിപ്പറക്കൽ സ്വപ്നം സാക്ഷാത്ക്കരിക്കാൻ വർഷങ്ങൾ അവശേഷിക്കുന്നുണ്ടായിരുന്നു. പർവതംപോലെ കടലിൽ സഞ്ചരിക്കുന്ന പടുകൂറ്റൻ കപ്പലുകളുടെ നിർമാണം അപ്പോഴും സംഭവിച്ചിട്ടില്ലായിരുന്നു. അതുപോലെ മുങ്ങിക്കപ്പലുകളുടെ കാലഘട്ടവും ആവിർഭവിച്ചിരുന്നില്ല. എന്നിരുന്നാലും അന്തരീക്ഷത്തിൽ പുതിയ പ്രഭാതത്തിന്റെ ചലനങ്ങൾ നിലനിന്നിരുന്നു. ശാസ്ത്രീയ കണ്ടുപിടിത്തങ്ങളുടെ അമ്പരപ്പിക്കുന്ന ആ നൂതനദിനം പൊട്ടിവിടരുകയായിരുന്നു.

മത ലോകത്തെ വായുമണ്ഡലത്തിനും മാറ്റത്തിനും വേണ്ടിയുള്ള തുടിപ്പുകൾ അനുഭവപ്പെട്ടു. എല്ലാ മതങ്ങളിലും ആഗോള മാനങ്ങളുള്ള ഒരു പരിഷ്ക്കർത്താവിന്റെ ആസന്നമായ ആവിർഭാവത്തെപറ്റി ചർച്ചകൾ നടക്കുകയായിരുന്നു. വരാനിരിക്കുന്ന ആഗോള പരിഷ്ക്കർത്താവ് ആരായിരിക്കുമെന്നും എവിടെയായിരിക്കും അദ്ദേഹം വരിക എന്നുമുള്ള സജീവ ചർച്ച നിറഞ്ഞു നിന്നു. അതു സംബന്ധിച്ച് വാദമുഖങ്ങൾ കൊണ്ടും പ്രതിവാദങ്ങൾ കൊണ്ടും അക്കാലത്തെ അന്തരീക്ഷം നിറഞ്ഞു നിന്നു. പക്ഷേ, ഇന്ത്യൻ ഉപഭൂഖണ്ഡത്തിലുള്ളയത്ര തീവ്രമായി അത്തരം സംവാദങ്ങൾ മറ്റെവിടെയും ഉണ്ടായിരുന്നില്ല.

ക്രിസ്ത്യാനികളും മുസ്‌ലിംകളും, അവർക്കിടയിലാണ് മസീഹ് വരുക എന്ന പ്രതീക്ഷയിൽ കാത്തിരുന്നു. ഭഗവാൻ കൃഷ്ണന്റെ വെളിപ്പെടലിനായി ഹിന്ദുക്കളും അക്കാലത്ത് ഉത്സാഹമൊട്ടും കുറയാതെ കാത്തിരുന്നു. അതുപോലെ ബുദ്ധന്റെ രണ്ടാം വരവ് പ്രതീക്ഷിച്ച് മറ്റാരേക്കാളും പിന്നിലാകാതെ ബുദ്ധമതസ്ഥരും കാത്തിരുന്നു.

ഇങ്ങനെ ബഹുമതങ്ങളുടെ സംഘർഷ നിർഭരമായ അന്തരീക്ഷത്തിൽ മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ) എന്ന എളിമത്വമാർന്ന ഒരു വ്യക്തിയുടെ ശബ്ദം ഉച്ചത്തിലും വ്യക്തമായും ഉയർന്നു കേട്ടു. മറ്റെല്ലാ മതവിശ്വാസങ്ങളുടേയും മേൽ ഇസ്‌ലാമിന്റെ ഔന്നത്യം പ്രഖ്യാപിച്ച ഇസ്‌ലാമിന്റെ അസാധാരണനായ ഒരു വക്താവായിക്കൊണ്ടുള്ള അദ്ദേഹത്തിന്റെ രംഗ പ്രവേശം അക്കാലത്തെ മതാന്തരീക്ഷത്തിന് ആലക്തികമായ ഒരു ചൈതന്യം പകർന്നു. ഇസ്‌ലാമിന്റെ പക്ഷത്ത് നിന്നു കൊണ്ട് അദ്ദേഹം നാനാ ദിശയിലേക്കും വെല്ലുവിളികളുന്നയിച്ചു. മതപ്രമാണങ്ങളുടേയും യുക്തിപരമായ തെളിവുകളുടേയും അധിഷ്ഠാനത്തിൽ നിന്നുകൊണ്ട് അദ്ദേഹം ഉയർത്തിയ വാദമുഖങ്ങൾ അതിശക്തങ്ങളായിരുന്നു. മറ്റു മതങ്ങളുടെ ജേതാക്കൾ അദ്ദേഹത്തെ ശ്രദ്ധിക്കാൻ നിർബന്ധിതരായി. ഇസ്‌ലാംമതത്തിന്റെ പ്രതിരോധത്തിനായി പുതിയൊരു പോരാളി ഉദയം ചെയ്തു എന്ന് ഉച്ചത്തിൽ ഉദ്ഘോഷിക്കപ്പെട്ടു. കൈയടിച്ചും ആരവമുയർത്തിയും അദ്ദേഹത്തെ സ്വാഗതം ചെയ്തു.

ഉപഭൂഖണ്ഡത്തിലെ മുസ്‌ലിം ജനസാമാന്യം ആഹ്ളാദത്തിലും പ്രതീക്ഷയിലും ആവേശഭരിതരായി. മതമാത്സര്യങ്ങളുടെ തീക്ഷ്ണമായ ഈ രംഗഭൂമിയിലേക്ക് ഈ വീര പോരാളിയുടെ രംഗപ്രവേശംവരെ ആശയ സമരത്തിലേർപ്പെട്ട മതങ്ങളിൽ വെച്ച് ഇസ്‌ലാം മാത്രമായിരുന്നു പ്രതിരോധശേഷി ഏറ്റവും കുറഞ്ഞ മതം. *ബറാഹീനെ അഹ്മദിയ്യാ* എന്ന അദ്ദേഹമെഴുതിയ ഉജ്ജ്വല പ്രബന്ധത്തിന്റെ ആദ്യത്തെ ഏതാനും വാല്യങ്ങൾ പ്രസിദ്ധീകൃതമായതോടെ ഇന്ത്യൻ

മുസ്‌ലിംകൾക്കിടയിൽ അദ്ദേഹത്തിന്റെ ഖ്യാതി കൊള്ളിമീൻ പോലെ ഉയർന്നു പൊങ്ങി. അക്കാലത്തെ പ്രഗല്ഭമതികളായ മുസ്‌ലിം പണ്ഡിതൻമാർ അദ്ദേഹത്തിനു മേൽ മുക്തകണ്ഠം സ്തുതികളർപ്പിച്ചു. മുസ്‌ലിംകൾ നടത്തിയ പത്രമാസികകളിലെ മൂല ലേഖനങ്ങളിൽ അദ്ദേഹത്തിന് നേരെയുള്ള സ്തുതികൾ നിറഞ്ഞു. പക്ഷേ, അതൊന്നും തന്നെ ഏറെനാൾ നീണ്ടു നിന്നില്ല.

സാഹചര്യത്തിന്റെ മാറ്റം നാടകീയമായിരുന്നു. ഒരു ദിവസം ദൈവത്തിൽ നിന്ന് തനിക്ക് മർയമിന്റെ മകൻ ഈസ (അ) മരിച്ചുപോയി എന്ന് വെളിപാടിറങ്ങിയതായി അദ്ദേഹം പ്രഖ്യാപിച്ചു. യേശു കുരിശിൽ നിന്ന് രക്ഷപ്പെട്ട് ധാരാളം വർഷം ജീവിച്ചതിന്ശേഷം മറ്റെല്ലാ പ്രവാചകൻമാരേയും പോലെ മരണമടയുകയാണുണ്ടായത്. അദ്ദേഹത്തിന്റെ നാമത്തിലും ചൈതന്യത്തിലും ശൈലിയിലും അവസാനകാലത്ത് അയക്കപ്പെട്ട മസീഹായിരുന്നു മിർസാഗുലാം അഹ്മദ്(അ). യേശുവിന്റെ രണ്ടാംവരവ് മിർസാ ഗുലാം അഹ്മദി(അ)ന്റെ ആഗമനത്തോടെ പൂർണമാവുകയും ചെയ്തു. മസീഹാണെന്ന് വാദിക്കുന്നതിന്മുമ്പേ അദ്ദേഹത്തിന്റെ ഖ്യാതി ആകാശത്തോളം ഉയരത്തിൽ എത്തിയെന്നു പറഞ്ഞാൽ മതിയല്ലോ. അദ്ദേഹത്തിന്റെ മസീഹാണെന്ന വാദത്തിന് ആദ്യം നൽകിയ വില ഒറ്റ രാത്രി കൊണ്ട് ആ പ്രസിദ്ധി കുപ്രസിദ്ധിയായിമാറി എന്നതാണ്. ഇസ്‌ലാം മതത്തിന്റെ അനുയായികളായി ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ഉണ്ടായിരുന്ന ജനങ്ങളിൽ ഒരറ്റം മുതൽ മറ്റേ അറ്റംവരെ അദ്ദേഹത്തിന്റെ നാമം അപ്പോഴേക്കും അറിയുമാറായി. പക്ഷേ, ആ അറിവിലെ പ്രതീക്ഷയും ബഹുമതിയും കീർത്തിയും അധികനാൾ നിലനിന്നില്ല എന്നുമാത്രം. ഇസ്‌ലാമിന്റെ ശത്രുക്കളെ വേട്ടയാടിക്കൊണ്ടിരുന്നത് ഏതൊരു വ്യക്തിയാണോ ആ വ്യക്തി എല്ലാ മുസ്‌ലിംകളാലും ഏറ്റവും വേട്ടയാടപ്പെടുന്ന വ്യക്തിയായി മാറി. ആ മുസ്‌ലിംകൾക്ക് വേണ്ടി തന്നെയായിരുന്നു അദ്ദേഹം പോരാടിയിരുന്നത്. അദ്ദേഹത്തിന്റെ മിത്രങ്ങളെല്ലാം ശത്രുക്കളായി മാറി. അദ്ദേഹത്തിൽ പ്രശംസ ചൊരിഞ്ഞവരെല്ലാം അദ്ദേഹത്തിന്റെ മരണം ആഗ്രഹിച്ചു. യേശുവി(അ)ന്റെ മരണവും മുസ്‌ലിംകൾക്കിടയിലെ അദ്ദേഹത്തിന്റെ ആത്മീയ പുനർജനനവും അംഗീകരിക്കുന്നതിനേക്കാൾ കൂടുതൽ മിർസാ ഗുലാം അഹ്മദി (അ)ന്റെ മരണമായിരുന്നു അവർ ആഗ്രഹിച്ചത്. അതിനു മുമ്പേയൊരിക്കലും ഇന്ത്യാ ഉപഭൂഖണ്ഡം സാക്ഷ്യം വഹിച്ചിട്ടില്ലാത്ത രീതിയിൽ അദ്ദേഹം അപമാനിതനും നിന്ദിതനും വെറുക്കപ്പെട്ടവനും എതിർക്കപ്പെട്ടവനുമായി മാറി. ഇസ്‌ലാമിക ലോകത്താൽ അദ്ദേഹം വഞ്ചിക്കപ്പെടുകയും പ്രത്യക്ഷമായ രീതിയിൽ മറ്റുമതങ്ങളിൽനിന്ന് ശത്രുത നേരിടുകയുംചെയ്ത സന്ദർഭത്തിലാണ് ദൈവം ഒരിക്കലും അദ്ദേഹത്തെ ഉപേക്ഷിക്കുകയില്ലെന്ന സാന്ത്വനം ലഭിച്ചത്.

അദ്ദേഹത്തിന് നിരവധി പ്രവചനാത്മകമായ താക്കീതുകൾ ലഭിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിനെതിരെ കഠിനമായ ശത്രുത്വ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയവരെ സംബന്ധിച്ച ദൈവികമായ താക്കീതുകളായിരുന്നു അത്. കൂടുതൽ വിപുലമായ തോതിൽ ദൈവിക ശിക്ഷയെക്കുറിച്ചുള്ള മുന്നറിയിപ്പുകൾ അദ്ദേഹത്തിന് നൽകപ്പെട്ടു കൊണ്ടിരുന്നു. കാരണം വലിയ തോതിൽ ജനങ്ങൾക്ക് അതിൽനിന്ന് പാഠം പഠിക്കാൻ കഴിയുമായിരുന്നു. പക്ഷേ, അവർ അതിനെപറ്റി ചിന്തിച്ചില്ല. അദ്ദേഹം വ്യാജനാക്കപ്പെടുകയാണുണ്ടായത്. എന്നാൽ, ദൈവിക ശിക്ഷയെക്കുറിച്ചുള്ള ഈ മുന്നറിയിപ്പ് വ്യാജമാക്കപ്പെടാൻ കഴിയുമായിരുന്നില്ല.

അത്തരത്തിലുള്ള ഒരു താക്കീതിൽ പഞ്ചാബിലുടനീളം മാരകമായ രീതിയിൽ നാശം വിതക്കുന്ന ഒരു പ്ലേഗിനെക്കുറിച്ചുള്ള മുന്നറിയിപ്പുണ്ടായിരുന്നു. പഞ്ചാബ് അദ്ദേഹം ജനിച്ച ഇന്ത്യയിലെ ഒരു സംസ്ഥാനമായിരുന്നു. ലോകത്തിനു നൽകിയ അത്യുഗ്രമായ ആ താക്കീത് താഴെ പറയുന്ന വചനങ്ങളിലാണ് അദ്ദേഹത്തിന് ദൈവത്തിൽ നിന്ന് ലഭിച്ചത്.

> ***ലോകത്ത് ഒരു താക്കീതുകാരൻവന്നു. പക്ഷേ ലോകം അദ്ദേഹത്തെ സ്വീകരിച്ചില്ല. എന്നാൽ ദൈവം തന്റെ ഇഷ്ടം അദ്ദേഹത്തിൽ പ്രകടിപ്പിക്കുകയും ശക്തിമത്തായ ആക്രമണങ്ങളാൽ അദ്ദേഹത്തിന്റെ സത്യം സ്ഥാപിക്കുകയും ചെയ്യും. 1***

അദ്ദേഹം പ്രവചനംചെയ്ത നിരവധി ശിക്ഷകളുടെ അടയാളങ്ങളിൽ ഒന്നുമാത്രമായിരുന്നു പ്ലേഗ്. പക്ഷേ, അത് അസാധാരണ പ്രാധാന്യമുള്ള ഒരു മഹത്തായ ദൃഷ്ടാന്തമായതുകൊണ്ടാണ് നാമത് പ്രത്യേകമായി തിരഞ്ഞെടുത്തത്. അത് മസീഹിന്റെ സത്യത്തിലേക്കുള്ള ഒരു അടയാളം മാത്രമായിരുന്നില്ല. അത് ഖുർആന്റെ സത്യതക്കുള്ള അടയാളവും ഖുർആൻ അവതരിപ്പിക്കപ്പെട്ട മഹാത്മാവിന്റെ (സ) സത്യത്തിലേക്കുള്ള ഒരു അടയാളവുമാകുന്നു. മാത്രമല്ല അജ്ഞാത മേഖലയിൽ നിന്ന് ജ്ഞാനം ജ്ഞാത മേഖലയിലേക്ക് വിനിമയം ചെയ്യപ്പെടുന്ന ഏറ്റവും വിശ്വസനീയമായ ഉപാധിയാണ് വെളിപാടുകൾ എന്ന വാദം വ്യക്തമായി സ്ഥാപിക്കപ്പെടുകയും ചെയ്യുന്നു. വാഗ്ദത്ത മസീഹ് (അ) നുണ്ടായ പ്ലേഗിനെ സംബന്ധിച്ച വെളിപാടുകൾ വാസ്തവത്തിൽ അദ്ദേഹത്തിന്റെ കാലഘട്ടത്തിലുള്ള വിശുദ്ധ ഖുർആന്റെ ഒരു പുനഃപ്രഖ്യാപനമാണ്. കാരണം അദ്ദേഹത്തിന്റെ കാലഘട്ടത്തിലായിരുന്നു അത് സാക്ഷാത്ക്കരിക്കാൻ വിധിക്കപ്പെട്ടിരിക്കുന്നത്.

> ***അവർക്കെതിരെയുള്ള വചനം പൂർത്തിയായി കഴിഞ്ഞാൽ ഒരു കീട***

***ത്തെ (ദാബഃ) ഭൂമിയിൽ നിന്ന് നാം അവർക്ക് വേണ്ടി കൊണ്ടുവരും. അത് അവരെ മുറിവേൽപ്പിക്കും (തുകല്ലിമൂഹും). ജനങ്ങൾ നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കാത്ത കാരണത്താലാണിത്. (വി. ഖുർആൻ 27: 83) 2***

ഖുർആൻ ഉപയോഗിച്ച *ദാബഃ* എന്ന പദം മറ്റൊരു ഖുർആനിക വചനവുമായി ബന്ധപ്പെട്ട് ചർച്ചയിൽ നിർവചിക്കുകയുണ്ടായിട്ടുണ്ട്. ഭൂമിയുടെ ഉപരിതലത്തിൽ ചലിക്കുന്ന എല്ലാ ജീവികൾക്കും അത് ഏറ്റവും സൂക്ഷ്മമായതാകട്ടെ ഏറ്റവും വലുതാകട്ടെ എല്ലാ ജീവികൾക്കും ബാധകമായ ഒരു പദമാണ് *ദാബഃ*

ഈ കാലഘട്ടത്തിലെ ജനങ്ങൾക്ക് ശക്തമായ ഒരു സന്ദേശം നൽകുന്ന ഈ പ്രവചനത്തിന്റെ പ്രസക്തി മനസ്സിലാക്കുക എന്നത് വളരെ പ്രധാനപ്പെട്ട ഒന്നാണ്. പുരാതന കാലത്തെ നിരവധി മുസ്‌ലിം പണ്ഡിതൻമാരും ഖുർആൻ ഭാഷ്യകാരൻമാരും ഈ പ്രവചനം ഇമാം മഹ്ദിയുടേയും മസീഹിന്റേയും കാലവുമായി ബന്ധപ്പെട്ട ഒരു പ്രവചനമാണെന്ന് പറഞ്ഞിട്ടുണ്ട്. അവർക്ക് ഈ പ്രവചനത്തിലെ സന്ദേശത്തിന്റെ ആഴം പൂർണമായും അളന്നു തിട്ടപ്പെടുത്താൻ കഴിഞ്ഞിരുന്നില്ല. എങ്കിലും അത്ഭുതകരമാംവിധം അതിനോടടുത്തെത്തിയിരുന്നു. അല്ലാമാ- ഇസ്മായിൽ ഹഖ്വി അൽ-ബുറൂസി (ഹി:1137) മേൽ പ്രസ്താവിച്ച വചനത്തെ വ്യാഖ്യാനിച്ചുകൊണ്ട്, *'റൂഹുൽ ബയാനി'ൽ* എഴുതിയത് മഹ്ദി വരുകയും മസീഹിനാൽ പിന്തുടരപ്പെട്ടുകൊണ്ട് ദജ്ജാൽ(അന്തിക്രിസ്തു)ആവിർഭവിക്കുകയും ചെയ്യുമെന്നാണ്. ഈ സമയത്താണ് *ദാബഃ* പൊട്ടിപുറപ്പെടുക. അതിന് ശേഷമാണ് സൂര്യൻ പടിഞ്ഞാറ് നിന്ന് ഉദിക്കുക.

ശിയാ പണ്ഡിതനായിരുന്ന മുല്ലാ ഫതഹുല്ലാഹ് കസാനി (ഹി:988) അദ്ദേഹത്തിന്റെ *മിൻഹാജുസ്സാദിഖീൻ* നിൽ ഈ വചനത്തിന് താഴെകാണുന്ന പ്രകാരം വ്യാഖ്യാനമെഴുതുകയുണ്ടായി.

നമ്മുടെ ചില സുഹൃത്തുക്കളുടെ അഭിപ്രായപ്രകാരം ഈ വചനം (*ദാബഃ* പൊട്ടിപുറപ്പെടുന്നത് സംബന്ധിച്ച വചനം) മുസ്‌ലിംകൾക്കിടയിലേക്ക് (മുസ്‌ലിം ഉമ്മത്ത്) ദൈവികമായ അധികാരത്തോടെ വരുന്ന ഇമാം മഹ്ദിയുടെ കാലത്തെ, അടയാളത്തെ സംബന്ധിച്ചുള്ളതാണ്.

പ്രസ്തുത ഖുർആൻ വചനത്തെ ഹദീസ് പഠനത്തിലൂടെ വ്യാഖ്യാനിച്ചു കൊണ്ട് വ്യാഖ്യാതാക്കൾക്ക് ഇത്രമാത്രമേ പോവാൻ കഴിയുമായിരുന്നുള്ളൂ. അവർ ദാബയുടെ പ്രകൃതിയെ പറ്റി യാതൊന്നും പറഞ്ഞില്ല. ഈ പ്രവചനത്തിന്റെ കൂടുതൽ വിശദീകരണത്തിനും അതിന്റെ ശരിയായ വിവക്ഷ മനസ്സിലാക്കി കൊടുക്കുന്നതിനും, അതെല്ലാം അവസാന കാലത്തെ പരിഷ്ക്കർത്താവായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ)യിൽ എത്തിച്ചേരുകയായിരുന്നു. ദൈവത്തിൽ നിന്നുണ്ടാവുന്ന വെളിപാടുകളുടേയും ദർശനങ്ങളുടേയും അടിസ്ഥാനത്തിലാണ് അദ്ദേഹം അത് വിശദീകരിച്ചത്.

1898 ഫെബ്രുവരിയിൽ ഹദ്റത്ത് അഹ്മദ്(അ)ന് ആസന്നമായ ഒരു പ്ലേഗിനെക്കുറിച്ചുള്ള വെളിപാടുണ്ടായി. ഉടൻ തന്നെ അദ്ദേഹമത് പത്രങ്ങളിലൂടെയും ലഘുലേഖ വഴിയും ലോകത്ത് പ്രസിദ്ധീകരിക്കുകയുണ്ടായി. അദ്ദേഹം മുന്നറിയിപ്പ് നൽകിയ പ്ലേഗ് എന്നത് അദ്ദാബഃ യുടെ പ്രത്യക്ഷപ്പെടലിനെ സൂചിപ്പിക്കുന്ന വചനങ്ങളിൽ അടങ്ങിയിരിക്കുന്ന അതേ വിപത്ത് തന്നെയാണെന്ന് അദ്ദേഹം വിശദീകരിച്ചു.

വീണ്ടും അദ്ദേഹം അതിനെ പറ്റി നിരീക്ഷിക്കുന്നത് ഇങ്ങനെയാണ്. ഈ വചനത്തിലെ തുകല്ലിമു എന്ന വചനത്തിലെ പദത്തിന് രണ്ട് അടിസ്ഥാന അർഥങ്ങളുണ്ട്. അതിലൊന്ന് മുറിപ്പെടുത്തുക എന്നാണ്. മറ്റൊന്ന് സംസാരിക്കുക എന്നും. ദൈവത്തിന്റെ അടയാളങ്ങളെ നിഷേധിച്ച കാരണത്താൽ ജനങ്ങളെ ദംശിക്കുന്ന ഒരുതരം ജീവിയെ കുറിച്ചാണ് ഈ വചനത്തിലെ പരാമർശമെന്നത് വളരെ വ്യക്തമാണ്. ഇത് കൂടാതെ ദാബ എന്നതിന്റെ ബദൽ അർഥം, ജനങ്ങളോട് സംസാരിക്കുക എന്നതാണ്. ഇതിലൂടെ അദ്ദേഹം സൂചിപ്പിച്ച അർഥം ഈ ശിക്ഷാനടപടികൾ അവരുടെ നിഷേധത്തിന്റെ ഫലമായി സംഭവിക്കും എന്നാണ്. അതുപോലെ നന്മയും തിന്മയും തിരിച്ചറിഞ്ഞു കൊണ്ട് ദംശിക്കുന്നത് പോലെ അദ്ദേഹം സംസാരിക്കുമെന്നാണ്.

ഈ പ്രാഥമികമായ താക്കീതിന് ശേഷം ആസന്നമായ പ്ലേഗിനെ കുറിച്ചും അതെങ്ങനെയാണ് ബാധിക്കുക എന്നതിനെകുറിച്ചും കൂടുതൽ വിശദീകരിക്കുകയുണ്ടായി. ഈ പ്ലേഗ് പഞ്ചാബിലുടനീളം സംഹാരതാണ്ഡവമാടുമെന്നും ഗ്രാമഗ്രാമാന്തരങ്ങൾ ജനശൂന്യമായിപ്പോവുമെന്നും വാഗ്ദത്ത മസീഹിന് അസന്ദിഗ്ദ്ധമാം വിധം അറിവ് ലഭിക്കുകയുണ്ടായി.എല്ലാ വാതിലുകളിലും മരണം വന്ന് മുട്ടി. പട്ടണത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ അത് ഭീതി വിതറുകയും ചെയ്തു. വാഗ്ദത്ത മസീഹ്(അ) താമസിച്ചിരുന്ന ഖാദിയാൻ പട്ടണവും അതിൽനിന്ന് മുക്തമായില്ല. തന്റെ സത്യം ദൃഢീകരിക്കാൻ പ്ലേഗ് ഖാദിയാനിൽ ഒരടയാളംകൂടി പ്രദർശിപ്പിക്കുമെന്നു അദ്ദേഹം പ്രഖ്യാപിച്ചു. വാഗ്ദത്ത മസീഹി(അ)ന്റെ വസതിക്കു ചുറ്റും പ്ലേഗ് ചുടല നൃത്തം ചവിട്ടും. പക്ഷേ, വസതിയുടെ നാല് ചുമരുകൾക്കുള്ളിൽ ചുവടുവെക്കാൻ അനുവദിക്കപ്പെടില്ല എന്നും അദ്ദേഹം പ്രഖ്യാപിച്ചു.

*ഈ ഗൃഹത്തിൽ പാർക്കുന്നവരെ ഞാൻ (അല്ലാഹു) സംരക്ഷിക്കും.4*

അദ്ദേഹത്തിന്റെ അഭയ സങ്കേത

ത്തിൽ രക്ഷതേടുന്നവരോടും അവിടെ ജാഗരൂകരായി ഇരിക്കുന്ന വരോടും അദ്ദേഹം വ്യക്തമാക്കി യത്, ഈ സുരക്ഷാ വാഗ്ദാനം അദ്ദേഹത്തിന്റെ വസതിയിൽ ഭൗതി കമായി അഭയം തേടുന്നവർക്ക് മാത്രമല്ല അദ്ദേഹത്തിന്റെ ആത്മീയ ഗൃഹമായ അഹ്മദിയ്യാ മുസ്‌ലിം സമൂഹത്തിൽ അംഗങ്ങളായി ചേരു ന്നവരും ഈ സുരക്ഷാപരിധിയിൽ വരുമെന്നാണ്. അദ്ദേഹത്തെ നിഷേ ധിച്ചവർക്ക് വ്യക്തമായ താക്കീതും അദ്ദേഹത്തിൽ വിശ്വസിച്ചവർക്ക് അത്ഭുതകരമായ സുരക്ഷയും അദ്ദേഹം നൽകുകയുണ്ടായി.

അഹ്മദികൾ ഈ രോഗത്തിൽ നിന്ന് അത്ഭുതകരമായി രക്ഷിക്കപ്പെ ടുമെന്ന് അദ്ദേഹം പറഞ്ഞതിനോ ടൊപ്പം ചില പ്രത്യേക സാഹചര്യ ത്തിൽ പേരിനുമാത്രം അഹ്മദിക ളായവർക്ക് രോഗം പിടിപെടാം എന്നും അദ്ദേഹം വ്യക്തമാക്കി. എങ്കിലും ഈ സുരക്ഷ ആകസ്മി കമായി സംഭവിച്ചതല്ല എന്ന് യാതൊരു സംശയത്തിനും ഇടയി ല്ലാത്തവിധം ഒരു നിരീക്ഷകന് ബോധ്യപ്പെടുമാറ് അസാമാന്യമായ അനുപാതത്തിൽ പ്ലേഗിൽ നിന്ന് അഹ്മദികൾ രക്ഷിക്കപ്പെടുമെന്നും കൂട്ടിച്ചേർത്തു.

പഞ്ചാബിലെ പ്ലേഗിന്റെ കഥ തീർച്ചയായും അമ്പരിപ്പിക്കുന്ന കഥ യാണ്. അക്ഷരത്തിലും അർഥ ത്തിലും അത് വാഗ്ദത്ത മസീഹി (അ)ന്റെ സത്യത്തിന് സാക്ഷ്യമാണ്. എങ്ങനെയാണ് ഒരു മനുഷ്യന് തന്റെ സത്യത്തിനുള്ള അടയാള മെന്ന നിലക്ക് ഒരു ജലദോഷത്തിൽ നിന്ന്പോലും രക്ഷ ലഭിക്കുമെന്ന് വാദിക്കാൻ കഴിയുക? അപ്പോൾ പിന്നെ പ്ലേഗിന്റെ കാര്യത്തിൽ സംസാരിക്കുമ്പോൾ അത് തന്റെ അനുയായികളോട് മാത്രം വ്യക്ത മായ വിവേചനം കാണിക്കുമെന്ന അവകാശവാദം ഒരു സാധാരണ മനുഷ്യൻ ഉന്നയിക്കുമ്പോൾ അത് തീർച്ചയായും ദൈവം സ്വയംതന്നെ അയാൾക്ക് അറിയിച്ചുകൊടുത്താല ല്ലാതെ പറയാൻ സാധ്യമല്ല. ദൈവം നിയോഗിച്ച കാലത്തിന്റെ ഇമാമിന്റെ ആജ്ഞക്ക് കീഴിൽ സർവവും ആത്മാർഥമായി സമർപ്പിക്കുന്നവർ പ്ലേഗിന്റെ നാശത്തിൽ നിന്ന് രക്ഷി ക്കപ്പെട്ടുവെന്നത് തീർച്ചയായും അസാധാരണമാംവിധം ഉന്നതമായ അവകാശവാദമാണ്.

അവസാനം നിർണിതമായ നാഴികമണി മുഴങ്ങിയപ്പോൾ വാഗ്ദത്ത മസീഹി(അ)ന്റെ കഠിന ശത്രുക്കളിൽ പലരും മിർസാ ഗുലാം അഹ്മദ്(അ) സ്വയം തന്നെ പ്ലേഗിൽ നാശമടയുമെന്ന് പരസ്യമായി ആണ യിട്ടവരാണ്. പക്ഷേ, അവർ സ്വയം തന്നെ പ്ലേഗ് എന്ന മഹാമാരിയിൽ കുടുംബ സഹിതം നശിച്ചൊടുങ്ങി. ഒരാൾക്ക് പിറകെ മറ്റൊരാളായി ഒടു വിൽ മരിച്ചവർക്കായി ദുഃഖം രേഖ പ്പെടുത്താൻ ഒരാൾ പോലും അവ ശേഷിക്കാത്ത മട്ടിൽ അവരെല്ലാം ഒടുങ്ങിത്തീർന്നു. പ്രവചിച്ച പ്രകാരം അദ്ദേഹത്തിന്റെ അനുയാ യികളെ വമ്പിച്ച തോതിൽ ഒഴിവാ ക്കപ്പെടുകയുണ്ടായി. പ്ലേഗിൽ നിന്ന് ഇത്രയധികം അഹ്മദികൾ രക്ഷപ്പെ ടുക എന്നത് യാദൃച്ഛികമോ ആക സ്മികമോ ആണെന്ന് യാതൊരു വിധത്തിലും വിശദീകരിക്കാൻ സാധ്യമാകുമായിരുന്നില്ല. അഹ്മദി കൾ ഇടകലർന്ന് ജീവിക്കുന്ന നൂറു കണക്കിന് ഗ്രാമങ്ങളിൽ പ്ലേഗ് അഹ്മദികളെ ബാധിക്കാതെ വ്യക്ത മായ പക്ഷഭേദം കാട്ടിയെന്നത് ഭൗമി കമായ യുക്തിചിന്തകൾക്ക് കണ ക്കുകൂട്ടിയെടുക്കാൻ സാധ്യമല്ല. ഒരു അന്ധന്പോലും ദൃശ്യമാവുന്ന രീതി യിൽ ഈ ദിവ്യാത്ഭുതം അതിഗംഭീ രമാംവിധം എല്ലായിടത്തും ആവർത്തിച്ചു. അന്ധൻമാർ അതു കണ്ടു. അഹ്മദിയ്യത്തിന്റെസുരക്ഷാ സങ്കേതത്തിലേക്ക് അഭയം തേടി ക്കൊണ്ട് മുമ്പെങ്ങുമില്ലാത്തവിധം നിരവധി ആളുകൾ ജീവനും കൊണ്ട് കുതിച്ചു. അത്ഭുതം! അങ്ങനെ അഭയം തേടി വന്നവരും രക്ഷിക്കപ്പെട്ടു. പക്ഷേ, കണ്ണഞ്ചിപ്പി ക്കുന്ന ഈ ഉജ്ജ്വല പ്രതിഭാസ ത്തിൽ കാഴ്ചശക്തിയുള്ളവർ അന്ധരായി തീർന്നു. പ്ലേഗ് ബാധിച്ചു മരിച്ചവരുടെ മൃതശരീരം ശ്മശാന ത്തിലേക്ക് എടുത്തുകൊണ്ടു പോകാൻ മിർസാഗുലാം അഹ്മദി (അ)ന്റെ അനുയായികളൊഴികെ മറ്റാരും ജീവിച്ചിരുന്നിട്ടില്ലാത്ത ഗ്രാമ ങ്ങളുണ്ടായിരുന്നു. അവർ അവി ശ്വാസികളുടെ മൃതദേഹവും ചുമ ലിൽ പേറി പ്ലേഗിനെ ഒട്ടും ഭയപ്പെ ടാതെ ശ്മശാനങ്ങളിലേക്ക് കൊണ്ടു പോയി.

പഞ്ചാബിലെ ഈ പൊതു ദൃശ്യ ത്തിൽ നിന്ന് നമുക്ക് ഖാദിയാനി ലേക്ക് തിരിച്ചു വരാം. അവിടെ എന്താണ് സംഭവിച്ചതെന്ന് നോക്കാം. എല്ലാം തന്നെ പ്രവചന പ്രകാരമാണ് സംഭവിച്ചത്. പക്ഷേ

അവസാനം നിർണിതമായ നാഴികമണി മുഴങ്ങിയപ്പോൾ വാഗ്ദത്ത മസീഹി(അ)ന്റെ കഠിന ശത്രുക്കളിൽ പലരും മിർസാ ഗുലാം അഹ്മദ്(അ) സ്വയം തന്നെ പ്ലേഗിൽ നാശമടയുമെന്ന് പരസ്യമായി ആണയിട്ടവരാണ്. പക്ഷേ, അവർ സ്വയം തന്നെ പ്ലേഗ് എന്ന മഹാമാരിയിൽ കുടുംബ സഹിതം നശിച്ചൊടുങ്ങി. ഒരാൾക്ക് പിറകെ മറ്റൊരാളായി ഒടുവിൽ മരിച്ചവർക്കായി ദുഃഖം രേഖപ്പെടുത്താൻ ഒരാൾ പോലും അവശേഷിക്കാത്ത മട്ടിൽ അവരെല്ലാം ഒടുങ്ങിത്തീർന്നു. പ്രവചിച്ച പ്രകാരം അദ്ദേഹത്തിന്റെ അനുയായികളെ വമ്പിച്ച തോതിൽ ഒഴിവാക്കപ്പെടുകയുണ്ടായി.

ഒന്നോ രണ്ടോ സംഭവങ്ങൾ ഇതിന പവാദമായി ഒറ്റപ്പെട്ട് കാണപ്പെട്ടു. മൗലവി മുഹമ്മദലി എന്ന് പേരുള്ള വാഗ്ദത്ത മസീഹിന്റെ പ്രമുഖനായ ഒരു അനുയായിക്ക് പ്ലേഗിനു തുല്യ മായ എല്ലാ അടയാളങ്ങളോടും കൂടിയ ശക്തമായ പനി ബാധിക്കു കയുണ്ടായി. അദ്ദേഹത്തിന്റെ കക്ഷ ത്തിനടിയിലെ ഗ്രന്ഥി അപകട കരമാം വിധം വീങ്ങുകയുണ്ടായി. അത് കഠിനമായ വേദനയും ബുദ്ധിമുട്ടും അദ്ദേഹത്തിലുളവാ ക്കി. കിട്ടാവുന്ന എല്ലാ നല്ല മരുന്നു കളും അദ്ദേഹത്തിന് നൽകപ്പെട്ടു. പക്ഷേ, യാതൊരു ശമനവുമുണ്ടാ യില്ല. അദ്ദേഹത്തിന്റെ യാതന വിട്ടൊഴിഞ്ഞില്ല. വാഗ്ദത്ത മസീ ഹിന്റെ അനുയായിയായ തനിക്ക് ദൈവിക വാഗ്ദാനത്തിന് വിരുദ്ധ മായി അത്തരത്തിലുള്ള ഒരു അന്ത്യ മുണ്ടാകുക എന്ന വസ്തുതയു മായി അദ്ദേഹത്തിന് സമരസപ്പെ ടാൻ കഴിഞ്ഞില്ല. പ്ലേഗ് രോഗ ത്തിന്റെ കാഠിന്യം അസഹനീയമാ യിരുന്നു. ഇത് കൂടാതെ ദൈവ ത്തിന്റെ ദൃഷ്ടിയിൽ താൻ പെടുമോ എന്നുള്ള മനോവ്യഥയും അദ്ദേ ഹത്തെ കൂടുതൽ പരവശനാക്കി.

അങ്ങനെ മൗലവി മുഹമ്മദലി തന്റെ രോഗശയ്യയിൽ വെച്ച് പ്രാണ വേദനയിൽ എരിപൊരി കൊണ്ടു. ആരെങ്കിലുമൊരാൾ വാഗ്ദത്ത മസീഹി(അ)ന്നരികിലേക്ക് ചെന്ന് തന്റെ രോഗാവസ്ഥയെ പറ്റി അറിയി ക്കണമെന്നും തന്നെ അനുഗ്രഹി ക്കാൻ ആവശ്യപ്പെടണമെന്നും കരഞ്ഞും വിലപിച്ചും പറയുകയു ണ്ടായി. ഉടനടി വാഗ്ദത്ത മസീഹ്(അ) ആഗതനായി. രോഗി വൈദ്യശാസ്ത്രപരമായി പ്ലേഗ് ബാധിച്ചയാളെന്ന് പ്രഖ്യാപക്കപ്പെട്ട കാര്യം വാഗ്ദത്ത മസീഹിനെ ഒട്ടും അസ്വസ്ഥനാക്കിയില്ല. അദ്ദേഹം മൗലവി സാഹിബിന്റെ അടുത്ത് അഭിഗതനായി അദ്ദേഹത്തിന്റെ നെറ്റിയിൽ തന്റെ തൃക്കരം വെച്ച് സാന്ത്വനത്തിന്റെയും സമാശ്വാസ ത്തിന്റെയും വചനങ്ങൾ ഉരുവിട്ടു. താൻ സത്യമസീഹാണെന്ന സത്യം ദൃഢീകരിച്ചു പ്രഖ്യാപിക്കുകയും

പ്ലേഗ് എങ്ങനെയാണ് വാഗ്ദത്ത മസീഹി (അ)ൽ വിശ്വസി ച്ചവരേയും വിശ്വസിക്കാത്തവരേയും വേർതിരിച്ചത് എന്ന കാര്യം എപ്പോഴും ഒരു നിഗൂഢതയായി അവശേഷിക്കും. പക്ഷേ, സർവശക്തനായ ദൈവത്തിന്റെ പരിധിയില്ലാത്ത ഗുണങ്ങളിൽ വിശ്വസിക്കുന്നവർക്ക് അതിൽ യാതൊരു നിഗൂഢതയുമില്ല.

മൗലവി സാഹിബ് പ്ലേഗിനാൽ മരി ക്കുകയില്ലെന്ന് പറയുകയും ചെയ്തു. ഈ പ്രവാചക വചനങ്ങൾ പുലരുന്നത് കാണാൻ മൗലവി സാഹിബിന് അധികം കാത്തിരിക്കേ ണ്ടി വന്നില്ല. വാഗ്ദത്ത മസീഹ് അരികെ നിന്ന് അദ്ദേഹവുമായി സംസാരിക്കുമ്പോൾ തന്റെ നെറ്റി യിൽ വെച്ച കൈ അവിടെ തന്നെ യുണ്ടായിരുന്നു. ഉടൻ തന്നെ അദ്ദേ ഹത്തിന്റെ പനിയുടെ കാഠിന്യം കുറ യാൻ തുടങ്ങി. ചൂട് താഴ്ന്നുകൊണ്ടി രുന്നു. പനിയുടെയോ പ്ലേഗിന്റെയോ യാതൊരു ലക്ഷണവും അവശേഷി ക്കാത്തവിധം അത് അപ്രത്യക്ഷമാ യി. മൗലവി സാഹിബ് കിടക്കയിൽ എഴുന്നേറ്റിരുന്ന് ശരീരത്തിന്റെ അവിടെയും ഇവിടെയും തൊട്ടു കൊണ്ട് ഇത്ര ക്ഷണത്തിൽ പനിയെ വിടെപ്പോയെന്ന് അമ്പരപ്പോടെ ആശ്ചര്യഭരിതനായി. അദ്ദേഹത്തിനു ചുറ്റും മരണം കാത്തു നിന്നിരുന്ന വരും അത്ഭുതപ്പെട്ടുപോയി. മരണം കാത്തു നിന്ന അവർ അദ്ദേഹ ത്തിന്റെ അതിജീവനത്തിന്റെ ദിവ്യാ ത്ഭുതമാണ് ദർശിച്ചത്. അതിനു ശേഷം അദ്ദേഹം ദീർഘകാലം ജീവിച്ചു. 77 ാം വയസ്സിൽ 1951 ലാണ് ലാഹോറിൽ വെച്ച് മരിച്ചത്.

പ്ലേഗ് എങ്ങനെയാണ് വാഗ്ദത്ത മസീഹി (അ)ൽ വിശ്വസിച്ചവരേയും വിശ്വസിക്കാത്തവരേയും വേർതിരി ച്ചത് എന്ന കാര്യം എപ്പോഴും ഒരു നിഗൂഢതയായി അവശേഷിക്കും. പക്ഷേ, സർവശക്തനായ ദൈവ ത്തിന്റെ പരിധിയില്ലാത്ത ഗുണങ്ങ ളിൽ വിശ്വസിക്കുന്നവർക്ക് അതിൽ യാതൊരു നിഗൂഢതയുമില്ല.

ഇവിടെ ഉയരുന്ന യഥാർഥ ചോദ്യമിതാണ്. ഈ അദ്ധ്യായത്തിൽ രേഖപ്പെടുത്തിയ വസ്തുതകൾക്ക് ഉപോൽബലകമായി ഒരു നിഷ്പക്ഷ അന്വേഷണം നടത്താൻ എന്ത് വസ്തുനിഷ്ഠാപരമായ തെളിവുക ളാണ് സമർപ്പിക്കുവാൻ കഴിയുക. പ്രശ്നമിതാണ്. സമർപ്പിക്കാൻ കഴി യുന്ന നേരിട്ടുള്ള തെളിവുകൾ ആഭ്യന്തര തെളിവുകളാണ്. സാക്ഷി കളാകട്ടെ മുഴുവനും അഹ്മദി കളോ, ഈ ദിവ്യാത്ഭുതം കണ്ടതിന് ശേഷം അഹ്മദിയ്യത്തിലേക്ക് പരി വർത്തനം ചെയ്തവരോ ആണ്. ബാഹ്യമായ മറ്റു തെളിവുകളില്ല. ഉള്ള തെളിവുകൾ പരോക്ഷമായതാ ണ്. പക്ഷേ, അത് യഥാർഥ തെളി വുകളാൽ ഗർഭിതവുമാണ്. അത് ഏറ്റവും ശക്തിമത്തായ തെളിവുക ളാണ്. കാരണം ആ തെളിവുകൾ മുളപൊട്ടിയത് കടുത്ത ശത്രുവിന്റെ സാക്ഷ്യങ്ങളിൽ നിന്നാണ്. ഏറ്റവും വലിയ പ്രശ്നമെന്തെന്നാൽ ഇതു സംബന്ധിച്ച് അക്കാലത്ത് യാതൊരുവിധ സ്വതന്ത്ര അന്വേഷ ണവും നിഷ്പക്ഷമായ അധികാരി കൾ നടത്തിയിട്ടില്ല എന്നതാണ്. അവിടെ രണ്ട് കക്ഷികൾ മാത്രമാ ണുണ്ടായിരുന്നത്. അഹ്മദികളും അന ഹ്മദികളും. പ്ലേഗിന്റെ പെരു മാറ്റ രൂപങ്ങളെ പറ്റിയുള്ള എല്ലാ കണക്കുകളും ലഭ്യമാവുന്നത് അക്കാലത്ത് പ്രസിദ്ധീകരിക്കപ്പെട്ട പത്രങ്ങൾ, മാസികകൾ, ലഘുലേഖ കൾ, പോസ്റ്ററുകൾ, പുസ്തകങ്ങൾ എന്നിവയിൽ നിന്നു മാത്രമാണ്. ഈവസ്തുതകളുടേയെല്ലാം വിശ്വ സനീയതയാകട്ടെ സാഹചര്യതെളി വുകളിൽ നിന്നുമാണ് രൂപപ്പെടുന്ന ത്.

ഇവിടെ ശ്രദ്ധേയമായ ഏറ്റവും പ്രധാനപ്പെട്ട ഘടകമെന്താണെന്നു വെച്ചാൽ നാം ചർച്ച ചെയ്യുന്ന ഈ

കാലഘട്ടത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ പ്രവർത്തനത്തിലും അവകാശവാദത്തിലും അതിന്റെ ശൈലിയിലും വളരെ ശക്തവും ഉന്മേഷദായകവുമായ താൽപര്യം സൃഷ്ടിക്കപ്പെട്ടു എന്നതാണ്. പുതുതായി ആവിർഭവിച്ച അഹ്മദിയ്യാ ലോകത്ത് സംഭവിക്കുന്ന എല്ലാ കാര്യങ്ങളെ സംബന്ധിച്ചും അതികഠിനമായ ശത്രുതയുള്ള അനഹ്മദി മാധ്യമങ്ങൾ തീക്ഷ്ണവും, മൂർച്ചയേറിയതും, നിഷേധാത്മകവുമായ വിവരണങ്ങളാണ് അഹ്മദികൾക്കെതിരെ നൽകിയത്. മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ) പറഞ്ഞതും ചെയ്തതുമായ സംഗതികളെ സംബന്ധിച്ചും അദ്ദേഹത്തിന് സംഭവിക്കുന്ന എല്ലാ കാര്യങ്ങളെക്കുറിച്ചും അതീവ സൂക്ഷ്മതയോടെയും അത്യുത്സാഹത്തോടെയും അദ്ദേഹത്തിന്റെ ശത്രുക്കൾ നോക്കി പാർത്തു കൊണ്ടിരിക്കുകയും അത് രേഖപ്പെടുത്തുകയും ചെയ്തു. അദ്ദേഹത്തിനെതിരായി വരാൻ സാധ്യതയുള്ള എല്ലാ സംഗതികളും അത്യുക്തി കലർന്ന രീതിയിൽ ഊതിപ്പെരുപ്പിച്ചു അവർ പറഞ്ഞിരുന്നു. വാഗ്ദത്ത മസീഹി(അ)നെതിരെ ശത്രുതാമനോഭാവത്തോടു കൂടി അനഹ്മദി പത്രങ്ങൾ മാത്രമല്ല അവാസ്തവങ്ങൾ പ്രചരിപ്പിച്ചത്. അദ്ദേഹത്തെ കരിതേച്ച് കാണിക്കാനും അദ്ദേഹത്തിന്റെ ബഹുമതിയെ ഇടിച്ചു താഴ്ത്താനും കിട്ടിയ ഏതൊരു ചെറിയ അവസരംപോലും ക്രിസ്ത്യാനികളുടേയും ഹിന്ദുക്കളുടേയും പത്രങ്ങളും ഒഴിവാക്കിയിരുന്നില്ല. പ്ലേഗ് സംഭവം അഹ്മദിയ്യാ പത്രങ്ങൾ റിപ്പോർട്ട് ചെയ്തതിൽ എന്തെങ്കിലും ചെറിയ തെറ്റുകളെങ്കിലും ഉണ്ടായിരുന്നെങ്കിൽ അഹ്മദിയ്യാ ജമാഅത്തിനെ കഠിനമായി വിമർശിക്കുന്ന അനഹ്മദി പത്രങ്ങൾക്ക് അത് അവഗണിക്കാൻ സാധിക്കുമായിരുന്നില്ല.

പഞ്ചാബിൽ പ്ലേഗ് സജീവമായിനിന്ന ഏകദേശം ഏഴ് വർഷകാലത്തിൽ ഒരിക്കലും തന്നെ വാഗ്ദത്ത മസീഹ് മിർസാ ഗുലാം അഹ്മദ്(അ) പ്ലേഗ് അഹ്മദികളെ എങ്ങനെ ബാധിച്ചു എന്നറിയാനുള്ള പൊതുജന താൽപര്യത്തെ മാനിച്ച് യാതൊന്നും മറച്ചുവെച്ചിരുന്നില്ല. വാഗ്ദത്ത മസീഹിന്റെ അറിയപ്പെടുന്ന ശത്രുക്കളെല്ലാം അദ്ദേഹവുമായി ആത്മീയ ദ്വന്ദയുദ്ധത്തിൽ ബന്ധിതരായിരുന്നു. ദൈവ കോപത്തിന്റെ അടയാളം എന്ന നിലക്ക് അവരിലാരെങ്കിലുമൊരാൾ പ്ലേഗ് ബാധിതനാവുമെന്ന് പലപ്പോഴായി പരസ്പരം നടത്തിയ അവകാശവാദങ്ങളും എതിർ വാദങ്ങളും പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു. വാഗ്ദത്ത മസീഹിന്റെ ശത്രുക്കളിൽ പലരും ഒന്നിനു പിറകെ മറ്റൊന്നായി മരിച്ചു വീണുകൊണ്ടിരുന്നു. ബാക്കിയുള്ളവർ ഉദ്വേഗത്തോടെയും വിഹ്വലരായും കൊണ്ട് കാത്തിരിക്കുകയുമായിരുന്നു. എന്നാൽ, പ്ലേഗ് വാഗ്ദത്തമസീഹി(അ)നെ സ്പർശിച്ചതേയില്ല. അദ്ദേഹത്തേയോ അദ്ദേഹത്തിന്റെ പത്നിയേയോ ആൺമക്കളേയോ പെൺ മക്കളേയോ സ്പർശിച്ചില്ലെന്ന് മാത്രമല്ല അദ്ദേഹത്തിന്റെ വസതിയിലെ നാല് ചുമരുകൾക്കുള്ളിലെ ഒരു എലി പോലും പ്ലേഗ് മൂലം ചത്തു വീണില്ല.

ഈ വസ്തുതകളെല്ലാം ആവർത്തിച്ചാവർത്തിച്ച് അദ്ദേഹം പ്രസിദ്ധീകരിച്ചു കൊണ്ടിരുന്നു. ഇത് ശത്രുക്കളുടെ വിദ്വേഷാഗ്നി ആളിക്കത്തിച്ചു. ഇതിനു മുമ്പേയുള്ളതിനേക്കാൾ കൂടുതലായി അദ്ദേഹത്തിൽ പ്ലേഗിന്റെ ശാപമിറങ്ങാൻ വേണ്ടി അവർ പ്രാർഥിച്ചു. പക്ഷേ, എല്ലാം നിഷ്ഫലമായിരുന്നു. അദ്ദേഹത്തിന് ഒന്നും സംഭവിച്ചില്ല. അദ്ദേഹത്തിന്റെ ആത്മീയവും ഭൗതികവുമായ സമാധാനത്തിന്റെ സുരക്ഷാവലയത്തിൽ ജീവിക്കുന്നവർക്കും യാതൊന്നും സംഭവിച്ചില്ല. വാഗ്ദത്ത മസീഹിന്റെ അവകാശ വാദത്തെ വ്യാജപ്പെടുത്തുന്ന രീതിയിൽ പ്ലേഗ് ബാധിതരായ അദ്ദേഹത്തിന്റെ കുടുംബത്തിൽപ്പെട്ടവരുടേയോ അദ്ദേഹത്തിന്റെ ഗൃഹത്തിൽ താമസിക്കുന്നവരുടേയോ പേര് ഏതെങ്കിലും പത്രത്തിലോ മാസികകളിലോ പ്രസിദ്ധീകരിച്ചത് ഒരു വരിയെങ്കിലും ആർക്കെങ്കിലും കാണിക്കുവാൻ സാധിക്കുമോ?

ഇക്കാര്യങ്ങളൊക്കെതന്നെ അക്കാലത്തെ അഹ്മദിയ്യാ വിരുദ്ധ പ്രസിദ്ധീകരണങ്ങളിലും പ്രസിദ്ധീകരിച്ചിരുന്നു. അങ്ങനെയെന്തെങ്കിലും ഒരു അത്യാഹിത സംഭവം ഉണ്ടായിരുന്നുവെങ്കിൽ അത് അവർ രേഖപ്പെടുത്തുമായിരുന്നു. അവരുടെ മൗനത്തിൽ നിന്ന് അങ്ങനെയൊന്നും സംഭവിച്ചിട്ടില്ല എന്ന് വ്യക്തമാണ്. അഹ്മദികളുടെ പ്രസിദ്ധീകരണങ്ങളിലൊന്നുംതന്നെ വാഗ്ദത്ത മസീഹി(അ)ന്റെ കുടുംബത്തിലെ ഒരാളുംതന്നെ മരിച്ചതായി ആ കാലയളവിൽ രേഖപ്പെടുത്തിയിട്ടില്ല. അദ്ദേഹത്തിന്റെ ചുറ്റും താമസിക്കുന്നവരിലാരും മരിച്ചതായും രേഖപ്പെടുത്തിയിട്ടില്ല. ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. വാഗ്ദത്ത മസീഹു(അ)മായി ബന്ധപ്പെട്ട എത്ര വിദൂരമായ സംഭവമാണെങ്കിൽ പോലും അത് പത്രങ്ങൾ പ്രസിദ്ധീകരിക്കുമായിരുന്നു.

ഖാദിയാന് പുറത്തുള്ള അഹ്മദിയ്യാ സമൂഹത്തെപ്പറ്റി പറയുകയാണെങ്കിൽ അവർ പ്ലേഗിൽ നിന്ന് വമ്പിച്ച തോതിലാണ് സംരക്ഷിക്കപ്പെട്ടത്. ഒരു ഗ്രാമത്തിൽ തന്നെ പ്ലേഗ് ബാധിച്ച് മരിച്ച അനഹ്മദികളുടെ എണ്ണവും അതേ ഗ്രാമത്തിൽ തന്നെയുള്ള അഹ്മദികളുടെ അത്യപൂർവമായ മരണവും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ വമ്പിച്ച അന്തരമാണുള്ളത്.

അഹ്മദിയ്യാ പത്രമാധ്യമങ്ങളുടെ ഈ അവകാശവാദം തെറ്റായിരുന്നുവെങ്കിൽ ശത്രുക്കളുടെ പ്രസിദ്ധീകരണങ്ങൾ അത് മുതലെടുക്കുമായിരുന്നു. അതൊരിക്കലും ഉണ്ടായിട്ടില്ല. ഇത് വ്യക്തമായും ശക്തമായ ഒരു പരോക്ഷ തെളിവായി കണക്കാക്കേണ്ടിയിരിക്കുന്നു.

അഹ്മദിയ്യാ സമൂഹത്തിനനുകൂലമായ മറ്റൊരു അനിഷേധ്യമായ തെളിവ് പ്ലേഗിന്റെ വർഷങ്ങളിൽ അഹ്മദിയ്യാ ജമാഅത്തിനുണ്ടായ അഭൂതപൂർവമായ വളർച്ചയാണ്.

അഹ്മദിയ്യാ പ്രസിദ്ധീകരണമായിരുന്ന *അൽഹഖ്* എന്ന പത്രത്തിൽ അവരുടെ എണ്ണം പ്രസിദ്ധീകരിച്ചു കൊണ്ടിരുന്നു. ഈ നിർണായകമായ ദശാസന്ധിയിൽ അഹ്മദിയ്യത്തിലേക്ക് കടന്നു വന്നവരുടെ സംഖ്യ ക്രമാതീതമായി ഉയരുകയാണുണ്ടായത്. ഈ എണ്ണപ്പെരുപ്പം ഒരിക്കലും അനഹ്മദി പത്രങ്ങൾ നിഷേധിച്ചിട്ടില്ല. അവയെല്ലാം തന്നെ ഗ്രാമത്തിലേയും നഗരത്തിലേയും യഥാർഥത്തിലുള്ള ആളുകളുടെ കണക്കുകളായിരുന്നു. അഹ്മദിയ്യത്തിന്റെ ശത്രുക്കളുടെ ഏതെങ്കിലും ഒരു വിഭാഗത്തിന്റെ പത്രങ്ങൾ എന്തുകൊണ്ട് *അൽഹഖി*ൽവന്ന കണക്കുകൾ തെറ്റാണെന്ന് സ്ഥാപിക്കാൻ എതിർ തെളിവുകളൊന്നും കൊണ്ടു വന്നില്ല. അത്തരം സന്ദർഭങ്ങളിൽ മൗനം വാക്കുകളേക്കാൾ വാചാലമാണ്.

സത്യമെന്തെന്നാൽ അഹ്മദിയ്യത്ത് അതിശീഘ്രം പ്രചരിച്ചത് പഞ്ചാബിൽ പ്ലേഗ് പടർന്ന് പിടിച്ച 1898–1906 കാലഘട്ടങ്ങളിൽ ആണെന്നത് സുവ്യക്തമായ വസ്തുതയാണ്. *അൽഹകം* പ്രസിദ്ധീകരിച്ച കാലികമായ കണക്കനുസരിച്ച് 1902 ൽ അഹ്മദികളുടെ എണ്ണം പതിനായിരങ്ങളിൽ നിന്ന് ലക്ഷമായി ഉയർന്നു. 1904 ൽ അഹ്മദികളുടെ ജനസംഖ്യ രണ്ട് ലക്ഷമായി ഉയർന്നു. 1906ൽ പ്ലേഗ് അവസാനം പിൻമാറുമ്പോൾ അഹ്മദികളുടെ എണ്ണം നാല് ലക്ഷത്തിലധികമായി ഉയർന്നിരുന്നു.

മേൽ പ്രസ്താവിച്ചതിന്റെ വെളിച്ചത്തിൽ മനസ്സിൽ സൂക്ഷിക്കേണ്ട ഒരു സംഗതി വാഗ്ദത്ത മസീഹി(അ)ന്റെ പ്രവചനം തെറ്റാണെന്ന് തെളിയിക്കപ്പെട്ടിരുന്നെങ്കിൽ അഹ്മദിയ്യത്ത് ഭൂമുഖത്ത് നിന്ന് തുടച്ചു നീക്കപ്പെട്ടിട്ടുണ്ടാവുമായിരുന്നു. പ്ലേഗ് അതിന്റെ പൂർണ താണ്ഡവം നടത്തിയതിന് ശേഷം മരിക്കാതെ അവശേഷിക്കുന്ന അഹ്മദികൾക്ക് മിർസാ ഗുലാം അഹ്മദി(അ)ന്റെ വ്യാജവാദം തുറന്നു കാട്ടപ്പെടുമായിരുന്നു. പക്ഷേ, അങ്ങനെയായിരുന്നില്ല സംഭവിച്ചത്. ഹദ്റത്ത് അഹ്മദി(അ)ന്റെ നിരവധി എതിരാളികൾ പ്ലേഗ് ബാധിച്ചു മരണമടഞ്ഞപ്പോൾ അഹ്മദികളുടെ എണ്ണം വർധിക്കുകയും പെരുകുകയും ചെയ്തു. അഹ്മദിയ്യത്തിന് വൻകുതിച്ചു ചാട്ടമുണ്ടായി.

***ചിന്തിക്കുന്ന ജനങ്ങൾക്ക് അതിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട് (30: 22)*** 5

ഈ ഖുർആനിക വചനത്തിലാണ് ഈ പ്രവചനത്തിന്റെ മുഴുവൻ അടിസ്ഥാനവുമുള്ളത്. ഈ പ്രവചനം സ്വയംതന്നെ ഒരു ദിവ്യാത്ഭുതമാണെന്ന കാര്യത്തിലേക്ക് വായനക്കാരന്റെ ശ്രദ്ധ ക്ഷണിക്കുകയാണ്. ഈ വചനത്തിന്റെ ദിവ്യാത്ഭുതപരമായ സൗന്ദര്യം ആസ്വദിക്കണമെങ്കിൽ ഈ വചനത്തിലെ വിസ്മയകരമായ സൂക്ഷ്മതയെപ്പറ്റി അറിയാൻ വായനക്കാരനെ സഹായിക്കേണ്ടതുണ്ട്. തുടർന്നുവരുന്ന അധ്യായങ്ങളിൽ നാമിതിന് ശ്രമിച്ചിട്ടുണ്ട്. അതിനായി താഴെ പറയുന്ന കാര്യങ്ങൾക്ക് ഊന്നൽ കൊടുക്കേണ്ടതുണ്ട്.

ഖുർആനിക വെളിപാടുകൾ ഇറങ്ങുന്ന കാലത്ത് ബൂബോണിക് പ്ലേഗി(Bubonic Plague)*ന്റെ പകർച്ചക്ക് കാരണമെന്താണെന്നറിയാമായിരുന്നില്ല. പ്ലേഗ് മറ്റുള്ളവർക്ക് പകരുന്നതിൽ എലികൾക്കുള്ള പങ്കിനെക്കുറിച്ച് അറിയില്ലായിരുന്നു. തീർച്ചയായും എലികളുടെ കടിയല്ല പ്ലേഗ് ഉണ്ടാക്കുന്നത്. ചിറകില്ലാത്ത ചെറിയ ജീവിയായ ചെള്ളി (Flea)ന്റെ അസ്ഥിത്വത്തെക്കുറിച്ച് ആർക്കും അന്നറിയില്ലായിരുന്നു. ആ ചെള്ളായിരുന്നു ഈ മാരക രോഗത്തിന്റെ വാഹകൻ. ഈ ചെറു പ്രാണിയുടെ കടിയിലൂടെയാണ് പ്ലേഗിന് കാരണമായ വൈറസുകൾ മനുഷ്യരിലേക്ക് പകർന്ന് രോഗമുണ്ടാക്കുന്നതെന്നും അന്നറിയില്ലായിരുന്നു. ഖുർആൻ മനുഷ്യകൃതമായ ഒരു ഗ്രന്ഥമായിരുന്നുവെങ്കിൽ പ്ലേഗിന്റെ പകർച്ച *ദാബഃ* എന്ന് വിളിക്കപ്പെടുന്ന ഒരു ജീവിയുടെ കടിയേറ്റിട്ടായിരിക്കണമെന്ന് പ്രവചിക്കാൻ സാധ്യമല്ലായിരുന്നു.

പ്ലേഗ് പരത്തുന്ന ജീവി ഒരു ചെറു ഷഡ്പദ (Insect)മാണെന്ന് ഇന്ന് നമുക്കറിയാം. ഷഡ്പദങ്ങളിൽ ബഹുഭൂരിപക്ഷവും ചിറകുള്ളതാണെന്നും നമുക്കറിയാം. ചിറകില്ലാത്ത ഷഡ്പദങ്ങൾ താരതമേന്യ വളരെ കുറച്ച് മാത്രമേ ഉള്ളൂ. പേൻ, ഇരട്ടവാലൻ, (Silver fish) പ്രത്യുൽപാദനം നടത്താത്ത ചിതൽ എന്നിവ. അവസാനം ഇപ്പോഴാണ് നാം ചെള്ളിനെ പറ്റി അറിയുന്നത്. ചിറകില്ലാത്ത ഷഡ്പദമായ ആ ചെള്ള് ഒരു *ദാബഃ*യാണ്. ഈ ചെള്ളിന്റെ ചില അസാധാരണ ഗുണങ്ങളുടെ അടിസ്ഥാനത്തിലാണ് അതിന് *ദാബഃ* എന്ന് ശരിയായ അർഥമുള്ള പേരിട്ടിരിക്കുന്നത്. അല്ലാത്തപക്ഷം പ്രസക്തമായ ഈ ഖുർആൻ വചനം തെറ്റാണെന്ന് വിലയിരുത്തപ്പെടുമായിരുന്നു.

നാം പ്രകൃതിവാദികളായ ശാസ്ത്രജ്ഞൻമാരുടെ ശ്രദ്ധ ഈ അതുല്യമായ ഉദാഹരണത്തിലേക്ക് വിനയപൂർവം ക്ഷണിക്കുകയാണ്. എന്നിട്ട് അവരുടെ ഹൃദയ മസ്തിഷ്ക്കങ്ങൾ ഇതു സംബന്ധിച്ച് ഗവേഷണം നടത്തുവാൻ അഭ്യർഥിക്കുകയും ചെയ്യുന്നു. ഇത് അവർക്ക് വെറും ആകസ്മികമാണെന്ന് പറഞ്ഞ് ഒഴിവാക്കാനാകുമോ? ●

---

***ബൂബോണിക് പ്ലേഗ്** (Bubonic Plague): പ്ലേഗ് മൂന്നു വിധത്തിൽ കാണപ്പെടുന്നു. ബൂബോണിക്ക് പ്ലേഗ്, ന്യൂമോണിക് പ്ലേഗ് (Nuemonic Plague), സെപ്റ്റികാമിക് പ്ലേഗ് (Septicaemic Plague) എന്നിവയാണവ. ഇതിൽ ബൂബോണിക് പ്ലേഗാണ് ഏറ്റവും മാരകം. കക്ഷത്തിലും, തുടകൾക്കിടയിലും കഴുത്തിലുമുള്ള ലിംഫ് ഗ്രന്ഥി - (Lymph Glands)കളിലുണ്ടാവുന്ന നീർവീക്കമാണ് (Bubo)- ഈ രോഗത്തിന്റെ ലക്ഷണം. അതുകൊണ്ട് ഈ പ്ലേഗിനെ ബൂബോണിക് പ്ലേഗ് എന്ന് വിളിക്കുന്നു. ന്യൂമോണിക് പ്ലേഗ് പേര് സൂചിപ്പിക്കുന്നത്പോലെ ശ്വാസകോശത്തെയാണ് ബാധിക്കുന്നത്. സെപ്റ്റികാമിക് പ്ലേഗ് രോഗം ബാധിച്ചവരുടെ വൃത്തിഹീനമായ കൈ, തൊണ്ട, മൂക്ക് എന്നിവയിൽ നിന്നുള്ള ശരീര ദ്രവങ്ങളിൽ നിന്ന് പകരുന്നതാണ്. (വിവ:)

# ബലി കർമം

എല്ലാം മതങ്ങളിലും ബലികർമത്തിന്റെ വിവിധ രൂപങ്ങൾ കാണാം. ബലികർമത്തിലെ സാർവത്രികതയും തത്ത്വവും യുക്തിയും വിശദീകരിക്കപ്പെടുന്നു.

എൻ. അബ്ദുർ റഹീം

ദുൽഹജ്ജ് 10നു മുസ്‌ലിം ലോകം മുഴുവൻ **'ഈദുൽ ഉദ്ഹിയ'** എന്നറിയപ്പെടുന്ന ബലി പെരുന്നാൾ ആഘോഷിക്കുന്നു. ഈ പെരുന്നാൾ ദിനത്തിന് ഒരു ദിവസം മുമ്പ് അറഫായിലെ കുന്നിന്മേൽ നിന്നുകൊണ്ട് ലോകത്തിന്റെ നാനാ ഭാഗത്തു നിന്നുമുള്ള തീർഥാടകർ **'ലബ്ബൈക്കല്ലാഹുമ്മ ലബ്ബൈക്ക്'** എന്റെ രക്ഷിതാവേ നിന്റെ സേവനത്തിനായി ഞാനിതാ തയ്യാറാണ്, എന്റെ രക്ഷിതാവേ നിന്റെ സേവനത്തിനായി ഞാനിതാ സന്നദ്ധനാണ് എന്ന് ഉച്ചത്തിൽ വിളിച്ചു പറയുന്നു. അന്നേ ദിവസം മുഴുവനും അവർ പ്രാർഥനാ നിരതരായി സ്തുതി കീർത്തനങ്ങളിൽ മുഴുകിയും കഴിച്ചുകൂട്ടുന്നു. 'യൗമുന്നഹർ' എന്നു വിളിക്കപ്പെടുന്ന ആ ദിവസം അവർ മീനായിൽ വെച്ച് ബലികർമം നടത്തുകയും ചെയ്യുന്നു. ഹജ്ജിനു പോകാൻ സാധിക്കാത്തവരും ഒരിക്കൽ ഹജ്ജ് കർമം അനുഷ്ഠിച്ചിട്ടുള്ളവരുമായ ആളുകൾ താന്താങ്ങളുടെ സ്ഥലത്ത് വെച്ച് ഈ പുണ്യകർമം അനുഷ്ഠിക്കുകയും ചെയ്യുന്നു. പെരുന്നാൾ തുടങ്ങി മൂന്നു ദിവസത്തിനകം ബലിമൃഗങ്ങൾ അറുക്കപ്പെടേണ്ടതാകുന്നു. ഈ നിശ്ചിത ദിനങ്ങളിൽ ലോകത്തിലെ നാനാ കോണുകളിൽ നിന്നുമായി ആയിരക്കണക്കായ



ഭോജ്യ മൃഗങ്ങൾ ബലിയിടപ്പെടുന്നു. ബിസ്മില്ലാഹി അല്ലാഹു അക്ബർ എന്ന വാക്യോച്ചാരണത്തോടുകൂടി എണ്ണമറ്റ ബലിമൃഗങ്ങൾ ദൈവത്തിന്റെ പേരിൽ അറുക്കപ്പെടുന്നു. ഹദ്റത്ത് ഇബ്രാഹിം നബി(അ) തന്റെ പുത്രനായ ഇസ്മായീലിനെ ബലിയാക്കാനൊരുങ്ങിയ ആ ദിവ്യയജ്ഞത്തെയാണാ കർമം നമ്മുടെ സ്മൃതിയിലുയർത്തുന്നത്.

### ബലികർമത്തിന്റെ സാർവത്രികത്വം

ഇസ്‌ലാമിനു മുമ്പുള്ള എല്ലാ ജനതകളിലും ബലികർമം വിധിക്കപ്പെട്ടിട്ടുണ്ടെന്ന് വിശുദ്ധ ഖുർആൻ പ്രഖ്യാപിക്കുന്നു. **'അല്ലാഹു അവർക്കു നൽകിയ നാൽക്കാലികളുടെ മേൽ ദൈവനാമം ഉച്ചരിച്ചുകൊണ്ടു അവയെ ബലിയാക്കാൻ നാം ഓരോ സമുദായ വഴിപാടുകളെ നിശ്ചയിച്ചിട്ടുണ്ടായിരുന്നു.'**[1] എന്നു പവിത്ര ഗ്രന്ഥത്തിൽ പറയപ്പെട്ടിരിക്കുന്നു.

ബലി കർമത്തിന്റെ ചരിത്രത്തിന് മനുഷ്യ വംശത്തിന്റെ ചരിത്രത്തോളം തന്നെ പഴക്കമുണ്ട്. ഏറ്റവും പ്രാചീനരായ വർഗക്കാരുടെ ഇടയിൽ ബലികർമം പ്രാബല്യത്തിലുണ്ടായിരുന്നതായി ചരിത്ര ഗവേഷകന്മാർ തെളിയിച്ചിട്ടുണ്ട്. പുരാതന സംസ്കാരങ്ങൾ ഉടലെടുത്ത രാജ്യങ്ങളിലെല്ലാം ബലികർമം പ്രാബല്യത്തിലുണ്ടായിരുന്നുവെന്നും നമുക്കറിയാൻ സാധിച്ചിരിക്കുന്നു. സംസ്കാരവും നാഗരികതയും ഏറ്റവും ആദ്യം ഉടലെടുത്തത് ഈജിപ്തിലാണെന്നാണ് പറയപ്പെടുന്നത്. പുരാതന ഈജിപ്തുകാരിൽ പിരമിഡ് നിർമാതാ

ക്കളായിരുന്ന ചിയോപ്സ്(Cheops) ഫറോവ ആണ് ബി.സി. 4000 ൽ ആദ്യമായി ബലികർമം അവിടെ നിർത്തലാക്കിയതെന്നും ചരിത്ര പിതാവെന്ന് അറിയപ്പെടുന്ന ഹിറോഡോട്ടസ് രേഖപ്പെടുത്തിയിട്ടുണ്ട്. അപ്പോൾ അതിന് മുമ്പ് തന്നെ ഈ കർമാനുഷ്ഠാനം അവിടെ പ്രബലമായിട്ടുണ്ടെന്ന് വ്യക്തമാണ്. ഈജിപ്തുകാർ മൃഗാരാധന നടത്തുന്നവരായിരുന്നുവെങ്കിലും കാളകളെയും മറ്റു മൃഗങ്ങളെയും ബലിയർപ്പിക്കുകയും അവയുടെ രക്തം യജ്ഞവേദികളിൽ ബലിയർപ്പിക്കുകയും ചെയ്യുന്ന സമ്പ്രദായം അവർക്കപരിചിതമായിരുന്നില്ല.

കൽദായക്കാരും മേദ്യക്കാരും അസ്സീറിയക്കാരും മൃഗബലി നടത്താറുണ്ടായിരുന്നു. ബാബിലോണിയ ക്കാരു ടെ ചരിത്രത്തിലും മൃഗബലിയെക്കുറിച്ച് വിവരണങ്ങൾ കാണാം. ഫൊണിഷ്യക്കാർ ബലി നടത്തിയിരുന്നു. അവർ ബലി പെരുന്നാളുകൾ ആഘോഷിക്കാറുണ്ടായിരുന്നുവെന്നും തദവസരത്തിൽ ധാരാളം മൃഗങ്ങളെ ബലിയർപ്പിക്കാറുണ്ടായിരുന്നെന്നും ചരിത്രത്തിൽ നാം വായിക്കുന്നു.

വടക്കൻ യൂറോപ്പിലും മദ്ധ്യയൂറോപ്പിലുമുണ്ടായിരുന്ന പൂർവ വർഗക്കാരിലും ബലികർമം പ്രചാരത്തിലുണ്ടായിരുന്നു. മൃഗങ്ങളെ പ്രത്യേകിച്ചും മുട്ടനാടിനെ ബലിയറുക്കുന്ന സമ്പ്രദായം പത്തൊമ്പതാം ശതകത്തിന്റെ അന്ത്യം വരെ മദ്ധ്യയൂറോപ്പിൽ പ്രാബല്യത്തിലുണ്ടായിരുന്നു. വളരെ പുരാതനമായ ഭാരതത്തിലും ഇത് അജ്ഞാതമായിരുന്നില്ല, എന്നല്ല അത് ഇപ്പോഴും നടക്കുന്നുമുണ്ട്.

ബലികർമത്തിന്റെ ദുഷിച്ച ഒരു രൂപമാണ് നരബലി. ഫൊണിഷ്യക്കാരുടെ ചരിത്രത്തിൽ നരബലിയെക്കുറിച്ചുള്ള അനേകം വിവരങ്ങൾ കാണാം. യുദ്ധം, പകർച്ചവ്യാധി, ക്ഷാമം മുതലായ വിപത്തുകൾ വരുമ്പോൾ ജനങ്ങളുടെ ഒരു വോട്ടെടുപ്പ് മുഖേന തങ്ങൾക്ക് ഏറ്റവും പ്രിയപ്പെട്ടയാളെ തിരഞ്ഞെടുത്ത് അയാളെ ബലിയർപ്പിക്കാറുണ്ടായിരുന്നെന്ന് പോർഫിരി (Porphyry) എന്ന ചരിത്രകാരൻ രേഖപ്പെടുത്തുന്നു.[2] പുരാതന പേർഷ്യയിലും മൃഗബലി നടത്തിയിരുന്നതായി ഹിറോഡോട്ടസ് പറയുന്നു. ക്രിസ്തു മതത്തിന് മുമ്പ് ഇംഗ്ലണ്ടിലെ ഡ്രൂയിഡ് വർഗക്കാർ മൃഗബലി നടത്താറുണ്ടായിരുന്നു. അങ്ങനെ പ്രാചീനവും അർവാചീനവുമായ സകല ജനതകളിലും വർഗക്കാരിലും ബലികർമത്തിന്റെ വിവിധ രൂപം കാണാം. ബലികർമത്തിന്റെ ഏറ്റവും ദുഷിച്ച രൂപമാണ് നരബലി. അതുകൊണ്ട് അതിനെ നമുക്ക് ഒരിക്കലും ന്യായീകരിക്കുവാൻ കഴിയുകയില്ല എന്ന് മാത്രമല്ല അത് നിന്ദ്യവും പൈശാചികവുമത്രെ.

പുരാതന ജനതകളിൽ നടപ്പുണ്ടായിരുന്ന ഈ മൃഗബലിയുടെ ക്രമത്തിൽ ഐക്യരൂപമുണ്ടായിരുന്നത് പോലെ ബലിമൃഗത്തിന്റെ സ്വഭാവത്തിലും രൂപത്തിലും കൂടി സാദൃശ്യമുണ്ടായിരുന്നു. ചുരുക്കത്തിൽ സാർവത്രികവും ദീർഘകാല പ്രബലവുമായിരുന്ന ഈ കർമം മനുഷ്യത്വപരം മാത്രമാണ്. ദിവ്യാമായൊരുൽപത്തിയാണ് അതിനുള്ളതെന്ന് പറഞ്ഞാൽ അത് തികച്ചും ശരിയായിരിക്കും. കാലത്തിന്റെ കയ്യേറ്റങ്ങൾ കാരണമായി പല അനാചാരങ്ങളും അന്ധവിശ്വാസങ്ങളും കടന്നുകൂടിയെന്നേയുള്ളൂ.

## ബലികർമങ്ങളും മതങ്ങളും

മിക്ക മതങ്ങളും ബലികർമത്തിന് അതിപ്രധാന സ്ഥാനം നൽകുകയും അതു വിധിക്കുകയും ചെയ്യുന്നുണ്ട്. ബലികർമം മുഖേന ജീവിതം ത്യാഗ ബദ്ധമാക്കുവാൻ കഴിയുമെന്ന് മതങ്ങൾ പഠിപ്പിക്കുന്നു.

ആദമിന്റെ മക്കളായ കായേനും ആബേലും ബലിയർപ്പിച്ചിരുന്നതായി ബൈബിളിൽ കാണുന്നു. 'നോഹ (അ) യഹോവക്ക് ഒരു ബലിപീഠം പണിതു ശുദ്ധമുള്ള സകല മൃഗങ്ങൾക്കും ശുദ്ധമുള്ള സകല പക്ഷികൾക്കും എടുത്ത് ഹോമ ബലികളെ കഴിച്ചു '[3] എന്നും നാം ബൈബിളിൽ വായിക്കുന്നു. 'ജാക്കോബും ബലി നടത്തിയിരുന്നു.'[4] നീ ദൈവമായ യഹോവയുടെ ബലി പീഠത്തിൽ നിന്റെ ഹോമ ബലികളെ, മാംസത്തെയും രക്തത്തെയും കൂടെ കഴിക്കണം എന്നു മോശേ വിധിക്കുന്നു.[5] ഇതിൽ നിന്ന് ബലി കർമം തൗറാത്തിൽ (പഴയ നിയമത്തിൽ) വിധിക്കപ്പെട്ടിരിക്കുന്നുവെന്നും തെളിയുന്നുണ്ടല്ലോ.

മജൂസികളുടെ മതത്തിലും (സോറോസ്ട്രിയൻ) ബലി കർമം നിർദേശിക്കപ്പെട്ടിട്ടുണ്ട്.

പിന്നെയുള്ള ഒരു പ്രധാന മതം ഹിന്ദു മതമാണ്. വേദങ്ങൾ ബലികർമത്തെ വിധിക്കുന്നുണ്ടെന്നും പുരാതന ഹിന്ദുക്കൾ യാഗബലികളും ഹോമബലികളും ധാരാളം നടത്തിയിരുന്നുവെന്നുമുള്ളതിന് നിരവധി തെളിവുകളുണ്ട്. ഹിന്ദു മതത്തിന്റെ ഒരു പ്രധാനാംശമാണ് യാഗം. ഈ യാഗങ്ങളിൽ അധികവും വധിക്കപ്പെട്ടിരുന്നത് പശുക്കളാണെന്നത് ശ്രദ്ധേയമാണ്. യജുർ വേദത്തിലെ തൈതരീയ ബ്രാഹ്മണത്തിൽ ഓരോ ദേവന്മാർക്കും ബലിയർപ്പിക്കേണ്ട പശുക്കളുടെ ലക്ഷണങ്ങൾ കൂടി ചേർത്തിട്ടുണ്ട്. 'ഇന്ദ്രന് കനത്ത കാലുള്ള പശു, വിഷ്ണുവിനും വരുണനും മച്ചിപ്പശു, പുശാവിന് ഒരു കറുത്ത പശു, വായുവിന് ഒരിക്കൽ മാത്രം പ്രസവിച്ച പശു, രുദ്രനു ചുവന്ന പശു, സൂര്യനു വെളുത്ത മച്ചിപ്പശു. ' അങ്ങനെ പോകുന്നു വിധികൾ. 'പഞ്ചശരദീയസവം 'എന്ന പേരിൽ നടത്തിയ മഹായജ്ഞത്തിൽ ഇളം പ്രായമായ പതിനേഴ് പശുക്കളെ കൊണ്ടുവന്നിരുന്നുവത്രെ. ബലിമൃഗത്തിന്റെ മാംസം പങ്കിടേണ്ട ക്രമത്തെക്കുറിച്ച് തൈതരീയ ബ്രാഹ്മണത്തിലും ഏതേതു ഭാഗങ്ങൾ ആർക്കാർക്ക് ലഭിക്കണമെന്നതിനെ കുറിച്ച് അഥർവേദത്തിലും വിശദമായി പറഞ്ഞിരിക്കുന്നു. ബ്രഹ്മാവ് പശുക്കളെ യാഗത്തിനായിട്ടാണ് സൃഷ്ടിക്കപ്പെട്ടിരിക്കു

ന്നത് എന്നാണ് മനുസ്മൃതിയിൽ പറഞ്ഞിരിക്കുന്നത്. ശ്രീശങ്കരാചാര്യ സ്വാമികൾ അതിനെ അംഗീകരിച്ചിട്ടുണ്ട്.6 മൃഗങ്ങളെയും പക്ഷികളേയും ബലിയർപ്പിക്കുന്ന പതിവ് ഹിന്ദുക്കളിൽ ഇന്നും പതിവുള്ളതാണല്ലോ.

ചൈനയിലെ മൂന്ന് പ്രധാന മതങ്ങളിലൊന്നായ കൺഫ്യൂഷ്യനിസത്തിലും ബലികർമത്തിനു പ്രധാന സ്ഥാനമുണ്ടെന്ന് കാണാം. കൺഫ്യൂഷ്യനിസത്തിലെ രണ്ടു പ്രധാന ഉത്സവങ്ങളിലും വിവിധ തരത്തിൽ എഴുപതിനായിരത്തോളം മൃഗങ്ങളെ ബലിയിടാറുണ്ടായിരുന്നത്രെ!

ഇനി നമുക്ക് ക്രിസ്തുമതത്തെ എടുക്കാം. പ്രത്യക്ഷത്തിൽ അത്തരം ബലികർമങ്ങൾ ക്രിസ്തുമതത്തിൽ കാണപ്പെടുന്നില്ല. അവരുടെ മതാധാരമായ പഴയനിയമം അനുശാസിക്കുന്നുണ്ടെങ്കിലും എന്നാൽ ക്രൈസ്തവ പാപപരിഹാര സിദ്ധാന്ത സൗധം തന്നെ ഇത്തരം ഈ ബലികർമത്തിന്റെ അസ്ഥിവാരത്തിലാണ് കെട്ടി പടുത്തിട്ടുള്ളതെന്ന് പറഞ്ഞാൽ അതൊരു വാസ്തവമായിരിക്കും. പഴയ നിയമത്തിൽ പറയപ്പെട്ട എല്ലാ ബലികളും മനുഷ്യവംശത്തിന്റെ പാപമോചനാർഥമുള്ള ദൈവപുത്രന്റെ ആ മഹാത്യാഗത്തെ അഥവാ മഹാബലിയെ സൂചിപ്പിക്കുകയും പ്രതിഫലിപ്പിക്കുകയും ചെയ്യുന്നുവെന്നാണല്ലോ ക്രിസ്ത്യാനികൾ വിശ്വസിക്കുന്നത്. ഇങ്ങനെ മിക്ക മതങ്ങളിലും ബലികർമത്തിന് മൗലികമായ ഒരു സ്ഥാനമുണ്ടെന്നു കാണാം. ഈ വർഗക്കാരിലും അർവാചീന നാഗരിക ജനങ്ങളിലും അവരുടെ സംസ്കാര പരിഷ്ക്കാരാധികളുടെ അടിസ്ഥാനമായിരുന്ന മതത്തിന്റെ വിധികളനുസരിച്ച് ബലികർമങ്ങൾ നടത്തിയിരുന്നതായി തെളിഞ്ഞിരിക്കുന്നു. മതാധിഷ്ഠിതമായ സമൂഹങ്ങളിലെല്ലാം ബലികർമം സുപ്രധാനമായ ഒരു ഭാഗം വഹിച്ചിട്ടുണ്ടെന്നത് അനിഷേധ്യമാണ്. ബലി കർമം ഏത് തരത്തിലുള്ള ധർമ ശാസ്ത്രത്തിന്റെയും മതത്തിന്റെയും തത്ത്വജ്ഞാനത്തിന്റെയും മൗലിക സിദ്ധാന്തമായിരുന്നിട്ടുണ്ട് എന്ന് പ്രകാരാന്തേന നമുക്ക് മനസ്സിലാക്കാൻ പ്രയാസമില്ല.

## ഇസ്‌ലാമും ബലിയും

ബലികർമത്തിന് ഇസ്‌ലാമിൽ പ്രധാനമായ ഒരു സ്ഥാനമാണുള്ളത്. ഇസ്‌ലാമിലെ കർമ പഞ്ചകത്തിൽ ഹജ്ജ് കർമത്തിലെ ഒരു പ്രധാനാനുഷ്ഠേയവുമാണല്ലോ ഇത്. ഹദ്റത്ത് ഇബറാഹിം(അ)ന് തന്റെ പുത്രനായ ഇസ്മായീലിനെ ബലികഴിക്കുന്നതായ ഒരു ആത്മീയ ദർശനമുണ്ടായി. ആ ദർശനത്തെ സാക്ഷാത്ക്കരിക്കുവാൻ സ്വപുത്രേഛാനുസാരം ആ മഹാത്മാവ് അതിനൊരുങ്ങുകയും ചെയ്തു. എന്നാൽ തന്റെ അരുമ മകനെ ബലിവേദിയിൽ കിടത്തി അദ്ദേഹം അറുക്കുവാൻ ഒരുങ്ങുകയായിരുന്നപ്പോൾ അദ്ദേഹത്തിന് അങ്ങനെ ചെയ്യേണ്ടതില്ലെന്ന കൽപ്പനയുണ്ടാകുകയും പകരം അദ്ദേഹം ഒരു മുട്ടനാടിനെ ബലിയിടുകയും ചെയ്തു. ഹദ്റത്ത് ഇബ്രാഹിമി(അ)ന്റെ ത്യാഗ മനോഭാവത്തിൽ അല്ലാഹു തൃപ്തിപ്പെടുകയും അതിന് പ്രതിഫലമായി അല്ലാഹു അദ്ദേഹത്തിനു മഹത്തായ പല അനുഗ്രഹങ്ങളും നൽകുകയും ചെയ്തു. ഇസ്‌ലാമിലെ ബലികർമം ഈ മഹത്തായ ത്യാഗത്തിലേക്കാണ് മനുഷ്യന്റെ ശ്രദ്ധയെ ക്ഷണിക്കുന്നത്. ഇസ്‌ലാമിലെ ബലികർമത്തിന് സവിശേഷമായൊരു അസ്തിത്വമുണ്ട്. അതിന് ദൈവത്തിന്റെ ഏകത്വത്തിനും മനുഷ്യമഹത്വത്തിനും നിരക്കാത്ത ഒരു നിലപാടുമില്ല തന്നെ. ഹദ്റത്ത് ഇബ്റാഹി(അ)മിന്റെ ആ ദിവ്യയജ്ഞത്തെ അനുസ്മരിച്ചു കൊണ്ട് അല്ലാഹു പറയുന്നു: 'ഒരു മഹാബലി കൊണ്ടു അവനെ (ഇസ്മായിലിനെ) വീണ്ടെടുത്തു' 7 ഇത് കൊണ്ട് തന്നെ മനസ്സിലാകുന്നത് പൈശാചികവും ക്രൂരവുമായ ഒരു നിന്ദ്യ കർമത്തിൽ നിന്ന് മനുഷ്യവംശത്തെയാകെ മോചിപ്പിച്ചുവെന്നാണ്. ദേവന്മാരെ പ്രസാദിപ്പിക്കുന്നതിനും പാപ പരിഹാരങ്ങൾക്കുമായി നടത്തപ്പെട്ടിരുന്ന നരബലിക്കെതിരെ നിത്യവും വ്യക്തവുമായതുമായ വിധിയാണിത്. ഇസ്മായീലി (അ)നെ മോചിപ്പിച്ചു എന്ന ദിവ്യവാക്യത്തിൽ നിബന്ധം ചെയ്യപ്പെട്ടിരിക്കുന്നത്. ഹദ്റത്ത് ഇബ്റാഹീമി(അ)ന്റെ ബലിയെ മഹാബലിയെന്നും മനുഷ്യ വർഗത്തിനു നരബലിയെ ശാശ്വതമായി നിരോധിച്ചുകൊണ്ടുള്ള ആ സംഭവത്തിന്റെ സ്മാരകമായി ലോകാന്ത്യം വരെ ആ ബലികർമ്മം പ്രയോഗക്ഷമമായി അനുസ്മരിക്കപ്പെടുമെന്നത് കൊണ്ടാകുന്നു. അതോടെ ബലി നടത്തുന്നത് അല്ലാഹുവിന്റെ പേരിൽ മാത്രം അവന്റെ സർവതോന്മുഖമായ സ്ഥാന ശക്തികളെ അംഗീകരിച്ചുകൊണ്ടുള്ളതായിരിക്കണമെന്നതു നിർബന്ധമായി അല്ലാഹു ഖുർആനിൽ പറയുന്നു. 'നിങ്ങളുടെ ആരാധ്യൻ ഏകനാകയാൽ അവനു മാത്രമാണ് വഴിപാട് നൽകേണ്ടത്' എന്ന്.8 യഥാർഥത്തിൽ ഈ രൂപത്തിൽ തന്നെയായിരുന്നു ബലികർമത്തിന്റെ ഉദ്ഭവം. കാലാന്തരത്തിൽ അത് അനാചാരങ്ങൾ നിറയുകയും അന്ധവിശ്വാസ ജഡിലമാവുകയും ചെയ്തു. ഹദ്റത്ത് ഇസ്മായീലിന്റെ ബലി സംഭവം ആ കർമത്തിന്റെ നിർമലത്വത്തെ അസന്ദിഗ്ദ്ധമായി പ്രഖ്യാപനം ചെയ്യുന്നു.

## ഉദ്ദേശ്യവും യുക്തിയും

ബലികർമത്തിന് മഹത്തായ ഉദ്ദേശ്യവും ലക്ഷ്യവുമുണ്ട്. മനുഷ്യജീവിതത്തിന്റെ വിജയവും പരിപൂർണതയും പരമമായ ശക്തിയിൽ സായൂജ്യം പ്രാപിക്കുന്നതിലാണ് സ്ഥിതി ചെയ്യുന്നത്. അതുകൊണ്ടാണ് ഭൗതികാസ്വാദനങ്ങളിലൂടെ മാത്രം നിത്യാനന്ദം ദുഷ്പ്രാപ്യമാണെന്ന് മതങ്ങൾ പഠിപ്പിക്കുന്നത് . ആത്മപരിത്യാഗം, ആത്മ നിരസനം, ആത്മ നിയന്ത്രണം, ആത്മ സംഹാരം ഇത്യാദികളിലൂടെ മനുഷ്യ ജീവിതത്തിലെ ഏറ്റവും സന്ദിഗ്ദ്ധവും ഗൗരവതരവുമായ പ്രശ്നങ്ങൾക്ക് പരിഹാര മാർഗങ്ങൾ കണ്ടെത്തപ്പെട്ടിട്ടുണ്ട്.

മുക്തി, ആനന്ദം, ആത്മ സംതൃപ്തി എന്നിവയുടെ പ്രാപ്യത ത്യാഗ ബോധത്തിന്റെ അഥവാ ബലിയുടെ അടിസ്ഥാന തത്ത്വത്തെക്കുറിച്ചുള്ള യഥാർഥ പരിജ്ഞാനത്തെ ആശ്രയി ച്ചാണിരിക്കുന്നത്. ഇസ്‌ലാം ആത്മ സംത്യാഗത്തിന്റെ അതിവിശിഷ്ട മായ ഒരു മതമത്രെ. ഇസ്‌ലാം എന്നതിന്റെ അർഥം ആത്മാർപ്പണം എന്നാണ്.

ദൈവത്തോടുള്ള അകൃത്രിമ വും നിഷ്കാമവുമായ സ്നേഹാതി രേകത്തിന്റെ പ്രകടനമാണ് ബലി കർമം. ബലികർമത്തിന്റെ പ്രാധാന്യ ത്തെ ശക്തിപൂർവം സ്ഥിരപ്പെടു ത്തുന്ന പരിശ്രമത്തിൽ ജൂതന്മാർ അഥവാ യഹൂദികൾ അതിനെ പ്രത്യേകമായ ആളുകളിലും സ്ഥല ത്തും ആക്കി അതിരിട്ടുകൊണ്ട് അതിന്റെ പൊരുളിനെ അവഗണി ച്ചുകളഞ്ഞു. ക്രിസ്ത്യാനികളാകട്ടെ അതിനെ മാത്രം സ്വീകരിച്ചുകൊണ്ട് പ്രായോഗിക വശത്തെ പരിത്യജി ക്കുകയും ചെയ്തു. എന്നാൽ ഇസ്‌ലാം ബലികർമത്തെ ആചാരപര മായും താത്വികമായും ആശ്ലേഷം ചെയ്യുന്നു. അതിനാലാണ് ത്യാഗ ത്തിന്റെ അഥവാ ബലിയുടെ പൊരുളിന്റെ ചിഹ്നവും സൂചന യുമെന്ന നിലയിൽ ഈ കർമ ത്തെനിലനിർത്തി കൊണ്ടുപോവേ ണ്ടതിനു ബലി പെരുന്നാൾ നടത്തുവാനും ആ സുദിനത്തിൽ ഭോജ്യ മൃഗങ്ങൾ ബലിയിടാനും ഇസ്‌ലാം കൽപ്പിച്ചത്. ഇ സ്‌ലാമിന്റെ ഈ കൽപ്പന ആചാരമാത്രമായ അനുകരണത്തിനുള്ളതല്ല. ബലി നടത്തുന്നയാളുടെ ത്യാഗ സ ന്നദ്ധതയുടെയും ആത്മ ശുദ്ധിയു ടെയും പ്രകടനമാണ്. ഭൗതികമായ ഒന്നും ദൈവത്തിന് ആവശ്യമില്ല. വിഗ്രഹാരാധകരായ മതക്കാർ പാപപരിഹാരാധികൾക്കായി രക്തവും മാംസവും ദേവനു നിവേദിക്കുന്നത് പോലെയല്ല മുസ്‌ലിംകൾ മൃഗത്തെ ബലിയിടു ന്നത്. അതു കൊണ്ടാണ് മൃഗത്തെ അറുക്കുന്നവൻ ബലിയിടുമ്പോൾ അല്ലാഹുവിന്റെ നാമത്തിൽ 'അല്ലാ ഹു വലിയവൻ 'എന്നുച്ചത്തിൽ ഉച്ചരിക്കുവാൻ കൽപ്പിച്ചത്. സർവശക്തനും സർവ സ്രഷ്ടാവു മായ അല്ലാഹുവിന്റെ പേരിലേ ബലിയിടാവൂ. അങ്ങനെ അറുക്ക പ്പെട്ട മൃഗത്തിന്റെ മാംസം മാത്രമേ ഭോജ്യമാവൂ എന്നും ഇസ്‌ലാം വിധിക്കുന്നു.

ബലി മനുഷ്യനെ ദൈവത്തോട ടുപ്പിക്കുന്ന പുണ്യകർമമാണ്. അത് കാരണമായിട്ടാണ് ബലിയിടുന്ന മൃഗത്തെ ഖുർബാന ('ഖുർബ' എന്ന അറബി പദത്തിന്നർഥം അടുപ്പം എന്നാണ്) എന്നു വിളിക്കുന്നത്. അതായത് ആർ ആത്മാർഥമായും ഭക്തിപൂർവവും ഈ കർമം അനുഷ്ഠിക്കുന്നുവോ അവർ അല്ലാഹുവുമായി കുടുതൽ അടുക്കുകയും അവനെ കൂടുതൽ അറിയുകയും ചെയ്യുന്നു. ഈ ബലികർമം നമുക്ക് പഠിപ്പിക്കുന്നത് ഭൗതികമായ എല്ലാ സുഖസൗകര്യ ങ്ങളും ഉപേക്ഷിച്ചു കൊണ്ട് സ്രഷ്ടാവിനോടുള്ള പ്രേമ പ്രകർഷത്തെ പ്രത്യക്ഷീകരിക്കാൻ ഒരു മുസ്‌ലിം സദാ സന്നദ്ധനായി രിക്കണമെന്നാണ്. ഈ നിഷ്ക്കാമ മായ ബലികർമം മുഖേന തന്റെ പാപ പ്രവണമായ ആത്മാവിനെ അയാൾ ഹനിക്കുകയത്രെ ചെയ്യു ന്നത്. എന്നു വെച്ചാൽ പ്രാപഞ്ചിക മായ സകല താൽപര്യങ്ങളെയും ദൈവത്തിന്റെ പേരിൽ ബലിയിടുക യാണ് ചെയ്യുന്നത്. അതാണ് നിത്യ ദുഃഖത്തിൽ നിന്നുള്ള മോചന മാർഗമെന്ന് നാം മനസ്സിലാക്കുന്നു. വിശുദ്ധ ഖുർആൻ പറയുന്നു ' പറയുക, എന്റെ പ്രാർഥനയും എന്റെ ത്യാഗങ്ങളും (ബലികളും) എന്റെ ജീവിതവും എന്റെ മരണവും എല്ലാം സർവ ലോക സ്രഷ്ടാവും നിയന്താവുമായ അല്ലാഹുവിനാകുന്നു.9 നബി തിരുമേനി(സ) ബലിമൃഗങ്ങളെ ക്കുറിച്ച് ഇങ്ങനെ പറഞ്ഞിരിക്കുന്നു: 'നിശ്ചയമായും ബലി വസ്തുക്കൾ ലോകനാഥന്റെ അടുക്കലേക്ക് കൊണ്ടു പോകുന്ന വാഹനങ്ങളാ കുന്നു. അവ പാപങ്ങളെ കഴുകി ക്കളയുകയും കഷ്ടതകളിൽ നിന്നു രക്ഷപ്പെടുത്തുകയും ചെയ്യുന്നു. ബലി ചെയ്യപ്പെടുന്ന മൃഗത്തിന്റെ മാംസം ദുരു പയോഗപ്പെടുത്താൻ പാടുള്ളതല്ല. അത് സാധുക്കൾക്കും അഗതികൾക്കും ബന്ധുക്കൾക്കും ഭക്ഷണമായിരിക്കേണ്ടതാണെന്നു കൽപ്പിക്കപ്പെട്ടിരിക്കുന്നു. മനുഷ്യൻ തന്റെജീവിതം സത്യത്തിന് വേണ്ടി ബലിയാവാൻ സന്നദ്ധനായിരി ക്കുന്നതോടുകുടി അതിനെ ലോകത്തിന് ഉപകാര പ്രദമാക്കാൻ പരിശ്രമിക്കുകയും ചെയ്യണമെന്ന പാഠമാണ് ഈ കൽപ്പനയിലടങ്ങി യിരിക്കുന്നത്. ബലി ചെയ്യുന്ന മൃഗത്തിന്റെ രക്തവും മാംസവുമല്ല ദൈവത്തിന്റെ അരികിലെത്തുന്ന തെന്നും ബലി ചെയ്യുന്ന ആളിന്റെ ഹൃദയ ശുദ്ധിയും ത്യാഗവും മാത്രമാണ് ദൈവത്തിന്റെ പക്കൽ പരിഗണിക്കുന്ന തെന്നും വിശുദ്ധ ഖുർആൻ അസന്ദിഗ്ദ്ധമായി പ്രഖ്യാപിക്കുന്നു. 'നിങ്ങൾ ബലിയിടുന്ന മൃഗത്തിന്റെ മാം സമോ രക്തമോ അല്ലാഹുവിന്റെ അടുക്കൽ എത്തുന്നില്ല. നിങ്ങളുടെ സൂക്ഷമതാ ബോധമാണ് അല്ലാഹു വിന്റെ അടുക്കൽ എത്തുന്നത്. '10 എന്ന് പവിത്ര ഗ്രന്ഥം ഘോഷിക്കു ന്നു.

ബലികർമം മനുഷ്യ ഹൃദയ ത്തിലെ വിചാരഗതിയുടെ ഒരു പ്രായോഗിക പ്രകാശനമാണെന്ന് പറയാം. പുരാതനകാലങ്ങളിൽ പ്രതിരുപപരമായ കർമമാർഗങ്ങളി ലൂടെ ആശയം പ്രകടനം ചെയ്യുന്ന സമ്പ്രദായം നിലവിലുണ്ടായിരുന്നു. ഉക്തഭാഷയും ലിഖിത ഭാഷയും പ്രചുര പ്രചരിതമാവുകയും സാഹിത്യകല ഉച്ച കോടിയെ പ്രാപിച്ചിരിക്കുകയും ചെയ്ത ഇക്കാലത്ത് പോലും ഇത്തരം പ്ര കടനങ്ങൾ ധാരാളം കാണാം. ഒരു ചെറിയ ഉദാഹരണം പറയാം. സാധാരണയായി ഹസ്തദാനം ചെയ്യാറുണ്ടല്ലോ, പരമ്പരാഗതമായി അനുവർത്തിക്കപ്പെടുന്ന ആ ആചാരത്തിന്റെ യുക്തിയെന്താണ്? വ്യക്തമായ ഒരാശയത്തിന്റെ പ്രകടനമാണെന്ന് പറയാതെ തരമി ല്ല. പൂർവ കാലങ്ങളിൽ പരസ്പരം സഹായിക്കാനും ഒന്നിച്ചിരുന്നു

പൊരുതാനുമുള്ള ഒരുടമ്പടിയിലേർപ്പെട്ടു കഴിഞ്ഞാൽ കൈകളന്യോന്യം കോർത്തു പിടിച്ചു കൊണ്ട് പരസ്പര സഹായ സന്നദ്ധത പ്രകടിപ്പിക്കാറുണ്ടായിരുന്നു. മേലിൽ ഒരാളുടെ കൈ മറ്റയാളുടെ കൈയായി ഗണിക്കുമെന്നായിരുന്നു അതിന്റെ അർഥം. ഇവ്വിധമാണ് ഈ ഉപചാരത്തിന്റെ ഉൽപ്പത്തിയുണ്ടായത്. കാലക്രമേണ ഈ പതിവ് സൗഹൃദത്തിന്റെയും സ്നേഹത്തിന്റെയും ചിഹ്നമായി. സ്നേഹിതന്മാർ പരസ്പരം കണ്ടുമുട്ടിയാൽ പരസ്പരം ഹസ്തദാനം ചെയ്യണമെന്നായി. ഇന്നാരും ഈ ആചാരത്തിന്റെ യുക്തിയും ഉദ്ഭവവും അന്വേഷിക്കാറില്ല. അതിനെ അപലപിക്കാൻ മുതിരാറുമില്ല. അതുപോലെ തന്നെ ചുംബനവും ചുംബിക്കപ്പെടുന്ന ആളെ തന്നിലേക്കാകർഷിക്കുകയും ഏകീകരണം സാധിക്കുകയും ചെയ്യാനുള്ള ജീവിപരമായ ഒരുൾപ്രേരണയെ കുറിക്കുന്ന ഒരു പ്രതീകമാണ് അത്. ഇങ്ങനെ ചുംബനം പ്രേമത്തിന്റെ ബഹിർസ്ഫുരണമായി തീർന്നു. അങ്ങനെ നമ്മുടെ നിത്യജീവിതത്തിൽ തന്നെ അനേകം ആചാരങ്ങളും കർമങ്ങളും നമ്മുടെ വിചാരഗതിയുടെയും ആശയങ്ങളും പ്രതിസ്ഫുരണങ്ങളും ചിഹ്നങ്ങളുമെന്ന നിലയിലും നാം നിർവഹിക്കാറുണ്ട്. ബലികർമത്തെയും ഈ ഇനത്തിൽപ്പെടുത്തിയാൽ മതിയാകും. ബലികർമം ഒരു സിംബൽ മാത്രമാകുന്നു. ഈ വസ്തുത മനസ്സിലാകാത്തത് കൊണ്ടാണ് ബലികർമത്തെക്കുറിച്ച് പല വിധ തെറ്റിദ്ധാരണകളും വ്യാഖ്യാനങ്ങളും ഉണ്ടാകുന്നത്. ദൈവത്തിന്റെ മുമ്പാകെ മനുഷ്യന്റെ ത്യാഗ സന്നദ്ധതയും നിർമലതയും പ്രകടിപ്പിക്കാനുള്ള ഒരു കർമമത്രെ ബലി. സമുന്നതവും ദിവ്യവുമായ ഒരു കാര്യത്തിനു വേണ്ടി തന്റെ ജീവിതത്തെ ബലിയർപ്പിക്കാനും ആ ബലി മുഖേന പരലോകത്ത് തന്റെ ജീവിതത്തിന് ഉപകാര പ്രദമാകാനും താൻ സന്നദ്ധനാണെന്ന് ദൈവത്തിന്റെ മുമ്പാകെ കർമണയാ പ്രഖ്യാപിക്കുകയത്രെ ബലി നടത്തിക്കൊണ്ട് ഒരാൾ ചെയ്യുന്നത്. ഈ അടിസ്ഥാനത്തിൽ ചിന്തിക്കുന്നതായാൽ ബലികർമം യുക്തിയിന്മേൽ കാലുറപ്പിച്ചതാണെന്ന് എളുപ്പത്തിൽ മനസ്സിലാവും.

ഈ കർമം നമുക്ക് കാണിച്ചു തന്നിട്ടുള്ളതും അതു മുഖേന ദൈവത്തിന്റെ പ്രീതി കരസ്ഥമാക്കാമെന്ന് പഠിപ്പിച്ചതും പ്രവാചകന്മാരാണ്. ദൈവമുണ്ടെന്നും പ്രവാചകന്മാർ ദൈവത്തിന്റെ ദൂതന്മാരാണെന്നും വിശ്വസിക്കപ്പെട്ടു കഴിഞ്ഞാൽ അവർ പ്രവർത്തിക്കുന്നതിലും ഉപദേശിക്കുന്നതിലും അയുക്തികമായി ഒന്നുമില്ലെന്ന് വിശ്വസിച്ചു നാം അവയെ അനുവർത്തിക്കേണ്ടതാണ്. യുക്തിയുണ്ടെങ്കിൽ മാത്രമേ അത് ചെയ്യൂ എന്ന് ശഠിക്കുന്നത് യുക്തി ശൂന്യതയാണ്. മാംസം ഭുജിക്കേണ്ടതാവശ്യമാണെന്നും അതിന് മൃഗത്തെ വ ധിക്കേണ്ടതാണെന്നും വരുമ്പോൾ ബലികർമം ഹിംസാത്മകമാണെന്ന വാദത്തിന് പ്രസക്തിയുണ്ടാവില്ല. ഹിംസാത്മക വാദത്തിന് പ്രസക്തിയില്ലെങ്കിൽ പിന്നെ ബലികർമത്തിന് ആക്ഷേപാർഹമായോ നിന്ദ്യ പരമായോ ഒന്നും തന്നെയില്ല.

ചുരുക്കി പറഞ്ഞാൽ ബലികർമത്തിന്റെ യഥാർഥമായ ഉദ്ദേശ്യ ലക്ഷ്യങ്ങൾ അറിയാതെയും അതിലടങ്ങിയ യുക്തി രഹസ്യങ്ങൾ മനസ്സിലാക്കാതെയുമാണ് പലരും അതിനെ ആക്ഷേപിക്കുകയും അപഹസിക്കുകയും ചെയ്യുന്നത്. ബലിയിൽ അന്തർഭവിച്ചിരിക്കുന്ന തത്ത്വരഹസ്യങ്ങളെ ശരിക്കും മനസ്സിലാക്കിയിട്ടുള്ള ഒരാൾ വമ്പിച്ച ഒരുത്തരവാദിത്ത്വമാണ് ഏറ്റെടുത്തിരിക്കുന്നത്. ആ തത്ത്വത്തെ സാക്ഷാത്ക്കരിക്കുവാൻ അയാൾ തയ്യാറില്ലെങ്കിൽ ആ ബലി വ്യർഥം അയാളുടെ ജീവിതം വ്യർഥം. (1999 മാർച്ചിൽ സത്യദൂതനിൽ പ്രസിദ്ധീകരിച്ചത്).


**Reference**

1. വിശുദ്ധ ഖുർആൻ 22:34
2. Universal History of the World Vol 1p. 327
3. ഉൽപ്പത്തി 8:20
4. ഉൽപ്പത്തി 31: 45
5 ആവർത്തനം 12: 27
6. ഹിന്ദുക്കളുടെ ജന്തുഹിംസ – കെ ദാമോദരൻ പുസ്തകം 8,9
7. വി. ഖുർആൻ 37:107
8 .വി. ഖുർആൻ 22: 34
9. വി. ഖുർആൻ 6: 163
10 വി. ഖുർആൻ 22:37


## വിവാഹവും ഗാനാലാപനവും


ഹദ്റത്ത് ആയിശ(റ) നിവേദനം ചെയ്യുന്നു: അവർ ഒരു വധുവിനെ അണിയിച്ചൊരുക്കി ഒരു അൻസാരിയുടെ വീട്ടിലേക്കയച്ചു. അപ്പോൾ നബി (സ) ചോദിച്ചു: ആയിശാ, വിവാഹാവസരത്തിൽ പാട്ടു പാടുന്ന സംവിധാനങ്ങൾ എന്തുകൊണ്ട് ഒരുക്കിയില്ല? അൻസാറുകൾ വിവാഹാവസരത്തിൽ പാട്ടു പാടുന്നത് ഇഷ്ടപ്പെടുന്നവരാണ്. (ബുഖാരി)

മനുഷ്യഭാഷ: ഒരു നിഗൂഢ യാഥാർഥ്യം – 2

# ഭാഷയും മസ്തിഷ്കവും

മനുഷ്യ മസ്തിഷ്കവും ഭാഷയും തമ്മിലുള്ള ബന്ധത്തെപ്പറ്റി നിരവധി വസ്തുതകൾ ആധുനിക ശാസ്ത്രം വെളിപ്പെടുത്തിയിട്ടുണ്ട്. ഭാഷയിലൂടെയുള്ള ആശയ പ്രകടന സിദ്ധി അല്ലാഹു മനുഷ്യന് നൽകിയ അത്ഭുതകരമായ ഒരു വരദാനമാണ്. മനുഷ്യൻ സംസാരിക്കുമ്പോൾ ആശയവിനിമയം എങ്ങനെ സംഭവിക്കുന്നു എന്നതിനെ കുറിച്ച് ഒരു വിശദീകരണം.

## എ. എം. മുഹമ്മദ് സലീം




ശ്രോതാവിന് കേൾക്കാവുന്ന ഭാഷാപദങ്ങളായി നമ്മുടെ സംസാരം വായിലൂടെ ഉച്ചരിക്കപ്പെടുന്നതിന് മുമ്പ് ഭാഷണ വിഷയം തുടക്കം കുറിക്കുന്നത് എവിടെനിന്നാണ്? മസ്തിഷ്ക്കത്തിൽ നിന്നോ മനസ്സിൽ നിന്നോ? ഭാഷയിലൂടെ ഉച്ചരിക്കപ്പെടുന്ന ആശയം തിരഞ്ഞെടുത്ത് അതിന് ഭാഷാപരമായ ആവിഷ്ക്കാരം നടത്തുന്നത് പൂർണമായും സ്ഥൂലമായ മസ്തിഷ്ക്കത്തിൽ നിന്നല്ല. സൂക്ഷ്മമായ മനസ്സ് എന്ന പ്രതിഭാസത്തിൽ നിന്നാണ് അത് ആരംഭിക്കുന്നത്. മനസ്സിൽ നിന്നാണെങ്കിൽ മനസ്സ് എവിടെയാണ്? അമൂർത്തവും അദൃശ്യവും സൂക്ഷ്മവുമായ മനസ്സിനെ ശരീരത്തിന്റെ ഒരു അവയവമായും ബന്ധിപ്പിക്കാനാവില്ല. അമൂർത്തമായ മനസ്സിൽ അഥവാ ബോധമണ്ഡലത്തിൽ വെച്ചാണ് ഭാഷണത്തിന്റെ രൂപീകരണം ആരംഭിക്കുന്നത് എന്നത് വ്യക്തമാണ്. ശരീരബന്ധിതമായ ഈ അമൂർത്തമായ ബോധമണ്ഡലത്തിൽ നടക്കുന്ന ചിന്ത, ഭാഷാരൂപങ്ങളാക്കി പ്രോസസ്സ് ചെയ്ത് അത് ഉച്ചാരണാവയവങ്ങളിലൂടെ വചിക്കപ്പെടുകയാണ് ചെയ്യുന്നത്. മനസ്സിന്റെയും ഉച്ചാരണാവയവങ്ങളുടെയും ഇടനിലക്കാരനായി നിന്ന് അതി സങ്കീർണമായ ഈ പ്രവർത്തനം നിർവഹിക്കുന്നത് മനുഷ്യന്റെ മസ്തിഷ്ക്കമാണ്. മനസ്സും മസ്തിഷ്ക്കവും തമ്മിലുള്ള ബന്ധം അഭേദ്യവും അനിഷേധ്യവുമാണ്.

ഭാഷാ പ്രയോഗത്തിൽ മസ്തിഷ്ക്കത്തിന്റെ സ്ഥാനം എന്താണ് എന്നുള്ളതിനെ സംബന്ധിച്ച് ആധുനിക ശാസ്ത്രത്തിന് വളരെയേറെ തെളിവുകൾ ലഭിച്ചിട്ടുണ്ട്. ചിന്തയുടെ ഉറവിടം മനസ്സ് അഥവാ ആത്മാവ് അദൃശ്യവും അമൂർത്തവുമായ ഒരു മേഖലയാണെങ്കിലും തലച്ചോറിന് മനസ്സുമായുള്ള ബന്ധം അഭേദ്യമാണെന്ന് പറഞ്ഞുവല്ലോ. ഭാഷാസിദ്ധിയും ഭാഷണവൃത്തിയുമായി മസ്തിഷ്ക്ക

രണ്ടാം ലോക മഹായുദ്ധത്തിൽ തലച്ചോറിന് വെടിയുണ്ടയേറ്റ് പരിക്കേറ്റ പട്ടാളക്കാരുടെ ഭാഷണ ശേഷി തീരെ നശിച്ചുപോകുകയോ ഭാഷണ വൈകല്യം സംഭവിക്കുകയോ ചെയ്തു. ഇത് സംബന്ധിച്ച വൈദ്യശാസ്ത്ര പഠന ഗവേഷണങ്ങളാണ് മസ്തിഷ്ക്കവും ഭാഷണ വ്യത്തിയുമായുള്ള ബന്ധത്തെപ്പറ്റി ശാസ്ത്രജ്ഞന്മാർക്ക് കൂടുതൽ അറിവ് പകർന്നത്. ഇത് ജൈവ ഭാഷാ ശാസ്ത്രം (Biolinguistic) എന്ന ശാസ്ത്ര ശാഖക്ക് ജന്മം നൽകിയിരിക്കുന്നു.

ത്തെ ബന്ധപ്പെടുത്തിക്കൊണ്ടുള്ള സമഗ്രമായ ശാസ്ത്രീയ പഠനങ്ങൾ ആരംഭിച്ചിട്ട് അരനൂറ്റാണ്ട് കാലമേ ആയുള്ളൂ.

മനുഷ്യ ശരീരം എന്ന സ്ഥൂല രൂപത്തിലുള്ള വസ്തുവാണ് ചൈതന്യ രൂപത്തിലുള്ള ആത്മാവിന്റെ ജനനി എന്നാണ് അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരായ ഹദ്റത്ത് അഹ്മദ് (അ) ന്റെ വാദം. ഭാഷണ കല മനുഷ്യന്റെ ആത്മീയ ഗുണത്തിന്റെ പ്രകടനമായതിനാൽ ഭാഷക്കും മസ്തിഷ്ക്കത്തിനുമുള്ള ബന്ധം ഒരു സവിശേഷ ശ്രദ്ധയർഹിക്കുന്ന വിഷയമായി മാറുന്നു. മസ്തിഷ്ക്കവും ആത്മാവുമായുള്ള ബന്ധത്തെപ്പറ്റി ഹദ്റത്ത് അഹ്മദ് (അ) എഴുതുന്നു:


***നമ്മുടെ ആത്മാവിന്റെ ക്ഷേമ സ്ഥിതി ശരീരത്തിന്റെ ആരോഗ്യത്തെ ആശ്രയിച്ചി രിക്കുന്നു. എന്നത് പ്രസ്പഷ്ടമാണല്ലോ. മസ്തിഷക്കത്തിന്റെ ഒരു പ്രത്യേക സ്ഥാനത്ത് പ്രഹരമേൽക്കുന്നതായാൽ ചിന്താ ശക്തി നശിച്ചു പോകുകയും ബോധക്ഷയം പോലും ഉണ്ടാവുകയും ചെയ്യുന്നു. ഇപ്രകാരം തലച്ചോറിലെ ദശകൾക്ക് ക്ഷതമേൽക്കുകയോ കോച്ചൽ എൽക്കുകയോ വീക്കമുണ്ടാകുകയോ തലച്ചോറിൽ രക്തമോ മറ്റെന്തെങ്കിലും ധാതുവോ തടസ്സമായി നിൽക്കുകയോ ചെയ്യുന്നതായാൽ ബോധക്ഷയമോ, അപസ്മാരമോ മസ്തിഷ്ക്ക സന്നിയോ ബാധിക്കുന്നു. ശരീരത്തിനോടുള്ള ബന്ധം അറ്റുപോകുന്നതായാൽ ആത്മാവ് യാതൊന്നിനും സമർത്ഥമാകുന്നതല്ലെന്ന് ഈദൃശാനുഭവങ്ങൾ നമ്മെ ബോദ്ധ്യപ്പെടുത്തുന്നു. (ഇസ്‌ലാം മതതത്ത്വ ജ്ഞാനം പേ. 120,121)***

മസ്തിഷ്ക്കത്തിന്റെ ഓരോ ഭാഗമായും മനുഷ്യന്റെ ബോധ മണ്ഡലത്തിനും ഓർമക്കും ഭാഷണ വൃത്തിക്കും ബന്ധമുണ്ട് എന്ന ഹദ്റത്ത് അഹ്മദി (അ) ന്റെ അഭിപ്രായം ആധുനിക ശാസ്ത്രം മസ്തിഷക്കത്തിന്റെ പ്രാദേശികതാ സിദ്ധാന്തം (Localised Theory of Brain) വഴി തെളിയിച്ചിരിക്കയാണ്. അതായത് ശരീരധർമത്തെ പോലെ ഭാഷണ പ്രവർത്തിയിലെ ഓരോ ധർമവും നിർവഹിക്കാൻ സഹായകരമായി മസ്തിഷ്ക്കത്തിൽ ഓരോ കേന്ദ്രങ്ങളുണ്ട്.

രണ്ടാം ലോക മഹായുദ്ധത്തിൽ തലച്ചോറിന് വെടിയുണ്ടയേറ്റ് പരിക്കേറ്റ പട്ടാളക്കാരുടെ ഭാഷണ ശേഷി തീരെ നശിച്ചുപോകുകയോ ഭാഷണ വൈകല്യം സംഭവിക്കുകയോ ചെയ്തു. ഇത് സംബന്ധിച്ച വൈദ്യശാസ്ത്ര പഠന ഗവേഷണങ്ങളാണ് മസ്തിഷ്ക്കവും ഭാഷണ വൃത്തിയുമായുള്ള ബന്ധത്തെപ്പറ്റി ശാസ്ത്രജ്ഞന്മാർക്ക് കൂടുതൽ അറിവ് പകർന്നത്. ഇത് ജൈവ ഭാഷാ ശാസ്ത്രം (Biolinguistic) എന്ന ശാസ്ത്ര ശാഖക്ക് ജന്മം നൽകിയിരിക്കുന്നു.

തലച്ചോറിന്റെ വലുപ്പമാണ് വിശേഷ ബുദ്ധിയുടെ അടിസ്ഥാനം എന്ന് ഒരു കാലത്ത് വിശ്വസിച്ചിരുന്നു. മറ്റ് ജീവികളെ അപേക്ഷിച്ച് ശരീരവും മസ്തിഷ്ക്കവുമായുള്ള അനുപാതത്തിന്റെ അടിസ്ഥാനത്തിലായിരുന്നു ഈ ധാരണ രൂപപ്പെട്ടത്. മനുഷ്യന്റെ മസ്തിഷ്ക്കം വളരെ വലുപ്പമേറിയതും ഭാരമേറിയതുമാണ്. ഈ മസ്തിഷ്ക്ക വലിപ്പമാണ് മനുഷ്യന്റെ വിശേഷ ബുദ്ധിക്ക് അടിസ്ഥാനമെന്ന് കരുതിപ്പോന്നിരുന്നു. പക്ഷേ വസ്തുനിഷ്ഠമായ പഠനങ്ങൾ ഈ സങ്കൽപ്പത്തിൽ യാതൊരു അടിസ്ഥാനവുമില്ലെന്ന് തെളിയിച്ചിട്ടുണ്ട്. ചെറിയ ശരീരവും ആനുപാതികമായി വലിയ തലച്ചോറുമുള്ള ജീവികൾക്ക് ബുദ്ധി പരമായ യാതൊരു അധിക കഴിവുമില്ലെന്നത് ഒരു യാഥാർഥമായി ശാസ്ത്രം കണ്ടെത്തിയതോടെ ആ വാദം പൊളിഞ്ഞു.

മസ്തിഷ്ക്കത്തെ പറ്റി കൂടുതൽ അറിയാൻ കഴിഞ്ഞത് ഭാഷണ വൈകല്യങ്ങളുമായി ബന്ധപ്പെട്ട രോഗങ്ങളുടെ പഠനത്തിൽ നിന്നാണ്. തലച്ചോറിലെ ഓരോ ഘടകവും ഭാഷണ പ്രക്രിയയിലെ ഓരോ ഘടകവുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധപ്പെട്ട് പ്രവർത്തിക്കുന്നുവെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. ഭാഷണ പ്രയോഗത്തിൽ ആശയങ്ങളുടെ രൂപീകരണം ആശയങ്ങൾക്ക് സമാനമായ ഭാഷാമാത്രകളുടെ (പദങ്ങളുടെ) തിരഞ്ഞെടുപ്പ്, കൊച്ചു കൊച്ചു ഭാഷാമാത്രകളെ അനുയോജ്യമായ രീതിയിൽ സംയോജിപ്പിക്കൽ മുതലായ പ്രവർത്തികൾ മനുഷ്യ മസ്തിഷക്കത്തിന്റെ ഇടത്തെ അർധഗോള ഭാഗമാണ് നിർവഹിക്കുന്നത് എന്ന് ഫ്രഞ്ച് വൈദ്യശാസ്ത്രജ്ഞനായ പോൾ ബ്രോക്ക (Paul Broca) തെളിയിക്കുകയുണ്ടായി. ക്ഷതം മൂലമോ മറ്റു വൈകല്യങ്ങൾ മൂലമോ മസ്തിഷ്ക്കത്തിന്റെ ഇടത് ഭാഗത്തെ കോശങ്ങൾക്ക്




പോൾ ബ്രോക്ക

ഓക്സിജൻ എത്താതിരുന്നാൽ ഭാഷ സംസാരിക്കാൻ സാധിക്കാതെ വരും. മസ്തിഷ്ക്ക സംബന്ധമായ ഈ ഭാഷാ വൈകല്യങ്ങളാണ് മോട്ടോർ അപേസിയ (Motor Apasia) എന്ന് പറയുന്നത്. മസ്തിഷ്ക്കത്തിന്റെ ഓരോ കേന്ദ്രത്തെയും ആധാരമാക്കിയുള്ള ഇത്തരം സിദ്ധാന്തങ്ങളാണ് നേരത്തെ സൂചിപ്പിച്ചത് പോലെ പ്രാദേശികതാ സിദ്ധാന്തം (Localised Theory) എന്ന് അറിയപ്പെടുന്നത്. മസ്തിഷ്ക്കത്തിലെ ഭാഷാ പ്രയോഗ സംബന്ധമായ ഭാഗത്തെ അത് കണ്ടുപിടിച്ച ബ്രോക്കാസ്സിന്റെ നാമത്തിൽ ബ്രോക്കാസ് ഏരിയ (Brocas Area) എന്നാണ് വിളിക്കുന്നത്. മോട്ടോർ അപേസിയ എന്നത് തലച്ചോറുമായി ബന്ധപ്പെട്ട ഭാഷണ വൃത്തിയുടെ തടസ്സമാണെങ്കിൽ ഭാഷ ഗ്രഹിക്കുന്നത് സംബന്ധിച്ച വൈകല്യമാണ് സെൻസറി അപേസിയ (Sensory Apasia സംവേദന സംബന്ധമായ ഭാഷണ ലോപം). മറ്റുള്ളവരുടെ ഭാഷണം ഗ്രഹിക്കാൻ സെൻസറി അപേസിയ ബാധിച്ചവർക്ക് സാധ്യമാവില്ല. പക്ഷേ സ്വയം സംസാരിക്കാനുള്ള കഴിവ് രോഗികൾക്കുണ്ടാവും. ഈ വൈകല്യം മസ്തിഷ്ക്കത്തിന്റെ മറ്റൊരു ഭാഗത്ത് ഉണ്ടാവുന്ന തകരാറ് കൊണ്ടാണ് സംഭവിക്കുന്നത്. ഈ രോഗത്തിന് മസ്തിഷ്ക്കവുമായുള്ള ബന്ധം കണ്ടുപിടിച്ചത് ജർമൻ വൈദ്യശാസ്ത്രജ്ഞനായിരുന്ന കാൾ വെർനിക് (Carl Vernike) ആണ്. അതുകൊണ്ടാണ് ഭാഷ കേട്ടു ഗ്രഹിക്കുന്ന മസ്തിഷ്ക്ക ഭാഗത്തെ വെർനിക്കസ് ഏരിയ എന്ന് പറയുന്നത്. ഇങ്ങനെ ഭാഷാ സംബന്ധിയായ വ്യവഹാരങ്ങൾ മസ്തിഷ്ക്കത്തിന്റെ ഓരോ കേന്ദ്രവുമായി ബന്ധപ്പെട്ടതാണ്. അവ പുർണമായും സ്വതന്ത്ര ഘടകങ്ങളാണെന്ന് ധരിക്കരുത്. മസ്തിഷ്ക്കത്തിന്റെ മറ്റു ഭാഗങ്ങളുമായി പ്രതിപ്രവർത്തിച്ചു കൊണ്ടാണ് ഭാഷാ വ്യവഹാരങ്ങൾ സാദ്ധ്യമാവുന്നത്.

ഭാഷണത്തിൽ രണ്ട് മുഖ്യ ഘടകങ്ങൾ അടങ്ങിയിട്ടുണ്ട്. അതിൽ ആദ്യത്തേത് ഭാഷണ മാത്രകളുടെ തിരഞ്ഞെടുപ്പാണ്. ഇങ്ങനെ തിരഞ്ഞെടുത്ത മാത്രകളെ സംയോജിപ്പിച്ച് സങ്കീർണ ഘടനയുള്ള ഭാഷാശബ്ദങ്ങളാക്കി മാറ്റുന്നതാണ് രണ്ടാമത്തേത്. മസ്തിഷ്ക്കത്തിൽ ഭാഷാ മാത്രകൾ തിരഞ്ഞെടുക്കുന്ന ഭാഗത്ത് തകരാറുണ്ടെങ്കിൽ അവർക്ക് ഭാഷാ മാത്രകളെ തിരഞ്ഞെടുക്കാൻ കഴിയാതെ വരുന്നു. ഈ രോഗത്തെ സാദൃശ്യവൈകല്യം (Similarity Disorder) എന്ന് പറയുന്നു. ഇത്തരം രോഗികൾക്ക് സന്ദർഭത്തോട് ബന്ധപ്പെടുത്തി സംസാരിക്കാൻ മാത്രമേ സാദ്ധ്യമാവൂ. മുന്നിൽ കാണുന്ന കാര്യങ്ങളോട് മാത്രമേ അവർ ഭാഷണ രൂപത്തിൽ പ്രതികരിക്കാറുള്ളൂ. ഭാഷണം സ്വയം ആരംഭിക്കാൻ ഇവർക്ക് കഴിയാറില്ല. ഭാഷാ മാത്രകൾ കൂട്ടിയോജിപ്പിച്ച് സംസാരിക്കാനുള്ള കഴിവ് നഷ്ടപ്പെടുന്ന രോഗമാണ് കൂട്ടിച്ചേർപ്പിനുള്ള വൈകല്യം (Continuity Disorder). ഈ മസ്തിഷ്ക്ക രോഗം ബാധിച്ചവർക്ക് പദങ്ങൾ വ്യവസ്ഥാപിതമായി പ്രയോഗിക്കാൻ സാധ്യമല്ല. അതുകൊണ്ട് ഇവരുടെ സംസാരം അർഥരഹിതമായ വാക്കുകളുടെ കൂമ്പാരമായിപ്പോവുന്നു. സംസാരത്തിൽ വ്യാകരണമോ ഘടനയോ ഉണ്ടാകാറില്ല.

ആരോഗദൃഢഗാത്രരായ ചിലരുടെ തലച്ചോറുകളിൽ വിവിധ കേന്ദ്രങ്ങളിൽ ശക്തികുറഞ്ഞ വൈദ്യുത പ്രവാഹമേൽപ്പിക്കുമ്പോൾ അവരുടെ ഭാഷണത്തിൽ ചില വൈകല്യങ്ങൾ സംഭവിക്കുന്നതായും കാണാൻ സാധിച്ചിട്ടുണ്ട്. മാഗ്നറ്റിക്ക് റിസോണൻസ് ഇമേജിങ്ങ് (MRI) സ്കാനർ മുതലായ ആന്തരാവയവങ്ങളുടെ സ്കാനിങ്ങ് ഉപകരണങ്ങൾ ഭാഷണ വൃത്തിയിൽ മസ്തിഷ്ക്കം നിർവഹിക്കുന്ന പങ്കിനെക്കുറിച്ച് ധാരാളം അറിവുകൾ നൽകിയിട്ടുണ്ട്. ഇത്തരത്തിൽ ഭാഷണ വൈകല്യങ്ങളെ പറ്റിയുള്ള പഠനങ്ങളാണ് ഭാഷക്ക് മസ്തിഷ്ക്കവുമായുള്ള ബന്ധത്തെ പറ്റിയുള്ള അറിവുകൾ അനാവരണം ചെയ്യുന്നത്.

മസ്തിഷ്ക്കത്തിലെ ഭാഷാ പ്രയോഗ നിയന്ത്ര മേഖലയെക്കുറിച്ച് ഏകദേശജ്ഞാനം ഇപ്പോൾ ശാസ്ത്രത്തിന് ലഭിച്ചു തുടങ്ങിയിട്ടുണ്ടെങ്കിലും ഭാഷണ പ്രക്രിയയിൽ ആദ്യം നടക്കുന്ന ചിന്തിച്ചു കൊണ്ടുള്ള ആശയ രപീകരണമേഖല അമൂർത്തവും അദൃശ്യവും അതിസൂക്ഷ്മവുമായ ഒരു മേഖലയാണെന്ന കാര്യം നാം ഓർക്കണം. ഭാഷണ പ്രക്രിയ മസ്തിഷ്ക്കത്തോട് മാത്രമല്ല ബന്ധപ്പെട്ട് നിൽക്കുന്നത്. പല ആന്തര നാഡികളും ഉത്തേജക പ്രവർത്തനങ്ങളും അതിന് ആവശ്യമായിട്ടുണ്ട്. അതുപോലെ പ്രധാനപ്പെട്ട നാഡികൾ, പേശികൾ, എല്ലുകൾ ഇവയെല്ലാം ഒന്നിച്ച് പ്രവർത്തിച്ചെങ്കിൽ മാത്രമേ ഭാഷണം നടക്കുകയുള്ളൂ. മനുഷ്യന്റെ ഭാഷയിലൂടെയുള്ള ആശയ വിനിമയം എന്നത് ഉച്ചാരണാവയവങ്ങൾ ഉപയോഗിച്ച് ഉച്ചരിക്കപ്പെടുകയും അത് ശ്രോതാവ് കേട്ട് ഗ്രഹിക്കുകയും ചെയ്യുന്ന അത്ഭുതകരമായ ഒരു പ്രക്രിയയാണ്. ഭാഷയുടെ അയത്ന ലളിതമായ നിത്യ


നോം ചോം സ്കി

പ്രയോഗം കൊണ്ട് ഭാഷണ സിദ്ധിയെ പറ്റി നാം അധികമൊന്നും ചിന്തിക്കാറില്ല.

## ഭാഷയും ആശയവിനിമയവും

മനുഷ്യൻ ആശയ വിനിമയം നടത്താൻ ഭാഷണത്തിലേർപ്പെടുമ്പോൾ അംഗവിക്ഷേപങ്ങൾ, മുഖഭാവം, ശാരീരികാവസ്ഥ അഥവാ ശരീരഭാഷ എന്നിവയെല്ലാം ഭാഷാവിനിമയത്തിൽ സ്വാധീനം ചെലുത്തുന്നു. അതുപോലെ കരച്ചിലും ചിരിയും മൗനവും ചില ആശയങ്ങൾ വിനിമയം ചെയ്യാറുണ്ട്. അംഗവിക്ഷേപങ്ങൾ കൊണ്ട് മാത്രമായും മനുഷ്യന് ആശയ വിനിമയം നടത്താനാവും. ബധിരരും മൂകരുമായ സഹോദരന്മാർ ആശയ വിനിമയം നടത്തുന്നത് അപ്രകാരമാണല്ലോ. ദൂരെ നിന്നും പുക കണ്ടാൽ അവിടെ തീയുണ്ടെന്നും റെയിൽവേ സ്റ്റേഷനിൽ പച്ച വിളക്ക് കണ്ടാൽ അവിടെ വണ്ടിപുറപ്പെടാൻ നേരമായി എന്നുമുള്ള ആശയം ലഭിക്കുന്നു. പക്ഷേ ഇതൊന്നും തന്നെ ചെറു ഭാഷാശബ്ദങ്ങൾ (സ്വനങ്ങൾ - Phone) ഉപയോഗിച്ചു കൊണ്ടുള്ള പൂർണമായ ആശയ വിനിമയങ്ങളോട് കിടനിൽക്കുന്നില്ല. മനുഷ്യന്റെ ബോധമണ്ഡലത്തിലുദിക്കുന്ന എല്ലാ ആശയങ്ങൾക്കും കൃത്യമായും അർഥവത്തായതുമായ സ്വന വിന്യാസത്തിലൂടെ ഭാഷാവിഷ്ക്കാരം നൽകേണ്ടതുണ്ട്. മനുഷ്യന്റെ സൃഷ്ടി ഘടനയിൽ തന്നെ ഭാഷണസിദ്ധി സന്നിവേശിപ്പിച്ചിട്ടുണ്ട് എന്ന് ആധുനിക ഭാഷാശാസ്ത്രം പറയുന്നു. ഇത് സംബന്ധിച്ച് വിശുദ്ധ ഖുർആനിലെ ഒരു വചനം നോക്കൂ:

***അവൻ മനുഷ്യനെ സൃഷ്ടിച്ചു. അവനെ ഭാഷണസിദ്ധിയോടു കൂടിയ ആശയ പ്രകടന രീതി പഠിപ്പിച്ചുകൊടുക്കുകയും ചെയ്തു. (55: 3,4)***

ഈ വചനത്തിൽ ഭാഷാസിദ്ധി മനുഷ്യ സൃഷ്ടിപ്പിൽ തന്നെ ഉൾചേർത്ത് ഒരു ജന്മജാത വരദാനമാണെന്ന് വ്യക്തമാകുന്നു.

## നോം ചോംസ്കി

അമേരിക്കയിലെ വിശ്വപ്രസിദ്ധ ഭാഷാപണ്ഡിതനും ഭാഷാ ഗവേഷകനും രാഷ്ട്രീയ സാമൂഹിക ചിന്തകനുമാണ് നോം ചോംസ്കി. ചോംസ്കിയുടെ രംഗ പ്രവേശത്തോടെ ഭാഷാശാസ്ത്ര രംഗത്ത് സമൂലമായ ഒരു വിപ്ലവമാണ് നടന്നത്. ചോംസ്കിയുടെ അഭിപ്രായ പ്രകാരം ഭാഷാസിദ്ധി മനുഷ്യനിൽ അമൂർത്തമായും ജൈവികമായും ലീനമായിക്കിടക്കുന്ന ഒരു അവയവം പോലെയാണെന്നാണ്. ചോംസ്കിയൻ ശൈലിയിലുള്ള ആധുനിക ഭാഷാഗവേഷണം അത്വരെയുള്ള ഭാഷാ സങ്കൽപ്പങ്ങളിൽ നിന്നും വ്യത്യസ്തമായി അൽപ്പം സങ്കീർണമായ ഒരു ആശയമാണ് മുന്നോട്ട് വെക്കുന്നത്. ഭാഷയെ മനുഷ്യന്റെ ജൈവിക ഘടനയുമായി (Biolinguistics) ബന്ധിപ്പിക്കാനാണ് ചോംസ്കി ശ്രമിച്ചത്. ഭാഷ മനുഷ്യന്റെ ജൈവ മനോഘടനയിൽ ഉൾചേർന്നതും അത് ജനിതക പാരമ്പര്യത്തിലൂടെ അടുത്ത തലമുറയിലേക്ക് പ്രേഷണം ചെയ്യപ്പെടുകയും ചെയ്യുന്നു എന്നാണ് ചോംസ്കി പറഞ്ഞത്. അതുകൊണ്ട് മനുഷ്യൻ സംസാരിക്കുന്ന എല്ലാ ഭാഷകൾക്കും ബാധകമായ ഒരു പൊതുസാർവലൗകിക ഭാഷാ വ്യാകരണ ഘടകം മനുഷ്യനിൽ ജനിതകപരമായി ഉണ്ടെന്ന് ചോംസ്കി അവകാശപ്പെടുന്നു. മനുഷ്യ മസ്തിഷ്ക്കത്തിൽ ലീനമായിക്കിടക്കുന്ന ഭാഷയുടെ സാർവത്രികമായ ഈ ഘടനയെയാണ് അദ്ദേഹം ഭാഷയുടെ വ്യാകരണം എന്ന് വിളിക്കുന്നത്. ഭാഷയിലുണ്ടാവുന്ന വ്യാകരണ സാധ്യതയുള്ള എണ്ണമറ്റ വാക്യങ്ങൾ എങ്ങനെ ഉദ്പാദിപ്പിക്കപ്പെടുന്നു എന്ന നിയമം കൂടി വിശദീകരിക്കാൻ അത്തരം വ്യാകരണത്തിന് കഴിയണം. നാം സംസാരിക്കുന്ന വ്യവഹാര ഭാഷയിലെ ബാഹ്യഘടകങ്ങളെ വിവരിക്കുന്നതും സ്കൂളുകളിലും കോളേജുകളിലും പഠിപ്പിക്കുന്നതുമായ വിവരണാത്മക വ്യാകരണ (Discrtiptive Grammer) ത്തിന് മൗലികമായ ഈ ഭാഷാപ്രശ്നം വിശദീകരിക്കാൻ പര്യാപ്തമല്ല. ഇങ്ങനെ വ്യാകരണ സാധ്യതയുള്ള ഭാഷാ പദങ്ങളെ വ്യുൽപ്പാദിപ്പിക്കാൻ സാധിക്കുന്ന എല്ലാ ഭാഷ സംസാരിക്കുന്നവർക്കും ബാധകമായ ഒരു ഫോർമുല നോം ചോംസ്കി കണ്ടെത്തി. അതാണ് അദ്ദേഹത്തിന്റെ പ്രജനനാത്മക വ്യാകരണം. (Generative Grammar) ചോംസ്കി നടത്തിയ ഗഹനവും സങ്കീർണവുമായ പഠനങ്ങൾ മനുഷ്യ ഭാഷയെക്കുറിച്ച് അസാധാരണമായ ഉൾകാഴ്ച്ചയാണ് നൽകുന്നത്. അറബി ഭാഷയെ ആധാരമാക്കിയുള്ള ഹദ്റത്ത് അഹ്മദിന്റെ (അ) സാർവലൗകിക ഭാഷാ സങ്കൽപ്പത്തിലേക്ക് വിരൽ ചൂണ്ടുന്നതാണ് ചോംസ്കിയുടെ ഭാഷാ സങ്കൽപ്പങ്ങൾ.

ചോംസ്കിയുടെ രംഗപ്രവേശനത്തിന് മുമ്പ് ഭാഷാശാസ്ത്രം ബിഹേവിയറിസ്റ്റുകൾ എന്നറിയപ്പെടുന്ന വസ്തു നിഷ്ഠാവാദികളായ ഭാഷാപണ്ഡിതന്മാരുടെ ആധിപത്യത്തിന് കീഴിലായിരുന്നു. ഭാഷാശാസ്ത്രത്തിലെ ഭൗതിക വാദികളാണ് ബിഹേവിയറിസ്റ്റുകൾ. മറ്റു ജീവികൾ ബാഹ്യപ്രേരണയോടെ നടത്തുന്ന പ്രതികരണങ്ങൾ പോലെ മനുഷ്യന്റെ കേവലം ബാഹ്യമായ ഒരു പ്രവർത്തനമാണെന്ന നിലക്കായിരുന്നു ബിഹേവിയറിസ്റ്റുകളുടെ ഭാഷയോടുള്ള സമീപനം. മനുഷ്യൻ എങ്ങനെ

ചിന്തിക്കുന്നു എന്ന് അമൂർത്തവും അതീന്ദ്രിയവുമായ തലത്തിലേക്ക് നോക്കുന്നതിന് പകരം പെരുമാറ്റത്തെ അടിസ്ഥാനമാക്കിയുള്ള മൂർത്തവും വസ്തു നിഷ്ഠവുമായ തലത്തിലേക്കാണ് ശ്രദ്ധകേന്ദ്രീകരിക്കേണ്ടത് എന്നായിരുന്നു ബിഹേവിയറിസ്റ്റുകളുടെ നിലപാട്. നേരിട്ട് നിരീക്ഷണത്തിന് വിധേയമല്ലാത്ത ഒന്നും ബിഹേവിയറിസം ശാസ്ത്രീയമായ പഠനത്തിലുൾപ്പെടുത്തിയിട്ടില്ല. ഭാഷാശാസ്ത്രത്തെ സംബന്ധിച്ച് ബിഹേവിയറിസ്റ്റുകളുടെ ശുഷ്ക്കവും ബാഹ്യമാത്രവുമായ ഈ നിലപാടിനെ തകർത്തു കൊണ്ടാണ് നോം ചോംസ്കി കടന്നു വന്നത്. ഭാഷണ സിദ്ധി ഒരു അവയവം പോലെ മനുഷ്യ സൃഷ്ടിപ്പിൽ ജനിതക പരമായി സന്നിവേശിപ്പിച്ചിട്ടുള്ളതും മനുഷ്യ മസ്തിഷ്ക്കത്തിൽ അത് മുദ്രണം ചെയ്യപ്പെട്ടതുമാണെന്നാണ് ചോംസ്കി പറയുന്നത്.

മനുഷ്യ മസ്തിഷ്ക്കത്തിന്റെ ഒരു പ്രത്യേക ഘടകം അതിനെ ഭാഷാ സിദ്ധി (Language Faculty) എന്ന് വിളിക്കാം ഭാഷാഗ്രഹണത്തിന് വേണ്ടി സമർപ്പിക്കപ്പെട്ടിരിക്കയാണെന്ന് ഇപ്പോൾ യുക്തി പരമായി സ്ഥാപിക്കപ്പെട്ടിരിക്കയാണ്. കിഡ്നി, രക്തചംക്രമണ വ്യവസ്ഥ എന്നീ മനുഷ്യ ശരീരത്തിലെ അവയവങ്ങളുടെ പ്രവർത്തനത്തിന് വേണ്ടി മസ്തിഷ്ക്കത്തിലുള്ള പ്രാഥമിക കേന്ദ്രങ്ങൾ പോലെ മനുഷ്യ മസ്തിഷ്ക്കത്തിലെ തന്നെ ഒരു ഉപവ്യവസ്ഥയായി (Sub System) ഭാഷാസിദ്ധി മസ്തിഷ്ക്കത്തിൽ രേഖപ്പെട്ടു കിടക്കുന്നു.

മറ്റു അവയവ വ്യവസ്ഥകൾ പോലെ ഭാഷാ സിദ്ധിക്കുള്ള കഴിവുകളും (Language faculty) ജീവിതത്തിന്റെ ആദ്യഘട്ടത്തിൽ നിന്നും ശൈശവത്തിലൂടെ കടന്നു വരുന്നു. താരതമ്യേന ഒരു പക്വ നില (Steady State) കൈവരിക്കുന്നു. ഇതാണ് ഭാഷാർജന പ്രക്രിയയുടെ ഘട്ടം. ചിലപ്പോൾ ഇതിനെ ഭാഷാ പഠന ഘട്ടം (Language Learning) എന്ന് തെറ്റിദ്ധരിക്കാറുണ്ട്. ഈ പ്രക്രിയക്ക് 'പഠിക്കുക' എന്ന വൃത്തിയുമായി വളരെ നേരിയ സാമ്യത മാത്രമേയുള്ളൂ. മനുഷ്യനിൽ പ്രായപൂർത്തിയെത്തുന്നതിന് മുമ്പേ ഈ വളർച്ച സ്ഥിരത കൈവരിക്കുന്നു. ഈ അവയവ വ്യവസ്ഥയെല്ലാം സ്ഥിരത കൈവരിച്ചതിന് ശേഷം മാറ്റങ്ങൾ ഉണ്ടാവുന്നതാണ്. പക്ഷേ അത് പുതിയ വാക്കുകളുടെ ആർജനം, സാമൂഹ്യ നടപ്പിനനുസരിച്ചുള്ള ഭാഷാ പ്രയോഗങ്ങൾ മുതലായ ചെറിയ മാറ്റങ്ങളിൽ മാത്രം പരിമിതമാണ്. ഇത്പോലെ തന്നെയാണ് മനുഷ്യന്റെ മറ്റ് അവയവങ്ങളുടെ വികസനവും (Power and Prospects- Language and Thought, Noame Chosky- p.13) ഭാഷാ ശാസ്ത്രത്തിൽ ശിശു ഭാഷ പഠിക്കുന്നതിലെ അഥവാ ശിശുവിന്റെ ഭാഷാർജനത്തിലെ ശാസ്ത്രീയ നിരീക്ഷണം വളരെ പ്രാധാന്യമർഹിക്കുന്ന ഒരു വിഷയമാണ്. വാഗ്ദത്ത മഹ്ദി ഹദ്റത്ത് അഹ്മദ് (അ) ഉം ഭാഷയുടെ ഉദ്ഭവവും ശിശു ഭാഷ ആർജിക്കുന്നതിലെ പാഠങ്ങളും വളരെ ഊന്നി പറത്തിട്ടുണ്ട്. ശിശു ഭാഷയെ സംബന്ധിച്ച് പിന്നീട് പ്രതിപാദിക്കാം.

**ഖുർആൻ ഇവിടെ ചെവി, കണ്ണ് എന്നീ സംവേദനേന്ദ്രിയങ്ങളെ മസ്തിഷക്കവുമായല്ല ബന്ധിപ്പിച്ചിരിക്കുന്നത്, മനസ്സ് എന്ന ലക്ഷ്യാർഥമുള്ള ഹൃദയവുമായാണ് ബന്ധിപ്പിച്ചിരിക്കുന്നത്. മനസ്സ് എന്ന മനുഷ്യനിലെ ബോധ മണ്ഡലത്തിന്റെ പ്രഭാവത്തിന് ഈ അവയവം നേരിട്ട് വിധേയമാണെന്നതിലേക്ക് ഈ വചനം സൂചന നൽകുന്നു**

## ആശയവിനിമയം നടക്കുന്നതെങ്ങനെ

ഇനി ഭാഷ സംസാരിക്കുമ്പോൾ ശ്രോതാവ് എങ്ങനെയാണ് കേട്ടു മനസ്സിലാക്കുന്നത് എന്നതിനെപറ്റി നോക്കാം. ഭാഷകന്റെ അഥവാ വക്താവിന്റെയും ശ്രോതാവിന്റെയും സ്ഥാനത്ത് രണ്ട് പേർ പരസ്പരം മാറിമാറി നടത്തുന്ന ഭാഷാ പ്രക്രിയ യാണ് ആശയ വിനിമയം. എങ്ങനെയാണ് അവ സംഭവിക്കുന്നതെന്ന് നോക്കാം. രണ്ടാളുകൾ തമ്മിൽ സംസാരത്തിന്റെ ആശയ വിനിമയം നടക്കുമ്പോൾ സംസാരിക്കുന്നയാൾ ചിന്താമണ്ഡലത്തിൽ വെച്ച് ആശയ രൂപീകരണം നടത്തുന്നു. (Idiation) ഈ മണ്ഡലം അമൂർത്തവും അതീന്ദ്രിയവുമാണെന്ന് പറയാം. ചിന്താ രൂപീകരണത്തിന് ആധാരമായി ശരീരത്തിൽ പ്രത്യേക കോശമോ കലകളോ അവയവമോ ഇല്ല. നമ്മുടെ ചിന്തകൾക്ക് ഭൗതികമായി ശരീരത്തിൽ മൂർത്തമായൊരു അധിഷ്ഠാനമോ കണ്ടെത്താൻ ശാസ്ത്ര ലോകത്തിന്ന് സാധിച്ചിട്ടില്ല. ചിന്താമണ്ഡലം ഇപ്പോഴും ശാസ്ത്രത്തിന് അജ്ഞാതമായ ഒരു നിഗൂഢ മേഖലയാണ്. പക്ഷേ സ്ഥൂലമായ മസ്തിഷ്ക്കവും ചിന്തയുമായുള്ള പരസ്പര ബന്ധം അഭേദ്യവും അനിഷേധ്യവുമാണ്.

ചിന്താമണ്ഡലത്തിൽ നിന്ന് അഥവാ മനസ്സിൽ നിന്ന് രൂപം കൊള്ളുന്ന ചിന്താപ്രക്രിയ മസ്തിഷ്ക്കത്തിൽ പ്രവർത്തനമാരംഭിക്കുന്നു. സംഭാഷണ സന്ദർഭത്തിനനുസരിച്ച് ഭാഷണത്തിന്റെ ലഘു മാത്രകൾ ഉചിതമായി അടുക്കി വെച്ചു പദങ്ങളും പദസംഹി തകളും കൂട്ടി ചേർത്ത് വാക്യങ്ങളാക്കി ഞൊടിയിടക്കുള്ളിൽ മനുഷ്യൻ പ്രയോഗിക്കുന്നു. മസ്തിഷ്ക്കത്തിലുള്ള ചിന്തകൾ അതേപടി

വക്താവിൽ നിന്നും ശ്രോതാവി ലേക്ക് വിനിമയം ചെയ്യപ്പെടാൻ സാദ്ധ്യമല്ല. അതിനെ ഭാഷയിലേക്ക് സങ്കേതനം (Encode) ചെയ്യണം. അങ്ങനെ സങ്കേതനം ചെയ്ത് കഴിഞ്ഞ ഭാഷണ ശബ്ദങ്ങൾ (Speach Sound) പിന്നീട് ഉച്ചാരണാവയവങ്ങളിലൂടെ ഉച്ചരിക്കപ്പെടുന്നു. ഇവിടം മുതലാണ് ഭാഷ മൂർത്ത രുപം പ്രാപിക്കുന്നത്. വായും മൂക്കും തൊണ്ടയും ശ്വാസകോശങ്ങളുമാണ് ഭാഷണ ത്തിൽ പ്രകടമായും പങ്കെടുക്കുന്ന ശരീരാവയവങ്ങൾ. ഇങ്ങനെ വായി ലൂടെ ഉച്ചരിക്കപ്പെടുന്ന ഭാഷണ ശബ്ദങ്ങൾ ശബ്ദതരംഗങ്ങളാക്കി അന്തരീക്ഷവായുവിലേക്ക് പ്രേഷണം ചെയ്യപ്പെടുന്നു. അന്തരീ ക്ഷ വായുവിലൂടെ സഞ്ചരിക്കുന്ന ഈ ശബ്ദ തരംഗങ്ങൾ ഉത്ഭവ സ്ഥാനത്ത് നിന്നും പ്രാപ്യസ്ഥാന മായ ശ്രോതാവിന്റെ ചെവിയിലെ ത്തി ചേരുന്നു. ഇനി ചെവിയിൽ എന്താണ് സംഭവിക്കുന്നതെന്ന് നോക്കാം.

### ചെവിയുടെ അത്ഭുതങ്ങൾ

നമ്മുടെ തലക്ക് ഇരുവശങ്ങളിലു മായി എഴുന്ന് നിൽക്കുന്ന ചെവി എന്ന അവയവത്തിന്റെ അത്ഭുത ങ്ങൾ എണ്ണിയാലൊടുങ്ങാത്തവയാ ണ്. കർണാവയത്തിന്റെ വിസ്മയ ങ്ങൾ പഠിച്ചറിഞ്ഞ് അല്ലാഹുവിന് നന്ദി രേഖപ്പെടുത്താൻ ആഹ്വാനം ചെയ്യുന്നതിന്റെ രഹസ്യം മറ്റൊന്നു മല്ല. അത്രക്ക് വിസ്മയകരമാണ് ചെവിയുടെ പ്രവർത്തനങ്ങൾ. ഖുർആൻ പറയുന്നു:

***നിങ്ങൾ ഒന്നും അറിഞ്ഞു കൂടാത്ത അവസ്ഥയിൽ അല്ലാഹു നിങ്ങളെ നിങ്ങളുടെ മാതാക്കളുടെ ഉദരങ്ങളിൽനിന്നും പുറത്തു കൊണ്ടു വന്നു. അവൻ നിങ്ങൾക്ക് ചെവികളും കണ്ണുകളും ഹൃദയ ങ്ങളും ഉണ്ടാക്കിത്തരികയും ചെയ്തു. നിങ്ങൾ കൃതജ്ഞത കാണിക്കുന്നതിന് വേണ്ടി. (16: 79)***

ഖുർആൻ ഇവിടെ ചെവി, കണ്ണ് എന്നീ സംവേദനേന്ദ്രിയങ്ങളെ മസ്തിഷക്കവുമായല്ല ബന്ധിപ്പിച്ചി രിക്കുന്നത്, മനസ്സ് എന്ന ലക്ഷ്യാർഥ മുള്ള ഹൃദയവുമായാണ് ബന്ധിപ്പി ച്ചിരിക്കുന്നത്. മനസ്സ് എന്ന മനുഷ്യ നിലെ ബോധ മണ്ഡലത്തിന്റെ പ്രഭാവത്തിന് ഈ അവയവം നേരിട്ട് വിധേയമാണെന്നതിലേക്ക് ഈ വചനം സൂചന നൽകുന്നു

മനുഷ്യന്റെ ചെവി ഭാഷണ ശബ്ദങ്ങൾ തിരിച്ചറിയുക എന്ന ധർമത്തിന് പുറമേ മനുഷ്യ ശരീരത്തിന്റെ ബാലൻസ് നിലനിർ ത്തുന്നതിനും ഒരു സുപ്രധാന പങ്ക് വഹിക്കുന്നു. നമ്മുടെ വായ ഭക്ഷണം കഴിക്കുന്നതിനു ഉപയോ ഗിക്കുന്നത് പ്രകാരം സംസാരത്തി നും ഉപയോഗിക്കുന്നുണ്ടല്ലോ. അത് പോലെ ചെവിയുടെ ഈ ബഹുമുഖ പ്രവർത്തനം അല്ലാഹുവിന്റെ സൃഷ്ടി വൈഭവത്തെ വിളിച്ചോതു ന്നു. നിവർന്നു നടക്കുന്ന നമ്മുടെ ശരീരം ചലിക്കുമ്പോൾ മുന്നോട്ടും പിന്നോട്ടും വശങ്ങളിലേക്കും ചാഞ്ഞും ചരിഞ്ഞും പോവുമ്പോൾ നമ്മെ നിലംപതിക്കാതെ നിലനിർ ത്തുന്നത് ഉൾച്ചെവിയിലെ ബാലൻ സിങ്ങ് മെക്കാനിസമാണ്. അതായത് ശരീരം ചലിക്കുമ്പോൾ ഉൾചെവി യിലെ സാന്ദ്രദ്രാവകത്തോടു ബന്ധ പ്പെട്ട നാഡികൾ മസ്തിഷക്കത്തിന് സിഗ്നലുകൾ നൽകി അറിയി ക്കുന്നു. അങ്ങനെ മസ്തിഷ്ക്കം ശരീര ചലനങ്ങളെ പുനർ ക്രമീകരിച്ച് ബാലൻസ് നിലനിർ ത്തി നേരെ നിർത്തുന്നു. ചെവി യുടെ ബാലൻസിങ്ങ് പ്രവർത്തന ത്തിന്റെ വിശദാംശങ്ങളിലേക്ക് പോവുന്നില്ല. ചെവി എങ്ങനെ നമ്മുടെ ഭാഷണ ശബ്ദങ്ങളെ തിരിച്ചറിയുന്നു എന്നതാണ് നമ്മുടെ വിഷയം.

ചെവിക്ക് പ്രധാനമായും മൂന്ന് അവയവങ്ങളുണ്ട്. പുറംചെവി (Outer Ear), ഇടചെവി (Middle Ear), ഉൾചെവി (Inner Ear). ഉൾചെവിയിലേക്ക് നയിക്കുന്ന കുമ്പിൾ പോലെയുള്ള കുഴലും കർണപാളിയും ചേർന്നാണ് പുറംചെവി. ഭാഷകന്റെ ശബ്ദതരംഗ ങ്ങൾ ശ്രോതാവിന്റെ ചെവിയിലെ കർണപാളിയെ (Ear Drum) പ്രകമ്പിതമാക്കുന്നു. കർണപാളി യോട് ചേർന്ന് ശരീരത്തിൽ ഏറ്റവും ലോലമായ അസ്ഥി ശൃംഖലയുണ്ട്. അതിനോട് ചേർന്ന് അണ്ഡാകൃതി യിലുള്ള ഒരു ജാലകം (Oval Win- dow) വഴി ശബ്ദങ്ങൾ ഉൾചെവി യിലെ കോക്ക്ളിയയിലുള്ള സാന്ദ്ര ദ്രാവകത്തിലേക്ക് കടക്കുന്നു. ചുരുളാകൃതിയിലുള്ള ഈ ദ്രവ്യ മാണ് കേൾവിയുടെ പ്രധാന ധർമം നിർവഹിക്കുന്നത്. ശബ്ദ തരംഗ ങ്ങളുടെ ചെവിയിലൂടെയുള്ള ഈ സഞ്ചാരത്തിനിടയിൽ ചലനങ്ങളു ടെ അളവ് കുറഞ്ഞ്വരികയും തീവ്രത ഏറിവരികയും ചെയ്യുന്നു. ആ വിധത്തിലാണ് ലോലമായ ഈ അവയവത്തിന്റെ ഘടന. കൂടാതെ അവിചാരിതമായുണ്ടാകുന്ന കഠിന ശബ്ദങ്ങളിൽ നിന്നും ചെവിയെ രക്ഷിക്കാനുള്ള സംവിധാനവും ഇതിലടങ്ങിയിരിക്കുന്നു.

സാന്ദ്രദ്രാവകം നിറക്കപ്പെട്ട കോക്ലിയക്ക് നടുവിൽ ഒരു വിഭാജക ഭിത്തി (Diaprum) യുണ്ട്. പല തരത്തിലുള്ള ഭാഷാ ശബ്ദതരംഗങ്ങൾ കടന്നു വരുന്നതിനനുസരിച്ചു ഈ വി ഭാജകഭിത്തി പലവിധത്തിലും സ്പന്ദിക്കുന്നു. പ്രധാനപ്പെട്ട കാര്യം, ഭാഷണ ശബ്ദങ്ങളുടെ പ്രാഥമികാപഗ്രഥനവും തിരിച്ചറിയ ലും ഈ അവയവത്തിൽ വെച്ചു തന്നെ നടക്കുന്നു എന്നതാണ്. അത് പിന്നീട് ഈ ശ്രവണനാഡികൾ (Auditory Nerves) വഴി നാഡീയ ചോദനകളായി (Neural Impulses) മസ്തിഷ്ക്കത്തിലെത്തുന്നു. ചെവികൾ പ്രോസസ് ചെയ്ത നാഡീയ ചോദനകളെ മസ്തിഷ് ക്കം ഭാഷകൾക്കായുള്ള വിവിധ ഘടകങ്ങളുമായി ബന്ധപ്പെടുത്തു ന്നു. ഇതാണ് ശ്രോതാവിന്റെ ഭാഷാഗ്രഹണത്തിൽ ഏകദേശം സംഭവിക്കുന്നത്. അതായത് ഒരാൾ സംസാരിക്കുമ്പോൾ അയാളുടെ ചിന്തകളെ അഥവാ ആശയങ്ങളെ ഭാഷാ ശബ്ദങ്ങളായി സങ്കേതനം

ചെയ്യപ്പെടുകയാണല്ലോ ചെയ്യുന്നത്. ഈ ഭാഷാ ശബ്ദങ്ങൾ വായുവിലൂടെ സഞ്ചരിച്ച് ശ്രോതാവിൽ തലതിരിച്ച് വിപരീത ദിശയിൽ പ്രവർത്തിക്കുന്നു. അതായത് ഭാഷാ ശബ്ദങ്ങളെ വിസങ്കേതനം (Decode) ചെയ്ത് ആശയങ്ങളാക്കി മാറ്റുന്ന പ്രക്രിയയാണ് ചെവിയും മസ്തിഷ്ക്കവും കൂടി നിർവഹിക്കുന്നത്.

ശബ്ദങ്ങൾ തിരിച്ചറിയുക എന്നത് ചെവിയുടെ അത്ഭുതകരമായ മറ്റൊരു പ്രവർത്തിയാണ്. നമുക്ക് പരിചിതമായ ആളുകളുടെ ശബ്ദങ്ങൾ അയാൾ നമ്മുടെ കൺവെട്ടത്തിലില്ലെങ്കിലും വർഷങ്ങൾ കഴിഞ്ഞാലും നാം തിരിച്ചറിയുന്നു. ഒരു വ്യക്തിയുടെ ശബ്ദം മറ്റൊരാളിൽ തന്റെ ശബ്ദത്തിൽ നിന്നും ഏതെല്ലാം ഘടകങ്ങളിലാണ് വ്യത്യസ്തമായിരിക്കുന്നതെന്നും അതെങ്ങനെ ചെവി തിരിച്ചറിയുന്നുവെന്നും ഇത്വരെ ശാസ്ത്രം പൂർണമായും മനസ്സിലാക്കിയിട്ടില്ല. നിരവധി ശബ്ദങ്ങൾ നമ്മുടെ ചെവിയിൽ വന്നലക്കുമ്പോൾ ഒരു ശബ്ദത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കാനും നമുക്ക് സാധിക്കുന്നു. ചിലപ്പോൾ നാം ഒരാളുമായി സംഭാഷണം നടത്തിക്കൊണ്ടിരിക്കുമ്പോൾ മറ്റൊരാളുടെ ഭാഷണത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച് പിടിച്ചെടുക്കാറുണ്ടല്ലോ.

മറ്റൊരു പ്രത്യേകത നാം ഒരാളുമായി സംഭാഷണം നടത്തുമ്പോൾ ഇടവിട്ട് ഭാഷകനും ശ്രോതാവുമായിതീരുന്നു. എന്നാൽ സൂക്ഷ്മമായി ചിന്തിച്ചാൽ നാം ഭാഷകനാകുന്ന അവസരത്തിൽ തന്നെ നമ്മുടെ സ്വന്തം ഭാഷണത്തിന്റെ ശ്രോതാവ് കൂടിയായി തീരുന്നു. അപ്രകാരം മറ്റൊരാളുടെ ഭാഷണത്തിന്റെ ശ്രോതാവുമാകുന്ന അവസരത്തിൽ തന്നെ നാം കേൾക്കുന്ന ഭാഷണത്തിന്റെ ഭാഷകനുമായി മാറുന്നു. സുപരിചിതമായ ഭാഷകേൾക്കുമ്പോൾ ഭാഷകന്റെ വായയുടെ ചലനങ്ങൾ ഏറെക്കുറെ അബോധാത്മകമായി ശ്രോതാവ് തന്നിൽ തന്മയീഭവിപ്പിക്കുകയാണ് ചെയ്യുന്നത്. ഏതാണ്ടൊരു പരകായ പ്രവേശനം പോലെയാണ് ഭാഷക ശ്രോതാക്കളുടെ ബന്ധം എന്ന് ശാസ്ത്രം തിരിച്ചറിഞ്ഞിട്ടുണ്ട്.

സംഭാഷണം പുരോഗമിക്കുമ്പോൾ നാം ഇടവിട്ട് ഭാഷകനും ശ്രോതാവുമായി തീരുന്നു. സൂക്ഷ്മമായി ചിന്തിച്ചാൽ നാം അബോധാത്മകമായി നമ്മുടെ തന്നെ ഭാഷണം പരിശോധിച്ചു കൊണ്ടിരിക്കുന്നു. സ്വന്തം ഉച്ചാരണാവയവങ്ങളിൽ നിന്നും പുറപ്പെടുന്ന സ്വനങ്ങൾ അവനവൻ തന്നെ കേൾക്കുന്നത് മുഖേനയാണ് ഈ പരിശോധന നടക്കുന്നതും നമുക്ക് നിർവിഘ്നം സംസാരിക്കാൻ സാധിക്കുന്നതും. ഈ പ്രതിഭാസത്തിന് ചെവിയുടെ ശ്രവണ പുനർനിവേശം (Auditory Feed Back) എന്നാണ് പറയുക. ശബ്ദം കേൾക്കാൻ കഴിയാത്ത വിധം നമ്മുടെ ചെവി ഭദ്രമായി അടച്ചു പിടിച്ചാൽ ഏറെ നേരം സ്വാഭാവികമായ രീതിയിൽ സംസാരിക്കാൻ നമുക്ക് സാദ്ധ്യമല്ല. കുറച്ചൊക്കെ സംസാരിക്കാൻ സാധിക്കുന്നത് തന്നെ അകത്തെ കമ്പനങ്ങളിലൂടെ നാം സംസാരിക്കുന്നത് അറിയുന്നത് കൊണ്ടാണ്. നാം പറയുന്ന കാര്യം അൽപ്പം വൈകിച്ച് കേൾപ്പിച്ചാലോ അല്ലെങ്കിൽ നാം പറയുമ്പോൾ അത് കേൾക്കാതിരിക്കത്തക്കവണ്ണം ഇയർ ഫോൺ മുഖേന മറ്റൊരു ശബ്ദം നമ്മുടെ ചെവിക്കുള്ളിൽ കേൾപ്പിച്ചാലോ അല്ലെങ്കിൽ നാം പറയുമ്പോൾ അത് കേൾക്കാതിരിക്കത്തക്കവണ്ണം ഇയർ ഫോൺ മുഖേന മറ്റൊരു ശബ്ദം നമ്മുടെ ചെവിക്കുള്ളിൽ കേൾപ്പിച്ചാലോ നമുക്ക് സംസാരിക്കാൻ സാദ്ധ്യമല്ലാതെ വരും. നമ്മുടെ സംസാരം സാധ്യവും സുഖമവുമാവാൻ നാം സംസാരിക്കുന്നത് നാം തന്നെ കേൾക്കണം. അതു കൊണ്ടാണ് കേൾക്കാൻ കഴിവില്ലാത്ത ബധിരന്മാർക്ക് ആരോഗ്യകരമായ ഉച്ചാരണാവയവങ്ങൾ ഉണ്ടായിരുന്നിട്ടും സംസാരിക്കാൻ കഴിവില്ലാതെ മൂകരായി പോവുന്നത്. പിൽക്കാലത്ത് ബാധിര്യം ബാധിച്ചവർക്കും പിന്നീട് ഭാഷണ വൈകല്യങ്ങൾ അനുഭവപ്പെടുന്നതും ചെവിയുടെ ശ്രവണ പുനർനിവേശന പ്രതിഭാസം അഥവാ ഓഡിറ്ററി ഫീഡ് ബാക്ക് നടക്കാത്തത് മൂലമാണ്. മനുഷ്യന്റെ ഭാഷണ ത്തെപറ്റി അല്ലാഹു പറഞ്ഞ വചനം വീണ്ടും നാം ഓർക്കുക:

***(അല്ലാഹു) അവന് ഭാഷണ സിദ്ധിയോടുകൂടിയ ആശയ പ്രകടന രീതി (ബയാൻ) പഠിപ്പിച്ചു കൊടുക്കുകയും ചെയ്തു ........... അപ്പോൾ നിങ്ങൾ ഇരുകൂട്ടരുടേയും (ഇൻസിന്റേയും ജിന്നിന്റേയും) നാഥന്റെ അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്?*** (തുടരും)

## സമ്പന്നർക്ക് മാത്രമുള്ള സൽക്കാരം

സാധുക്കളെ അവഗണിച്ചും സമ്പന്നരെ മാത്രം ക്ഷണിച്ചും കൊണ്ടുള്ള സൽക്കാരം വളരെ ഹീനമാണ്. ഒരാളുടെ ക്ഷണം സ്വീകരിക്കാത്തവൻ അല്ലാഹുവിനോടും റസൂലിനോടും അനുസരണയില്ലാത്തവനാണ്. (ബുഖാരി)

ലേഖനം

# ഇസ്‌ലാം എങ്ങനെ മദ്യം നിരോധിച്ചു?

ലോകത്ത് വ്യാപകമായിക്കൊണ്ടിരിക്കുന്ന മദ്യവിപത്ത് സമൂഹത്തിൽ നിന്ന് പൂർണമായും നിർമാർജനം ചെയ്ത് മാതൃക കാഴ്ചവെച്ചത് ഇസ്‌ലാം മതമാണ്. ഇസ്‌ലാം എങ്ങനെ ഈ അത്ഭുതം നിറവേറ്റി എന്ന് ലേഖകൻ വിശദീകരിക്കുന്നു. വിവ: പ്രൊഫ.എം. മുഹമ്മദ്.



**ഐസാസ് ഖാൻ, കാനഡ**

അതിപുരാതന കാലം തൊട്ട് തന്നെയുള്ള മനുഷ്യന്റെ മദ്യപാന ശീലം ആധുനിക സമൂഹത്തിലും നിലയുറപ്പിച്ചിരിക്കുന്നു. ലോകമാകമാനം രണ്ട് ബില്ല്യൻ ജനങ്ങളാണ് ഈ കെടുതിക്കടിമപ്പെട്ട് കിടക്കുന്നത്. ഇതിൽ 76.3 മില്ല്യൻ ജനം മദ്യപാനം മൂലമുണ്ടാകുന്ന വിവിധ ശാരീരിക മാനസിക വൈകല്യങ്ങളിലും കുടുംബ ബന്ധ തകർച്ചകളിലും ആപതിച്ചിരിക്കുന്നു. എന്നിട്ടും ദൈനംദിന ജനജീവിതത്തിന്റെ അവിഭാജ്യഘടകമായി തന്നെ മദ്യം സമൂഹത്തിൽ തുടരുകയും ചെയ്യുന്നു. സ്ഥിതിവിവരക്കണക്കുകൾ പ്രകാരം മദ്യപാനം മാനവ നാഗരികതക്കും സംസ്ക്കാര സുസ്ഥിരതക്കും വരുത്തിവെച്ചിരിക്കുന്ന നാശനഷ്ടങ്ങൾ ചില്ലറയല്ല. എന്നിട്ടും ലോക സമൂഹത്തിന് മദ്യം നിരോധിക്കുന്നത് പോയിട്ട് മദ്യം നിയന്ത്രിക്കുന്നതിന് പോലും സാധ്യമാകുന്നില്ല. 2005 ൽ അമേരിക്കൻ ഗവൺമെന്റ് നടത്തിയ ഒരു പഠന റിപ്പോർട്ട് പ്രകാരം ഓരോ വർഷവും 75,000 പേരാണ് മദ്യപാനം കൊണ്ട് മരിക്കുന്നത്. എണ്ണത്തിന്റെ കണക്ക് ഒരോ വർഷവും വർധിച്ചു കൊണ്ടാണ് പോവുന്നത്. 2006 തൊട്ട് 2010 ആവുമ്പോഴേക്കും മദ്യപാന മരണ സംഖ്യ വർഷത്തിൽ 88,000 ആയി. അമേരിക്കയിൽ പ്രതിരോധിക്കാവുന്ന മൂന്നാമത്തെ മരണ ഹേതു മദ്യാസക്തിയാണ്. ഈ അടുത്ത കാലത്തായി അമേരിക്കയിൽ നടത്തിയ ദീർഘമായ മറ്റൊരു പഠനം പറയുന്നത് യു എസ്സിൽ പത്തിൽ മൂന്നു പേർക്ക് മദ്യപാനവുമായി ബന്ധപ്പെട്ട ഗുരുതരമായ പ്രശ്നങ്ങൾ ഉണ്ടെന്നാണ്.

ഏതായാലും ഇത് അമേരിക്ക മാത്രം നേരിടുന്ന ഒരു പകർച്ച വ്യാധിയല്ല. 2012 ൽ 3.3 മില്ല്യൻ മരണങ്ങൾ, അതായത് ലോക മരണ സംഖ്യയിൽ 5.9 % മദ്യപാനം കൊണ്ട് മാത്രം സംഭവിച്ചതാണ്. ആഗോള തലത്തിൽ ജനങ്ങളുടെ അകാല ചരമത്തിനും ശാരീരികവും മാനസികവുമായ പ്രശ്നങ്ങൾക്കും അഞ്ചാമത്തെ മുഖ്യ ഹേതു മദ്യം തന്നെ. 15 തൊട്ട് 49വരെ വയസ്സുള്ള യുവ സമൂഹ ങ്ങളിൽ മദ്യമാണ് ഒന്നാമത്തെ ആപൽ ഘടകം. പേടിപ്പെടുത്തുന്ന ഈ കണക്കുകൾ തീർച്ചയായും അന്തർ ദേശീയ തലത്തിൽ തീവ്രമായ ഉത്കണ്ഠക്ക് കാരണമാകേണ്ടതാണ്.

എന്നിരുന്നാലും ലോകത്ത് മദ്യനിരോധന സംരംഭങ്ങൾ തുടർച്ചയായി പരാജയം ഏറ്റു വാങ്ങുന്നതായിട്ടാണ് കാണുന്നത്. ഉദാഹരണത്തിന് 1920 തൊട്ട് 1933 വരെ നിലവിലിരുന്ന അമേരിക്കയിലെ മദ്യനിരോധനം എടുത്ത് കളയേണ്ടി വന്നത്. ഇത്തരം അനുഭവങ്ങൾ കുടിയുടെ ഒരു സംസ്ക്കാരത്തെ

തന്നെ ലോകമാകെ വ്യാപിപ്പിച്ചിരിക്കുന്നു. കുടിയന്മാർ മാത്രമല്ല കുടിക്കാത്തവരും മദ്യപാന സംസ്ക്കാരത്തെ അംഗീകരിച്ച മട്ടാണുള്ളത്.

ലോക സമൂഹം മദ്യപാനത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് ബോധമുൾക്കൊള്ളുകയും അത് നിയന്ത്രണ വിധേയമാക്കുവാൻ പാടുപെടുകയും ചെയ്യുന്ന ഈ കാലയളവിൽ പോലും മാനവ പരിഷ്കൃതിയിയുടെ ചരിത്രത്തിൽ മദ്യവിപത്തിനെ ഫലപ്രദമായി നേരിട്ട ഒരു സമൂഹം നിലനിന്നിട്ടുണ്ടായിരുന്നു എന്ന് പലർക്കും അജ്ഞാതമാണ്. ആ സമൂഹം 7-ാം നൂറ്റാണ്ടിൽ മുഹമ്മദ് നബി(സ) യാൽ അറേബ്യയിൽ സംസ്ഥാപിതമായ സമൂഹമായിരുന്നു. ലോകത്തെമ്പാടും മദ്യനിരോധന പ്രവർത്തനങ്ങൾ പരാജയമടയവേ ഇസ്‌ലാമിക വ്യവസ്ഥയിൽ അവ വിജയം കാണാനുള്ള കാരണമെന്തായിരുന്നു. ?

## മദ്യനിരോധനം അമേരിക്കയിൽ (1920-1933)

മദ്യനിരോധനം അമേരിക്കക്കാർക്ക് സ്വീകാര്യമായ ഒരാശയമായിരുന്നില്ല. എന്നാൽ 18-ാം ഭരണഘടനാഭേദഗതി മദ്യത്തിന്റെ ഉദ്പാദനവും വിൽപ്പനയും വിതരണവും നിരോധിക്കേണ്ടതാണെന്ന് പ്രഖ്യാപിച്ചതോടെ മദ്യനിരോധന നിയമം അവിടെ പ്രാബല്യത്തിൽ വന്നു. ആദ്യഘട്ടത്തിൽ ഫലം ആശാവഹമാണെന്ന് തോന്നിക്കും വിധം മദ്യോപഭോഗം 20 മുതൽ 40 ശതമാനം വരെ കണ്ട് കുറഞ്ഞു. എന്നാൽ ഏറെ താമസിയാതെ ഉപഭോഗ വർധനവാണുണ്ടായത്. മദ്യനിരോധന നിയമം വന്ന് ഒരു വർഷം കഴിയുമ്പോഴേക്കും ഉപഭോഗം ക്രമാതീതമായി വർധിച്ചു. 1921 മുതൽ 27 വരെ വർധനവ് 10 മുതൽ 70 ശതമാനമായി. മദ്യപാനകാര്യത്തിൽ നിയമത്തോടുള്ള ആദരവ് പരക്കെ ലംഘിക്കപ്പെട്ടു. കുടിക്കേണ്ടവർ കുടിച്ചുകൊണ്ടിരുന്നു.

***മദ്യനിരോധനം അമേരിക്കയെ മാറ്റി തീർത്ത 13 വർഷങ്ങൾ*** എന്ന പുസ്തകത്തിൽ അതിന്റെ കർത്താവ് എഡ്വേർഡ് ബെൻ, ഇങ്ങനെ എഴുതേണ്ടി വന്നു: ***'മദ്യനിരോധനത്തോടുകൂടി അമേരിക്കയിൽ ഒരു തരം ഭ്രാന്തമായ കുടി മേളയായിരുന്നു നടന്നത്. ഇതിനാണ് കഴിഞ്ഞ 13 വർഷവും അഞ്ചു മാസവും ഒമ്പത് ദിവസവും രാജ്യം സാക്ഷ്യം വഹിച്ചത്. ഈ കാലയളവിൽ അമേരിക്കൻ ജനത അവരുടെ വീടുകളിൽ 700 ദശലക്ഷം ഗാലൻ ബിയർ വാറ്റിയെടുത്ത് കൊണ്ട് കുടിച്ചുവത്രെ. മദ്യത്തിന് വേണ്ടി ജനം ചിലവഴിച്ച സംഖ്യ പതിന്മടങ്ങ് വർധിച്ചു എന്ന് മാത്രമല്ല വ്യാജ മദ്യപ്രളയം ഇതോടൊപ്പമുണ്ടായി. മദ്യത്തേക്കാളും അപകടകാരിയായ മയക്കുമരുന്നുകളിലേക്കും ജനം ചേക്കേറി. ഹഷീശ്, മരിജുവാൻ, കൊക്കെയിൻ തുടങ്ങിയ മയക്കുമരുന്നുകളുടെ ഉപയോഗം മദ്യപാനികളെ അന്താരാഷ്ട്ര കുറ്റവാളി അധോലോക സംഘങ്ങളുമായും ബന്ധിപ്പിച്ചു. 1933 ആവുമ്പോഴേക്കും മദ്യനിരോധനം അമേരിക്കയിൽ പൂർണമായും പരാജയമടഞ്ഞു. അമേരിക്കൻ ജനത മദ്യപാന പ്രിയരാണെന്നും അവരെ പിന്തുണക്കാൻ വലിയൊരു മദ്യലോബി കച്ച കെട്ടി രംഗത്തുണ്ടായിരുന്നുവെന്നും തെളിഞ്ഞു. ഇവർക്ക് ഭരണ സംവിധാനത്തിലുണ്ടായിരുന്ന സ്വാധീനം മദ്യനിരോധനം പിൻ വലിക്കുന്നതിൽ കലാശിച്ചു.***

***'മദ്യോൽപ്പാദന രംഗത്തെ യുദ്ധം: അമേരിക്കൻ ബിയർ വ്യാപാരത്തിനൊരു ചരിത്ര രേഖ' എന്ന പുസ്തകത്തിൽ ഗ്രന്ഥകർത്താവ് ആമി മിറ്റൽ ഇങ്ങനെ എഴുതി: മദ്യ വ്യാപാരികളും മദ്യപാനികളും സംഘടിതമായി മദ്യനിരോധനത്തെ എതിർത്ത് പരാജയപ്പെടുത്തുകയായിരുന്നു.'***

## മദ്യവും ബൈബിളും

അമേരിക്കയിൽ ഭരണഘടനാ നിയമം പരാജയപ്പെട്ടിടത്ത് മത നിയമവും ഫല പ്രദമായില്ല. ജൂത ക്രിസ്ത്യൻ മത സംഹിതകളിൽ മദ്യം അസന്ദിഗ്ദ്ധമായി നിരോധിക്കപ്പെട്ടിട്ടില്ല എന്നതാണതിന് ഒരു കാരണം. ഈ രണ്ട് മതങ്ങളുടേയും സ്വാധീനവലയത്തിലുള്ള ജന സമൂഹം മദ്യം നിഷിദ്ധ വസ്തുവാണെന്ന് കരുതുന്നില്ല. മതഗ്രന്ഥങ്ങളിൽ വിശുദ്ധ ഖുർആൻ മാത്രമാണ് അർഥശങ്കക്കിടയില്ലാത്ത വിധം മദ്യപാനത്തെ നിരോധിച്ചത്. അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) പ്രസ്താവിക്കുന്നു: ***'തോറാ, ബൈബിൾ എന്നീ ഗ്രന്ഥങ്ങളുടെ അനുയായികൾ മദ്യത്തിനും ചൂതാട്ടത്തിനും തീർത്തും വിധേയരായിരുന്നു. മദ്യപാനത്തെയും ചൂതാട്ടത്തേയും ഈ രണ്ട് മതഗ്രന്ഥങ്ങളും നിരോധിക്കാത്തത് തന്നെയാണ് ഇതിന് അടിസ്ഥാന കാരണം. വെള്ളം കുടിക്കുന്നത് പോലെ മദ്യംകുടിക്കുവാനും ചൂതാട്ടത്തിൽ ഏർപ്പെടാനും രണ്ട് സമൂഹങ്ങൾക്കും ഇത് സാഹചര്യമൊരുക്കി. എന്നാൽ വിശുദ്ധ ഖുർആനാകട്ടെ എല്ലാ തിന്മകളുടേയും അതിക്രമങ്ങളുടേയും മാതാവായിട്ടാണ് മദ്യത്തെ കാണുന്നത്. ഈ വിശുദ്ധ ഗ്രന്ഥം മദ്യപാനത്തെ ചൂതാട്ടത്തോടൊപ്പം നിരോധിക്കുകയും ചെയ്യുന്നു. ഇതാകട്ടെ ഖുർആന് മാത്രം അവകാശപ്പെടുന്ന ഒരു നേട്ടവുമാകുന്നു. യൂറോപ്യൻ രാജ്യങ്ങൾ അവിടങ്ങളിൽ പടർന്നു പന്തലിച്ചിരിക്കുന്ന മദ്യചൂതാട്ട വിപത്തുകളെ എങ്ങനെ നേരിടണമെന്നറിയാതെ വേവലാതിയിലാണ്ടു കിടക്കുകയാണ്.' (ചശ്മെ മഅ്രിഫ, റൂഹാനി ഖസായിൻ, വാല്യം23, പേജ്. 267)***

ബൈബിൾ മദ്യം നിരോധിക്കുന്നതിൽ പരാജയപ്പെടുന്നുവെന്ന് മാത്രമല്ല, മദ്യത്തിന് ഒരു തരം പ്രധാന്യം തന്നെ അത് നൽകുന്നുണ്ട്. മറ്റൊരു മതഗ്രന്ഥത്തിലും അത് കാണുകയില്ല. യോഹന്നാൻ അദ്ധ്യായം 2, 1 മുതൽ 11 വാക്യങ്ങൾ, യേശു കാണിച്ച

ആദ്യത്തെ ദിവ്യാത്ഭുതമായി പറയുന്നത് അദ്ദേഹം വെള്ളത്തെ വീഞ്ഞാക്കി മാറ്റി എന്നുള്ളതാണ്. ഈ അത്ഭുത കൃത്യം കാരണമത്രേ ജനങ്ങൾ അദ്ദേഹത്തിൽ വിശ്വസിക്കാൻ ആരംഭിച്ചത്! സന്തോഷാവസരങ്ങളെല്ലാം കൊഴുപ്പിക്കുന്നത് വീഞ്ഞാണെന്ന സൂചനയും സങ്കീർത്തന പുസ്തകവും സഭാപ്രസംഗ പുസ്തകവും നൽകുന്നു. (സങ്കീർത്തനം 104: 14 15 സഭാപ്രസംഗി. 9:7)

പോരാത്തതിന് കുർബാനയിൽ വീഞ്ഞ് ക്രിസ്തുവിന്റെ രക്തത്തെ പ്രതിനിധീകരിക്കുന്നു. ഇതൊക്കെ കൊണ്ടാണ് ക്രിസ്തുമത പുരോഹിതർ തന്നെ ചിലർ അമിത മദ്യപാനികളായതും അവരിൽ ചിലർ പ്രസംഗ പീഠങ്ങളിൽ കുടിച്ച് ബോധശൂന്യരായി പെരുമാറുന്നതും.

മദ്യപാനത്തെ ബൈബിൾ ഒരു പാപമായിട്ടാണ് ഗണിക്കുന്നത് എന്ന് ഒരു വാദഗതിയുണ്ട്. എങ്കിൽപിന്നെ എന്തുകൊണ്ട് വേദ പുസ്തകം അത് നിരോധിച്ചില്ല? ബൈബിൾ അദ്ധ്യാപനങ്ങളിൽ മദ്യം അനുവദനീയമാണെന്ന വസ്തുതയെ പരാമർശിച്ച് കൊണ്ട് വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) പറയുന്നു:

> ***'മനുഷ്യൻ പാപ പങ്കിലമായ ജീവിതത്തിൽ ആമഗ്നനായി തീരുമ്പോൾ അനുവദനീയവും നിഷിദ്ധവുമായ കാര്യങ്ങളെ സംബന്ധിച്ച് അവൻ വേർതിരിവ് നടത്തുകയില്ല. അവനെ സംബന്ധിച്ചിടത്തോളം അനുവദനീയമായ കാര്യങ്ങൾ നിഷിദ്ധങ്ങളും, നിഷിദ്ധം അനുവദ നീയവുമായി തീർന്നേർക്കാം. സൽക്കർമങ്ങളിൽ നിന്ന് അയാൾ മാറി നിൽക്കാൻ ഇടയുണ്ട്. എല്ലാ അനാശ്യാസ്യ പ്രവണതകളുടെയും മാതാവായ മദ്യം ക്രിസ്ത്യാനി കൾക്ക് അനുവദനീയമായി പരിണമിച്ചതെങ്ങനെ? ഇസ്‌ലാമിക ശരീഅത്തിൽ അത് നിഷിദ്ധവും പിശാചിന്റെ അശുദ്ധിയുമായി പരിഗണിക്കപ്പെടുന്നു. ഏതെങ്കിലും ഒരു ക്രിസ്തീയ പുരോഹിതൻ മദ്യത്തെ ബൈബിൾ നിഷിദ്ധമാക്കിയിട്ടുണ്ടെന്ന് തെളിയിക്കുമോ? മറിച്ച് മദ്യം ഒരനുഗ്രഹീത വസ്തുവായി അവതരിക്കുന്നതായിട്ടാണ് നമുക്ക് അവിടെ കാണാൻ കഴിയുക. യേശു തന്റെ ആദ്യത്തെ അത്ഭുത ദൃഷ്ടാന്തം അവതരിപ്പിക്കുന്നത് മദ്യത്തെ വീഞ്ഞാക്കി പരിവർത്തിപ്പിച്ചുകൊണ്ടാണ്. പിന്നെ എന്തുകൊണ്ട് ക്രിസ്ത്യാനികൾക്കിത് പാനം ചെയ്തു കൂടാ? അവരിൽ മിതമായി മദ്യപിക്കുന്നവർ പോലും ഒരു കുപ്പി ബ്രാണ്ടിയെങ്കിലും കുടിക്കുന്നു. ഇത് കാരണം കുറ്റ കൃത്യങ്ങടെ എണ്ണം ഇംഗ്ലണ്ടിൽ കൂടി വരികയും ചെയ്യുന്നു.' (അൽഹക്കം 17. 6.1903)***

ഇവിടെ ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. വാഗ്ദത്ത മസീഹ് (അ) ഇന്ന് നിലവിലുള്ള ബൈബിളിലെ മദ്യത്തോടുള്ള നിലപാടിനെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്. അതിൽ യേശു വൈൻ കഴിച്ചതായുള്ള പരാമർശമുണ്ട്. എന്നാൽ വാഗ്ദത്ത മസീഹ് ഒരിക്കലും യേശു(അ) മദ്യം കഴിച്ചതായി വിശ്വസിച്ചിരുന്നില്ല. യേശുവിനെ അദ്ദേഹം ദൈവത്തിന്റെ സത്യപ്രവാചകനായി മദ്യപാനമുൾ പ്പെടെയുള്ള സകല തിന്മകളിൽ നിന്നും സുരക്ഷിതനായിട്ടാണ് വിശ്വസിച്ചാദരിച്ചിരുന്നത്.

## മദ്യപാനത്തോട് ഇസ്‌ലാമിന്റെ നിലപാട്

മദ്യത്തോടുള്ള വിശുദ്ധ ഖുർആന്റെ നിലപാട് സുവ്യക്തമാണ്. അത് മദ്യപാനത്തെ നിരുപാധികം നിരോധിക്കുന്നു. അറബ് സമൂഹത്തിൽ നിന്നും മദ്യപാനത്തെ നിഷ്ക്കാസനം ചെയ്യാൻ അറബ് മനോഭാവത്തെയാണ് അത് മാറ്റിത്തീർത്തത്. ഈ മനം മാറ്റത്തെ തുടർന്ന് വന്നതാണ് നിരോധനം. അടിമത്ത സമ്പ്രദായത്തെ ഇസ്‌ലാം നിർമാർജനം ചെയ്തതും ഇതേ മനംമാറ്റത്തിലൂടെയായിരുന്നു. അടിമകളെ സ്വതന്ത്രരാക്കുകമാത്രമല്ല അവർക്ക് ഇസ്‌ലാമിക സമൂഹത്തിൽ മാന്യമായ സ്ഥാനമാനങ്ങളും പദവികളും നൽകി സാമുദായികോദ്ഗ്രന്ഥനം സാധിതമാക്കി തീർക്കുകയും കൂടി ചെയ്തു ഇസ്‌ലാം. മദ്യത്തിന്റെ കാര്യത്തിൽ ഇസ്‌ലാമികാദ്ധ്യാപനങ്ങൾ പ്രശ്നത്തിന്റെ അടിവേരുകളിലേക്കാണ് ഇറങ്ങിച്ചെന്നത്. ആദ്യമായി മദ്യത്തോടുള്ള മനോഭാവത്തിൽ അത് മാറ്റം വരുത്തി. പതുക്കെ സഞ്ചരിച്ചു കൊണ്ടിരിക്കുന്ന ഒരു മോട്ടോർ വാഹനം വേഗത കൂട്ടി ക്കൊണ്ട് പെരുവഴിയിൽ എത്തിച്ചേരുന്നത് പോലെ ക്രമപ്രവൃദ്ധമായിരുന്നു മാറ്റം.

മദ്യത്തക്കുറിച്ചുള്ള ആദ്യ ഖുർആൻ വചനം മക്കയിലാണ് അവതരിച്ചത്.

***ഈത്തപ്പഴങ്ങളിൽ നിന്നും മുന്തിരിപ്പഴങ്ങളിൽ നിന്നും ലഹരി പദാർഥങ്ങളും നല്ല ആഹാര വസ്തുക്കളും നിങ്ങൾ ഉദ്പാദിപ്പിക്കുന്നു. ബുദ്ധി ഉപയോഗിക്കുന്ന ജനത്തിന് ഇതിൽ ദൃഷ്ടാന്തമുണ്ട്. (16:68)*** ഈ സൂക്തം നല്ലതും ചീത്തയുമായ ഭക്ഷണ പദാർഥങ്ങളെയാണ് പരാമർശിക്കുന്നത്. ദോഷകരവും ആരോഗ്യകരവുമായ ഭക്ഷ്യ വസ്തുക്കൾ ഫലവർഗങ്ങളിൽ നിന്നും ഉദ്പാദിപ്പിക്കപ്പെടുന്നു. ഈത്തപ്പഴവും മുന്തിരിയും ആരോഗ്യകരമായ ഭക്ഷ്യ പദാർഥങ്ങളാകുന്നു. എന്നാൽ അവയിൽ നിന്ന് തന്നെ ഹാനികരമായ ലഹരി പദാർഥങ്ങളും ഉണ്ടാക്കപ്പെടുന്നു. ലഹരി പദാർഥങ്ങൾ ഏത് വിഭാഗത്തിൽപ്പെടുന്നു എന്നത് ബുദ്ധിയുള്ളവർ ചിന്തിക്കട്ടെ. ഈ ദിവ്യവെളിപാടിനെ തുടർന്ന് മൂന്ന് ഘട്ടങ്ങളിലായിട്ടാണ് ഖുർആൻ

മദ്യനിരോധനാശയം അവതരിപ്പിക്കുന്നത്.

1. ആദ്യഘട്ടത്തിൽ ലഹരി പദാർഥങ്ങളിൽ ചില പ്രയോജനങ്ങളുണ്ടെങ്കിലും അവയുടെ ദോഷം ഗുണത്തെക്കാളേറെയാണെന്ന് പ്രബോധിക്കുന്നു: ***അവർ നിന്നോട് മദ്യത്തെയും*** ചൂതിനെയും കുറിച്ച് ചോദിക്കുന്നു. പറയുക, അവ രണ്ടിലും വലിയ ദോഷവും ജനങ്ങൾക്ക് ചില പ്രയോജനങ്ങളുമുണ്ട്. അവയുടെ ദോഷം പ്രയോജനത്തേക്കാളേറെയാണ്.(2:220)

2. രണ്ടാം ഘട്ടത്തിൽ നമസ്ക്കാര വേളകളിൽ ലഹരി ഉപയോഗം നിരോധിക്കുന്നു. 4-ാം അദ്ധ്യായത്തിൽ 44-ാം വചനം ഇത് സംബന്ധിച്ചുള്ള പ്രഖ്യാപനമിതാണ്.

***വിശ്വസിച്ചവരേ, നിങ്ങൾ ലഹരി ബാധിച്ച നിലയിൽ നമസ്ക്കാരത്തെ സമീപിക്കരുത്. നിങ്ങൾ പറയുന്നതെന്താണെന്ന് നിങ്ങൾക്ക് മനസ്സിലാകുന്നത് വരെ.*** സൂര്യോദയം തൊട്ട് അസ്തമയ ശേഷവും അഞ്ച് നിശ്ചിത നേരങ്ങളിൽ അനുഷ്ഠിക്കപ്പെടേണ്ട നമസ്ക്കാരങ്ങൾ ഫലത്തിൽ ഒരു മുസ്‌ലിമിനെ മദ്യപാനത്തിൽ നിന്ന് അകറ്റി നിർത്തി. ഇസ്‌ലാമിൽ നമസ്കാരം നേടിയ പ്രാധാന്യം മദ്യപാന സദസ്സുകളെ പൂർവാധികം നിരുത്സാഹപ്പെടുത്തുന്നു. നമസ്ക്കാരം ഒരു മുസ്‌ലിമിനെ നിഷിദ്ധകാര്യങ്ങളിൽ നിന്ന് അകറ്റി നിർത്തുന്നുവെന്ന് ഖുർആൻ തന്നെ വ്യക്തമാക്കുന്നു.

3. മൂന്നാമത്തെ ഘട്ടത്തിൽ മദ്യം പിശാചിന്റെ മ്ലേഛതയാണെന്നും പരിപൂർണമായും വർജിക്കേണ്ടതാണെന്നും പ്രഖ്യാപിക്കപ്പെട്ടു. 5-ാം അദ്ധ്യായം 91, 92 വചനങ്ങൾ ***'അല്ലയോ വിശ്വാസികളെ നിശ്ചയമായും മദ്യവും ചൂതാട്ടവും പ്രതിഷ്ഠകളും പ്രശ്നം വെക്കലും അസ്ത്രങ്ങളും പിശാചിന്റെ ചെയ്തികളിൽപ്പെട്ട മാലിന്യങ്ങളാകുന്നു. അതിനാൽ നിങ്ങൾ അവയെ വർജിക്കുക; നിങ്ങൾ വിജയികളായി തീരാൻ വേണ്ടി തീർച്ചയായും പിശാച് ഉദ്ദേശിക്കുന്നത് മദ്യവും ചൂതാട്ടവും മുഖേന നിങ്ങൾക്കിടയിൽ ശത്രുതയും വിദ്വേഷവും ഉണ്ടാക്കി തീർക്കണമെന്നും അല്ലാഹുവിനെ സ്മരിക്കുന്നതിൽ നിന്നും നിങ്ങളെ അകറ്റേണമെന്നുമാണ്. അതുകൊണ്ട് നിങ്ങൾ (ഇവയിൽ നിന്നെല്ലാം) വിരമിക്കുന്നവരാണോ? '***

നിലവിലുണ്ടായിരുന്ന മദ്യ സംസ്ക്കാരത്തോടുള്ള ജനങ്ങളുടെ മനോഭാവം മാറ്റിയെടുക്കുവാൻ ഇസ്‌ലാം മതത്തിനായി. ഒറ്റയടിക്കല്ലാതെ ഘട്ടംഘട്ടമായി അത് സാധിച്ചെടുത്തു. ഇസ്‌ലാമിനല്ലാതെ മറ്റു ഒരു മത സംവിധാനത്തിലും ഇത് പ്രാവർത്തികമായില്ല. മദ്യം നിരോധിക്കുന്നതിൽ ഇസ്‌ലാം സ്വീകരിച്ച പ്രായോഗിക നടപടികളാണ് വിജയത്തിൽ കലാശിച്ചത്. നബി(സ) ലഹരി വസ്തുക്കളെ കുറിച്ച് നിരന്തരം തന്റെ അനുയായികളെ ഉദ്ബോധിപ്പിച്ചു കൊണ്ടിരുന്നു. അദ്ദേഹം പ്രഖ്യാപിച്ചു: ***മദ്യം എല്ലാ തിന്മകളുടേയും മാതാവാകുന്നു. ആരത് കുടിക്കുന്നുവോ അല്ലാഹു അയാളുടെ പ്രാർഥനകൾ നാൽപ്പത് ദിവസത്തേക്ക് സ്വീകരിക്കുകയില്ല. ഒരാൾ മദ്യപിച്ച നിലയിൽ മരിക്കുകയാണെങ്കിൽ അയാൾ ജാഹിലിയ്യാ (ഇസ്‌ലാമിന് മുമ്പു ള്ള അജ്ഞാന കാലം) മരണം വരിക്കുന്നതാണ് '*** (അഹാദീസ് അൽ ശുയൂഖ് അബീ മുഹമ്മദ് ബൽ ആബഖി)

സമൂഹത്തെ പരിപൂർണ മായും ലഹരി മുക്തമാക്കുവാൻ ചെറിയ അളവിലുള്ള ലഹരി പദാർഥങ്ങളുടെ ഉപയോഗവും നിർത്തലാക്കേണ്ടതുണ്ടായിരുന്നു. ലഹരിക്കടിമപ്പെടുന്നവർ തുടക്കത്തിൽ ചെറിയ അളവിലാണ് അത് തുടങ്ങുക. തുടർന്ന് അളവ് കൂട്ടിക്കൊണ്ടു പോകേണ്ടിവരികയും ഒടുവിൽ മദ്യപാനി മദ്യാസക്ത നായി നശിക്കുകയും ചെയ്യുന്നു. ഈ പതനത്തെ തടുത്ത് നിർത്താൻ നബി (സ) പ്രതി വിധി ഉപദേശിച്ചു: ***'എല്ലാ ലഹരി വസ്തുക്കളും നിഷിദ്ധമാണ്. ഏതൊരു വസ്തുവിന്റെയും കൂടിയ മാത്ര ലഹരിയുണ്ടാക്കുന്നു വോ അതിന്റെ ചെറിയ മാത്രയും നിഷിദ്ധമാകുന്നു.*** (സുനൻ ഇബ്നു മാജ, കിതാബുൻ അശ്‌വിബ) മദ്യത്തിന്റെ ചെറിയ അളവ് പോലും ആരോഗ്യത്തിന് ഹാനികരമാണെന്ന് ഏറ്റവും ഒടുവിലത്തെ വൈദ്യശാസ്ത്ര നിഗമനം നബി തിരുമേനി (സ) യുടെ സത്യദർശനത്തെ ശരിവെക്കുന്നു. ബ്രിട്ടീഷ് ചീഫ് മെഡിക്കൽ ഓഫീസറായിരുന്ന ഡെയിം സാലി ഡേവിസ് തന്റെ പഠന റിപ്പോർട്ട് സമർപ്പിച്ച് കൊണ്ടെഴുതുന്നു: ***'മദ്യം ഏതളവിൽ കഴിച്ചാലും ആരോഗ്യത്തിന് ഭീഷണി തന്നെയാണ്. കാൻസർ തുടങ്ങിയ മാരക രോഗങ്ങൾക്ക് ലഘു മാത്രയിലുള്ള മദ്യപാനം വഴി മരുന്നിടുന്നുവെന്ന് മറ്റ് പഠനങ്ങളും ചൂണ്ടിക്കാട്ടുന്നു.' (നിക്കൾ ട്രിഗർ, ആരോഗ്യ സംരക്ഷണത്തിന് മദ്യപാന നിയന്ത്രണം. ബി. ബി.സി ന്യൂസ് 8 ജനുവരി 2016)***

ദൈവം സൃഷ്ടിച്ച ഒരു വസ്തുവും തിന്മ മാത്രം ഉൾക്കൊള്ളുന്നവയല്ല. അത് തന്നെയാണ് വിശുദ്ധ ഖുർആൻ മദ്യത്തിന്റെ ദോഷത്തെ പരാമർശിച്ചു കൊണ്ട് അതിൽ ചില പ്രയോജനങ്ങളുമുണ്ട് എന്ന് പ്രസ്താവിക്കുന്നത്. ഇസ്‌ലാം മധ്യമാർഗം സ്വീകരിക്കുന്ന മതമാകുന്നു. മദ്യപാനത്തെ വിലക്കുന്നുണ്ടെങ്കിലും ഔഷധ നിർമാണത്തിൽ അതിന്റെ ഉപയോഗത്തെ വിലക്കുന്നില്ല. എത്നോൾ എന്ന ശുദ്ധ ആൾക്കഹോൾ കണ്ടെത്തിയത് തന്നെ ഒരു മുസ്‌ലിം രസതന്ത്രജ്ഞനും ശാസ്ത്രജ്ഞനും മഹാപണ്ഡിതനുമായ മുഹമ്മദ് ബ്നു സക്കരിയാ അൽ റാസിയാണ്. അദ്ദേഹമാണ് തന്റെ ചികിത്സാപദ്ധതിയിൽ ആദ്യമായി ആൽക്കഹോൾ ഉപയോഗിച്ച ഭിഷഗ്വരൻ. പിന്നീടാണ് പേർഷ്യക്കാർ ഔഷധ സസ്യങ്ങളിലും ആൾക്കഹോളുപയോഗിച്ചു തുടങ്ങിയത്. ഇന്നാകട്ടെ ഹോമിയോ പതിയിലും ആയുർവേദ ചികിത്സയിലുമെല്ലാം തന്നെ

ആൽക്കഹോൾ ഉപയോഗം സാർവത്രികമാണ്.

ഇസ്‌ലാം മദ്യനിരോധനം നടപ്പിൽ വരുത്തിയോ എന്ന ചോദ്യത്തിന് അതിന്റെ ചരിത്രം ഉത്തരം നൽകുന്നു. മദ്യനിരോധനം ഇസ്‌ലാമിക സുമൂഹത്തിൽ എട്ടിലെ പശുവായിരുന്നില്ല. മദ്യനിർമാർജനം എങ്ങനെയാണ് ഇസ്‌ലാം സാധിച്ചെടുത്തത്? മദ്യം നിരോധിച്ചുകൊണ്ടുള്ള ഒടുവിലത്തെ ദിവ്യവിജ്ഞാപനം ഉണ്ടായ നിമിഷം തൊട്ട് മുസ്‌ലിംകൾ മദ്യപാനത്തിൽ നിന്ന് നിരുപാധികം പിൻവാങ്ങുകയുണ്ടായി. ആ ദിനത്തെ കുറിച്ച് ഹദ്‌റത്ത് അനസ്ബ്നു മാലിക്ക് ഇങ്ങനെ രേഖപ്പെടുത്തുന്നു: ***പഴുത്തതും അല്ലാത്തതുമായ ഈത്തപ്പഴങ്ങളിൽ നിന്ന് ഉൽപാദിപ്പിക്കുന്ന മദ്യം അബു ഉബൈദ, അബൂ തൽഹ, ഉബൈബിൻ കഅബ് എന്നിവർക്ക് ഞാൻ പാത്രങ്ങളിൽ ഒഴിച്ചു കൊടുത്ത് കൊണ്ടിക്കുകയായിരുന്നുപ്പോൾ ഒരാൾ ധൃതിപ്പെട്ട് കൊണ്ട് വന്ന് പറഞ്ഞു: മദ്യം നിരോധിക്കപ്പെട്ടിരിക്കുന്ന വിളംബരം കേട്ടുകൊണ്ടാണ് ഞാൻ വന്നിരിക്കുന്നത്. ഇത് കേൾക്കേണ്ട താമസം അബൂ തൽഹാ പറഞ്ഞു: 'അല്ലയോ അനസ്, നിങ്ങൾ എഴുന്നേൽക്കുക. പാത്രങ്ങളിലുള്ള മദ്യം പുറത്തേക്ക് ഒഴിച്ചു കളയുക. ഞാനത് പ്രകാരം പ്രവർത്തിച്ചു.' (സഹീഹ് ബുഖാരി)*** ഈയൊരു പ്രഖ്യാപനത്തിന്റെ ഫലമായി മദീനയിലെ തെരുവുകളിലൂടെ മദ്യചാലുകൾ ഒഴുകിയെന്ന് ചരിത്രം പറയുന്നു. അത്രയേറെ മദ്യശേഖരമായിരുന്നു മദീനയിലുണ്ടായിരുന്നത്. നിരോധനാജ്ഞ വന്നതോടെ വിശ്വാസികൾ മദ്യചഷകങ്ങൾ തച്ചുടക്കുകയും മദ്യം തെരുവുകളിലൂടെ ഒഴുക്കുകയും ചെയ്തു. ഇസ്‌ലാം സൃഷ്ടിച്ചെടുത്ത വിശ്വാസികളുടെ സമൂഹത്തിന് അത് ചെയ്യാൻ സാധിച്ചു. ലോകം കണ്ട ഏറ്റവും വലിയ മദ്യനിരോധന പ്രസ്ഥാനമായി ഇസ്‌ലാം നിലകൊള്ളുന്നു. ആദ്യകാല മുസ്‌ലിംകളുടെ വിശ്വാസ ദാർഢ്യവും ആത്മീയ ചൈതന്യവുമാണ് ഇതിന് പിന്നിൽ പ്രവർത്തിച്ചത്. തലമുറതലമുറയായി സമൂഹത്തിൽ വേരുറപ്പിച്ച അടിസ്ഥാന തിന്മയെ വിശ്വാസ ദൃഢത പിഴുതെറിഞ്ഞു. ബാഹ്യനിയമങ്ങളുടെ സമ്മർദമോ ശിക്ഷാ വിധികളെക്കുറിച്ചുള്ള ഭയമോ അല്ല ഇവിടെ മദ്യത്തിൽ നിന്ന് ആളുകളെ പിന്തിരിപ്പിച്ചത്. ആദ്ധ്യാത്മിക ചൈതന്യത്തിന്റെ പ്രകടനമാണ് അവിടെ ദൃശ്യമായത്. ഇസ്‌ലാം ലോകത്ത് എവിടെയൊക്കെ വ്യാപിച്ചുവോ അവിടങ്ങളിലെല്ലാം മദ്യം നിർമാർജനം ചെയ്യപ്പെട്ടു. വടക്കൻ ഫ്ളോറിഡാ യൂണിവേഴ്സിറ്റിയിൽ പ്രൊഫസറായ ഡേവിഡ് കോട്ട് റൈറ്റ് എഴുതുന്നു: ***'മദ്യത്തെ ഒരു മാലിന്യമായും ചെകുത്താന്റെ മ്ലേഛതയായും അപലപിക്കുന്ന ഇസ്‌ലാമിന്റെ രംഗ പ്രവേശനം മുന്തിരി തോട്ട കൃഷിയെ തന്നെ നിരുത്സാഹപ്പെടുത്തുകയുണ്ടായി. ഇത് കാരണം ഉത്തരാഫ്രിക്കയിലും മധ്യപൂർവദേശത്തും മദ്യോൽപ്പാദനം പൂർണമായും നിലച്ചു.' (ഡേവിഡ് ടി. കോട്ട് റൈറ്റ്; ശീലങ്ങളുടെ സ്വാധീനം, മയക്ക് മരുന്നുകളും ആധുനിക ലോകവും)***

**'പരിഷ്കൃതി പരീക്ഷണത്തിൽ'** എന്ന തന്റെ ഗ്രന്ഥത്തിൽ വിശ്രുത ചരിത്രകാരൻ ആൾനഡ് ടി ടോയൻബി എഴുതുന്നു. അടുത്ത ഭാവിയിൽ ഉടലെടുക്കുന്ന ഒരു മഹത്തായ സമൂഹത്തിൽ ഇസ്‌ലാമിന്റെ തത്ത്വങ്ങൾ പ്രാവർത്തികമാക്കാൻ പറ്റുമെങ്കിൽ അത് ഏറെ ഗുണകരമായിരിക്കും. രണ്ട് പ്രത്യക്ഷ വിപത്തുകൾ ഒന്ന് മാനസികവും മറ്റത് പ്രാപഞ്ചികവും സാധാരണക്കാരെ ഇന്ന് അസ്വസ്ഥമാക്കുന്നു. വംശീയതയും മദ്യാസക്തിയുമാണ് ആ രണ്ട് വിപത്തുക്കൾ. ഈ രണ്ട് തിന്മകളേയും ഫലപ്രദമായി നേരിടുവാൻ ഇസ്‌ലാം മതത്തിനാവും. ധാർമികവും സാമൂഹികവുമായ മഹത്തായൊരു സേവനം ഇസ്‌ലാമിന് അത് വഴി നിർവഹിക്കാനാവുകയും ചെയ്യും. വടക്കനാഫ്രിക്കയും ഇന്ത്യോനേഷ്യയും മദ്യപാനത്തിൽ നിന്ന് മുക്തിനേടിയത് ഇസ്‌ലാമിന്റെ ആത്മീയ ശക്തി മൂലമാണെന്ന് പിന്നീട് ടോയൻബി സമർഥിക്കുന്നു.

മദ്യാസക്തിയുടെ ദൂഷിത വലയത്തിൽ നിന്നുള്ള മോചനം ഇസ്‌ലാമികാദ്ധ്യാപനങ്ങളിലൂടെ സാധിതമാക്കാവുന്നതാണെന്നും രാഷ്ട്രങ്ങൾ അത്വഴി പരിവർത്തന വിധേയരാവുമെന്നും അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകൻ ഹദ്‌റത്ത് മിർസാ ഗുലാം അഹ്മദ് (അ) ഉദ്ഘോഷിക്കുന്നു. ഏതൊരു കാര്യവും വ്യാപ്തി പ്രാപിക്കുന്നില്ലെങ്കിൽ അതിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ച് നാമറിയാതെ പോകും. ഉദാഹരണത്തിന് ഇപ്പോൾ യൂറോപ്പിൽ വ്യാപകമായിരിക്കുന്ന മദ്യപാനാസക്തി അതിന്റെ വ്യാപനം കൊണ്ടുണ്ടാകുന്ന വിപത്തുകളെക്കുറിച്ച് നമ്മെ ബോധവാന്മാരാക്കുന്നു. ഇതേ വിപത്ത് അറേബ്യയിൽ വ്യാപിക്കുകയും അതിനെ വിപാടനം ചെയ്യാൻ ഇസ്‌ലാമികാധ്യാപനങ്ങൾക്ക് സാധിക്കുകയും ചെയ്തത് ചരിത്രത്തിന്റെ ഭാഗമായിരിക്കുന്നു. (മൽഫൂസാത്ത് വാല്യം, 3 പേജ് 405)

ഇന്നാകട്ടെ മദ്യത്തിന്റെ ഭയാനകങ്ങളായ കെടുതികൾ ലോക സമൂഹങ്ങളെ ഗ്രസിച്ചിരിക്കുന്നു. പരിഷ്ക്കരണത്തിന് വേണ്ടിയുള്ള അതിശക്തമായ ആഹ്വാനങ്ങളാണത് ലോക ജനതക്കും നേതാക്കന്മാർക്കും നൽകുന്നത്. ഇസ്‌ലാം ആ വെല്ലുവിളി ഏറ്റെടുക്കുകയും പ്രായോഗിക തലത്തിൽ അതിന്റെ പ്രസക്തി തെളിയിക്കുകയും ചെയ്തിരിക്കുന്നു. (റിവ്യൂ ഓഫ് റിലീജ്യൻസ് 6 ഏപ്രിൽ 2016) ●

www.alislam.org

# ഖുർആനിലെ ശാസ്ത്ര സൂചനകൾ

വികസിച്ചു കൊണ്ടിരിക്കുന്ന ആധുനിക ശാസ്ത്രത്തെ പോലും വിസ്മയിപ്പിക്കുന്ന അർഥഗർഭവും യുക്തിഭദ്രവുമായ ശാസ്ത്ര സൂചനകൾകൊണ്ട് സമൃദ്ധമാണ് വിശുദ്ധ ഖുർആൻ

**അശ്റഫ് പത്തപിരിയം**

പ്രപഞ്ചോൽപ്പത്തി തുടങ്ങി ഭൂമിയിലെ മൗലികമായ ശാസ്ത്ര പ്രതിഭാസങ്ങളെ കുറിച്ചുള്ള സൂചനകൾ വിശുദ്ധ ഖുർആനിൽ ഉള്ളടങ്ങിയിരിക്കുന്നു. ഖുർആൻ അടിസ്ഥാനപരമായി ഒരു ശാസ്ത്ര കൃതിയല്ലാത്തതിനാൽ പ്രാപഞ്ചിക പ്രതിഭാസങ്ങളെയും വസ്തുതകളേയും ദൈവിക ദൃഷ്ടാന്തങ്ങളായി അവതരിപ്പിക്കുകയാണ് ഖുർആൻ ചെയ്യുന്നത്. ഈ പ്രാപഞ്ചിക പ്രതിഭാസങ്ങളുടെ വസ്തുതകൾ തേടിപ്പോകാൻ ഈ മഹൽ ഗ്രന്ഥം അടിക്കടി മനുഷ്യനെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. ഭൂമിയിൽ സഞ്ചരിച്ചു കൊണ്ട് ദൈവത്തിന്റെ മഹിമാ വിലാസങ്ങൾ നോക്കിക്കാണാനാണ് വിശുദ്ധ ഖുർആൻ നിരന്തരം ആഹ്വാനം ചെയ്യുന്നത്. ദൈവനിഷേധികളോട് ഖുർആൻ ചോദിക്കുന്നു. ***അവർ ഈ ഭൂമിയിൽ സഞ്ചരിക്കാറില്ലേ? എങ്കിൽ അവർക്ക് ചിന്തിക്കുന്ന മനസ്സുകളും കേൾക്കുന്ന കാതുകളുമുണ്ടാകുമായിരുന്നു. (വി. ഖുർ ആൻ 22:47)***

ജ്ഞാനം കളഞ്ഞു പോയ മുത്താണെന്നും അത് തേടി ഭൂമിയിൽ സഞ്ചരിക്കാനും മുഹമ്മദ് നബി (സ) അനുയായികളെ ഉദ്ബോധിപ്പിച്ചു. ഈ പ്രചോദനമാണ് മദ്ധ്യകാലഘട്ടത്തിൽ ഇസ്ലാമിക ലോകത്ത് നാനാവിധത്തിലുള്ള ശാസ്ത്ര വികസനത്തിന് കാരണമായത്. വിശുദ്ധ ഖുർആനിലെ ശാസ്ത്ര സംബന്ധിയായ പരാമർശങ്ങളെ ആധുനിക ശാസ്ത്രത്തിന്റെ വെളിച്ചത്തിൽ വിലയിരുത്തിയാൽ ഒരുകാര്യം ബോദ്ധ്യപ്പെടും. പ്രപഞ്ചോൽപ്പത്തി മുതൽ ലോകാന്ത്യം വരെയുള്ള കാര്യത്തെ കുറിച്ചു ആധുനിക ശാസ്ത്രത്തിന്റെ നിരീക്ഷണങ്ങളെ വിശുദ്ധ ഖുർആൻ ശരിവെക്കുന്നുവെന്നത് അത്യന്തം വിസ്മയാവഹമാണ്. പ്രശസ്ത ഫ്രഞ്ച് ഭിഷഗ്വരനായ മോറിസ് ബുക്കായ് തന്റെ ***'ബൈബിൾ, ഖുർആൻ, ശാസ്ത്രം'*** എന്ന കൃതിയിൽ എഴുതുന്നു:

ഖുർആനും ശാസ്ത്രവുമായുള്ള ബന്ധം ഒരു അത്ഭുതമായി തോന്നുന്നു. പ്രത്യേകിച്ച് അത് സയൻസുമായി സഹവർത്തിത്വമാണ് മുന്നോട്ട് വെക്കുന്നത് എന്നതിൽ തർക്കമില്ല.

വിശുദ്ധ ഖുർആന്റെ ശാസ്ത്ര സംബന്ധമായ പരാമർശങ്ങൾ ആധുനിക ശാസ്ത്രത്തിന്റെ വെളിച്ചത്തിൽ വിലയിരുത്തിയതിന് ശേഷമാണ് അദ്ദേഹം ഇങ്ങനെ പറഞ്ഞത്. ശാസ്ത്രവുമായി ബന്ധപ്പെടുത്തിയുള്ള ഖുർആനിക ദർശനങ്ങൾ ലോകത്ത് ഇന്ന്വരെ അവതരിച്ച മറ്റു മതങ്ങളുമായി താരതമ്യപ്പെടുത്തിയാൽ ആധുനിക ശാസ്ത്രവുമായി ഒരു അഭേദ്യ ബന്ധം ഖുർആന് ഉള്ളതായി നമുക്ക് കാണാം. ഖുർആനിക വിഷയങ്ങൾ സംബന്ധിച്ച് നാം ഒരു അപഗ്രന്ഥനം നടത്തിയാൽ മുഴുവൻ ശാസ്ത്ര മേഖലകളിലേയും കാര്യങ്ങളെക്കുറിച്ച് അതിബൃഹത്തായ വിവരങ്ങൾ ഖുർആനിലുടനീളം നമുക്ക് ദർശിക്കാം. മുഴുവൻ കാര്യങ്ങളും ഇവിടെ പരാമർശിക്കുക പ്രയാസകരമാണ്. എന്നിരുന്നാലും ശാസ്ത്ര രഹസ്യങ്ങളിലേക്ക് വെളിച്ചം വീശുന്ന ഖുർആനിക വചനങ്ങളും ശാസ്ത്ര നിരീക്ഷണങ്ങളും നമുക്ക് പരിശോധിക്കാം.

പ്രപഞ്ചോൽപത്തിയെ സംബന്ധിച്ച് വിശുദ്ധ ഖുർആൻ അവതരിപ്പിക്കുന്നത് പോലെ ഒരു തത്ത്വം ലോകത്ത് മറ്റൊരു മതഗ്രന്ഥത്തിലുമില്ലയെന്നുള്ളത് ഒരു പരമാർഥമാണ്. ഇത് സംബന്ധമായി വിശുദ്ധ ഖുർആൻ ഒരിടത്ത് പറയുന്നു:

***'അവിശ്വാസികൾ കാണുന്നില്ലേ? ആകാശങ്ങളും ഭൂമിയും പരസ്പരം ഒട്ടിപിടിച്ചതായിരുന്നു. പിന്നെ നാം അവയെ വേർപെടുത്തുകയും ജീവനുള്ള എല്ലാ വസ്തുക്കളേയും നാം വെള്ളത്തിൽ നിന്ന് ഉണ്ടാക്കുകയും ചെയ്തു. എന്നിട്ടും അവർ വിശ്വസിക്കുന്നില്ലേ?' (വി. ഖുർആൻ 21: 31)***

ഏതാണ്ട് 13 ബില്ല്യൻ വർഷ

ങ്ങൾക്ക് മുമ്പ് പ്രപഞ്ചം അതിതാപീയാവസ്ഥയിലും അതിസാന്ദ്രമായി ഒരു ബിന്ദുവിൽ സംക്ഷേപിക്കപ്പെട്ട ഒരു അവസ്ഥയിലുമായിരുന്നു. അത് ഒരു സ്ഫോടനത്തിലൂടെ വേർപിരിയുകയും തണുത്ത് ഇന്നത്തെ അവസ്ഥയിലായി തീരുകയും ചെയ്തു. ഭൗതിക ശാസ്ത്രത്തെ അടിസ്ഥാനമാക്കി ശാസ്ത്രജ്ഞന്മാർ വികസിപ്പിച്ചെടുത്ത ഈ സിദ്ധാന്തമാണ് ബിഗ് ബാങ്ങ് തിയറി. മേലുദ്ധരിച്ച വചനത്തിലൂടെ വിശുദ്ധ ഖുർആൻ ഈ സിദ്ധാന്തമാണ് മുന്നോട്ട് വെക്കുന്നത്. 1925ൽ എഡ്വിൻ ഹബിൾ തന്റെ ടെലസ്കോപ്പിന്റെ സഹായത്തോടെ ഇത് തെളിയിക്കുകയും ചെയ്തു. ഖുർആൻ ഈ വസ്തുതയിലേക്ക് വെളിച്ചം വീശുന്നു. ***'നാം ആകാശത്തെ നമ്മുടെ വിവിധ ശക്തികൾ കൊണ്ട് സൃഷ്ടിച്ചിരിക്കുന്നു. തീർച്ചയായും നാം അതിനെ വികസിപ്പിക്കുന്നതാണ്.'***

ആകാശങ്ങൾ എപ്രകാരം ഉറപ്പിച്ചു നിർത്തിയിരിക്കുന്നുവെന്നതിനെ സംബന്ധിച്ച് ഖുർആൻ ഇപ്രകാരം വിശദീകരിക്കുന്നു. ***'നിങ്ങൾക്ക് കാണുവാൻ കഴിയുന്ന തൂണുകൾ കൂടാതെ ആകാശങ്ങളെ ഉയർത്തിവെച്ചിരിക്കുന്നവനാണ് അല്ലാഹു. പിന്നീട് അവൻ സ്വയം സിംഹാസനത്തിൽ ആസനസ്ഥനായി. സൂര്യനേയും ചന്ദ്രനേയും അവൻ അധീനമാക്കി. എല്ലാം ഒരു നിശ്ചിത കാലയളവനുസരിച്ച് ചരിച്ചുകൊണ്ടിരിക്കുന്നു. അവൻ എല്ലാ കാര്യങ്ങളും ക്രമപ്പെടുത്തി നിയന്ത്രിക്കുന്നു' (വി. ഖുർആൻ 13: 3).*** സൂര്യചന്ദ്ര നക്ഷത്രാദികൾ പരസ്പരം കൂട്ടി മുട്ടാതെ നിൽക്കുന്നത് ആകർഷണത്തിലൂടെയാണ്. ഇതേക്കുറിച്ചാണ് കാണാൻ കഴിയാത്ത തൂണുകൾ എന്ന് ഖുർആൻ പറയുന്നത്. കാണാൻ കഴിയാത്ത ഈ തുണുകളെയാണ് ശാസ്ത്ര ലോകം ഇന്ന് കണ്ടെത്തിയിരിക്കുന്നത്. 1867 ലാണ് സർ ഐസക്ക് ന്യൂട്ടൺ ആകർഷണ സിദ്ധാന്തം അവതരിപ്പിച്ചത്. പ്രപഞ്ചഗോളങ്ങളെ പിടിച്ചു നിർത്തുന്നത് ഒരു പ്രത്യേക ആകർഷണ ശക്തിയാണെന്ന് അദ്ദേഹം കണ്ടുപിടിച്ചു. ഈ ആകർഷണ പ്രതിഭാസം ദ്രവ്യങ്ങളുടെ പിണ്ഡത്തേയും അവ തമ്മിലുള്ള ദൂരത്തെയും ആശ്രയിച്ചിരിക്കും. ഇതിനായി അദ്ദേഹം ഒരു ഫോർമുലയും വികസിപ്പിച്ചെടുത്തു. സൂര്യനു ചുറ്റുമുള്ള ഗ്രഹങ്ങൾ ഒരു ആറ്റത്തിലെ ന്യൂക്ലിയസ്സിനെ ചുറ്റുന്ന കണങ്ങളെ പോലെയാണ്. സൂര്യൻ ചുറ്റുമുള്ള ഗ്രഹങ്ങളേയും ന്യൂക്ലിയസ്സ് ചുറ്റുമുള്ള കണങ്ങളേയും പിടിച്ചു വലിച്ച് നിർത്തുന്നു. ഈ പ്രതിഭാസത്തിന് ***കുന്നസ്*** എന്ന പദമാണ് ഖുർആൻ പ്രയോഗിച്ചിരിക്കുന്നത്. മുന്നോട്ടും പിന്നോട്ടും സഞ്ചരിക്കുന്നത് എന്നാണ് ഇതിനർഥം.

പ്രപഞ്ചോൽപത്തിയെ സംബന്ധിച്ച് വിശുദ്ധ ഖുർആൻ അവതരിപ്പിക്കുന്നത് പോലെ ഒരു തത്ത്വം ലോകത്ത് മറ്റൊരു മതഗ്രന്ഥത്തിലുമില്ലയെന്നുള്ളത് ഒരു പരമാർഥമാണ്. തുടർന്ന് ഖുർആൻ വീണ്ടും പറയുന്നു: ***'നക്ഷത്ര മാർഗങ്ങളുള്ള ആകാശത്തെ കൊണ്ട് സത്യം' (വി. ഖുർആൻ 51: 8)*** പ്രപഞ്ചം നക്ഷത്ര വ്യൂഹങ്ങളും ഗ്രഹങ്ങളും ഉപഗ്രഹങ്ങളും നിറഞ്ഞതാണ്. ഇവയെല്ലാം അതാതിന്റെ വഴിയിലൂടെ സഞ്ചരിക്കുക യാണ്. 400 ബില്യൻ നക്ഷത്രങ്ങൾ ഉൾക്കൊള്ളുന്ന ക്ഷീര പഥത്തിലൂടെയാണ് സൗരയൂഥം സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്. അങ്ങനെ വേറെയും ഗോള വ്യവസ്ഥകളുണ്ട്. അവയെല്ലാം അതാതിന്റെ ഭ്രമണ വൃത്തങ്ങളിലൂടെ ചുറ്റിക്കൊണ്ടിരിക്കുകയാണ്.

പ്രപഞ്ചത്തിലെ എല്ലാ ഘടകങ്ങളും ഒരുമിച്ച് ഉണ്ടായതല്ല. നക്ഷത്രങ്ങൾ ഉണ്ടാകുന്നതിന് മുമ്പ് എല്ലാം വാതകരൂപത്തിലായിരുന്നു. ഹൈഡ്രജനും ഹീലിയവും ചേർന്നതായിരുന്നു ഈ വാതകാവസ്ഥ. ഇത് പരിണമിച്ചാണ് ഭൂമിയും സൂര്യനും നക്ഷത്രങ്ങളുമൊക്കെ ഉണ്ടായത് എന്നാണ് ശാസ്ത്രം പറയുന്നത്. ഇക്കാര്യം വിശുദ്ധ ഖുർആൻ പരാമർശിച്ചിരിക്കുന്നത് ഇങ്ങനെയാണ്. ***'പിന്നെ അവൻ ആകാശത്തിന് നേരെ ശ്രദ്ധ പതിപ്പിച്ചു. അപ്പോൾ അത് (ഏക ദേശം) പുക പോലെ ആയിരുന്നു. എന്നിട്ട് അതിനോടും ഭൂമിയോടും അവൻ പറഞ്ഞു: നിങ്ങൾ രണ്ടും സ്വമനസ്സാലെയോ നിർബന്ധമായോ (എന്നെ അനുസരിക്കാനായി) വരിക. അവ രണ്ടും പറഞ്ഞു. ഞങ്ങളിതാ സ്വമനസ്സാലെ വന്നിരിക്കുന്നു.'*** (വി. ഖുർആൻ 41: 12) ഇതിൽ നിന്നും മനസ്സിലാകുന്നത് ആകാശം വാതകാവസ്ഥയിലായിരുന്നുവെന്നാണ്. ക്ഷീരപഥത്തിൽ 100 മില്ല്യൻ നക്ഷത്രങ്ങൾ ഉണ്ടെന്നാണ് കണക്ക്. ക്ഷീരപഥം ഒരു ഡിസ്ക് പോലെയും നക്ഷത്രങ്ങൾ അവയുടെ വിവിധ ഭാഗങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള ബൾബുകൾ പോലെയാണെന്നുമാണ്. ഡിസ്ക് കറങ്ങിക്കൊണ്ടിരിക്കുമ്പോൾ അതിലുള്ള സൂര്യനടക്കമുള്ള നക്ഷത്രങ്ങളും ഗ്രഹങ്ങളും കറങ്ങുന്നു. അതെ സൂര്യൻ തീരെ കറങ്ങാതിരിക്കുന്നില്ല എന്ന് ഇപ്പോൾ ശാസ്ത്രം സമ്മതിക്കുന്നു. ക്ഷീരപഥത്തിൽ ഒരു തവണ കറങ്ങാൻ 250 മില്ല്യൻ വർഷങ്ങൾ വേണമെന്നാണ് കണക്കുകൾ പറയുന്നത്. ഒരു സെക്കന്റിൽ 150 നാഴികയെന്നോണം സൂര്യൻ കറങ്ങുന്നു. ഇത് സംബന്ധമായി വിശുദ്ധ ഖുർആൻ പറയുന്നു: ***സൂര്യൻ അതിന്റെ നിശ്ചിത ദിശയിലേക്ക് സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. അത് പ്രതാപവാനും സർവജ്ഞനുമായ അല്ലാഹുവിന്റെ അസൂത്രണമത്രെ. ചന്ദ്രന് നാം ചില താവളങ്ങൾ നിശ്ചയിച്ചിയിട്ടുണ്ട്. അങ്ങനെ അത് (അവസാനം) പഴുത്ത ഈന്തക്കുല തണ്ടു പോലെ ആയി തീരുന്നു. സൂര്യന് ചന്ദ്രനെ എത്തിപ്പിടിക്കാനാവില്ല. രാവ് പകലിനെ മറികടക്കുന്നതുമല്ല. ഓരോന്നും ഓരോ സഞ്ചാര പഥത്തിൽ അനായാസം സഞ്ചരി***

***ച്ചു കൊണ്ടിരിക്കുന്നു. (വി. ഖുർആൻ 36: 39: 41)***

ഏഴാകാശങ്ങളെക്കുറിച്ച് ഖുർആനിൽ നിരവധി തവണ പരാമർശിക്കപ്പെട്ടിട്ടുണ്ട്. ശാസ്ത്രീയ നിരീക്ഷണ പ്രകാരം ഭൂമിക്ക് മേൽ കാണുന്ന ആകാശത്തിന് അഥവാ അന്തരീക്ഷ ത്തിന് 7 പാളികൾ ഉള്ളതായി പറയപ്പെടുന്നു. അന്തരീക്ഷത്തിലടങ്ങിയ രാസ ഘടകങ്ങളെ യും താപ വൈവിധ്യങ്ങളെയും അവലംബിച്ചു കൊണ്ട് ഏഴു പാളികളെ ക്കുറിച്ച് ശാസ്ത്രം പറയുന്നു.

ഏഴാകാശങ്ങളെക്കുറിച്ച് ഖുർആനിൽ നിരവധി തവണ പരാമർശിക്കപ്പെട്ടിട്ടുണ്ട്. ശാസ്ത്രീയ നിരീക്ഷണ പ്രകാരം ഭൂമിക്ക് മേൽ കാണുന്ന ആകാശത്തിന് അഥവാ അന്തരീക്ഷത്തിന് 7 പാളികൾ ഉള്ളതായി പറയപ്പെടുന്നു. അന്തരീക്ഷത്തിലടങ്ങിയ രാസ ഘടകങ്ങളെയും താപ വൈവിധ്യങ്ങളെയും അവലംബിച്ചു കൊണ്ട് ഏഴു പാളികളെ ക്കുറിച്ച് ശാസ്ത്രം പറയുന്നു. അന്തരീക്ഷത്തിലെ രാസ ഭൗതിക ഗുണങ്ങളെ അടിസ്ഥാനമാക്കി ഏഴു പാളികളുണ്ട്. 1. ട്രോപ്പോസ്പിയർ (Troposphere) 2. സ്ട്രാറ്റോസ്പിയർ (Stratosphere) 3. മെസോസ്ഫിയർ (Mesosphere) 4. തെർമോസ്ഫിയർ (Thermosphere) 5. എക്സോസ്ഫിയർ (Exosphere) 6. അയണോസ്ഫിയർ (Ionosphere) 7.മാഗ്നറ്റോസ്ഫിയർ (Magnetosphere) എന്നിവയാണ് അവ. ഇത് സംബന്ധമായി വിശുദ്ധ ഖുർആൻ പറയുന്നത്. നോക്കുക:

***'ഭൂമിയിലുള്ളതൊക്കെയും നിങ്ങൾക്ക് വേണ്ടി സൃഷ്ടിച്ചവനാണവൻ. എന്നിട്ട് അവൻ ആകാശങ്ങളുടെ നേർക്ക് തിരിഞ്ഞു. അവയെ ഏഴായി ശരിപ്പെടുത്തുകയും ചെയ്തു. അവൻ എല്ലാ കാര്യങ്ങളും നന്നായി അറിയുന്നവനത്രെ.'(വിഖു.2:30)*** തുടർന്ന് വീണ്ടും ഖുർആൻ പറയുന്നു: ***'അങ്ങനെ അവൻ അവയെ ഏഴ് ആകാശങ്ങളായി രണ്ട് ഘട്ടങ്ങളിലായി പൂർത്തീകരിച്ചു. ഓരോ ആകാശത്തിലും അതിന്റെ കാര്യങ്ങൾ അവൻ ബോധനം ചെയ്തു.' (വി. ഖുർആൻ 41:13)*** ഇതിൽ ഒന്നാമത്തെ പാളി ഭൂമിയിൽ നിന്നും ഏകദേശം 15 കി. മീറ്റർ ഉയരത്തിലാണ്. ഭൂമിയിൽ നിന്നും ഉയരുന്ന നീരാവി ഘനീഭവിപ്പിച്ച് മഴയാക്കി ഭൂമിക്കാവശ്യമായ ജീവജലം നൽകുകയാണ് ട്രോപ്പോസ്ഫിയർ എന്ന പാളിയുടെ ജോലി. രണ്ടും മൂന്നും നാലും പാളികൾ ഉൾക്കൊള്ളുന്ന ഓസോൺ പാളിക്ക് ഏകദേശം 25 കി മീറ്റർ കനമുണ്ട്. സൂര്യനിൽ നിന്നും വരുന്ന മാരകമായ അൾട്രാവയലറ്റ് രശ്മികളെ അരിച്ചെടുത്ത് ജീവന് ആവശ്യമായവ മാത്രം ഭൂമിയിൽ എത്തിക്കുന്നത് ഓസോൺ പാളിയാണ്. അയണോസ്ഫിയർ ഭൂമിയിൽ നിന്നും പ്രക്ഷേപണം ചെയ്യുന്ന റേഡിയോ തരംഗങ്ങൾ ഭൂമിയുടെ എല്ലാ ഭാഗത്തേക്കും എത്തിക്കാൻ സഹായിക്കുന്നു. സൂര്യനും നക്ഷത്രങ്ങളും പുറത്ത്വിടുന്ന റേഡിയോ ആക്റ്റീവ് തരംഗങ്ങളെ ശൂന്യാകാശത്തേക്ക് തന്നെ തിരിച്ചു വിടുന്ന പ്രവർത്തിയാണ് മാഗ്നറ്റോസ്ഫിയർ നിർവഹിക്കുന്നത്. ഇങ്ങനെ ഭൂമിക്ക് സംരക്ഷണ കവചമായാണ് അല്ലാഹു ആകാശത്തെ സൃഷ്ടിച്ചിരിക്കുന്നത്. തുടർന്ന് വീണ്ടും അല്ലാഹു പറയുന്നു: ***'നാം ആകാശത്തെ സുരക്ഷിതമായൊരു മേലാപ്പാക്കിയിരിക്കുന്നു.' (വി.ഖു. 21:33)*** ഇതിൽ നിന്നും മനസ്സിലാകുന്നത് അല്ലാഹു ആകാശത്തെ സൃഷ്ടിച്ചിരിക്കുന്നത് ഭൂമിയുടെ സംരക്ഷണത്തിന് കൂടിയാണ് എന്നാണ്. ഭൂമിക്ക് ആവശ്യമായ മഴ നൽകുന്നതും ജീവന് ഭീഷണിയുള്ള അൾട്രാവയലറ്റ് രശ്മികൾ, ഉൽക്കകൾ എന്നിവയെ തടയുന്നതിനും ആകാശം സഹായിക്കുന്നു. ജീവൻ നിലനിൽക്കുന്നതിനാവശ്യമായ പ്രകാശ രശ്മികൾ, റേഡിയോ തരംഗങ്ങൾ എന്നിവയെ സുരക്ഷിതമായി ഭൂമിയിൽ എത്തിക്കുന്നതും ആകാശമാണ്. ശൂന്യാകാശം മാരകമായ തണുപ്പാണെന്നും ശാസ്ത്രം പറയുന്നു. ഈ മാരകമായ തണുപ്പിൽ നിന്ന് ഭൂമിയെ സംരക്ഷിക്കുന്നതും ആകാശം തന്നെ. സൂര്യനിൽ നിന്ന് പുറപ്പെടുന്ന ഊർജം അതിശക്തമായതാണ്. അതിൽ നിന്ന് ഭൂമിയെ പൂർണമായും സുരക്ഷിതമാക്കാൻ വാൻ അലൻ ബെൽട്ട് (Van Allen belts) എന്ന രക്ഷാകവചവും ശൂന്യാകാശത്തുണ്ട്. ഉർജത്താൽ പ്രഭാവിതമായ കണങ്ങൾകൊണ്ടുള്ള ഒരു ആവരണമാണിത്. ഭൂമിയുടെ 1000 മുതൽ 60,000 വരെ കിലോ മീറ്റർ ഉയരത്തിൽ ഇത് സ്ഥിതി ചെയ്യുന്നു.

പരിസ്ഥിതിയെ സംബന്ധിച്ചും വിശുദ്ധ ഖുർആൻ വിശദമായ മാർഗ നിർദേശം നൽകുന്നു. ***'അവൻ മനുഷ്യനെ സൃഷ്ടിച്ചു. അവനെ ഭാഷണം പഠിപ്പിച്ചു. സൂര്യനും ചന്ദ്ര നും ഒരു നിശ്ചിത കണക്കനുസരിച്ച് സഞ്ചരിക്കുന്നു. ലതകളും വൃക്ഷ ങ്ങളും അവന്റെ ഹിതത്തിന് വഴങ്ങുന്നു. ആകാശത്തെ അവൻ ഉയർത്തുകയും മനുഷ്യകുലത്തിന് വേണ്ടി നീതിന്യായത്തിന്റെ തുലാസ് സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു. നിങ്ങൾ (നീതിയുടെ) തുലാസിൽ അതിക്രമം പ്രവർത്തിക്കാതിരിക്കാൻ വേണ്ടി. നിങ്ങൾ നീതിപൂർവം തൂക്കം നിലനിർത്തുക. ഭൂമിയെ എല്ലാ സൃഷ്ടികൾക്കും വേണ്ടി സ്ഥാപി***

***ച്ചു. അതിൽ എല്ലാ പഴങ്ങളുമുണ്ട്, പോളകളിൽ പൊതിഞ്ഞ പഴങ്ങളുള്ള ഈന്തപ്പനകളും ഉമിയോട് കൂടിയ ധാന്യങ്ങളും സുഗന്ധ ചെടികളുമുണ്ട്.' (വി.ഖുർആൻ 55: 413)*** തുടർന്ന് ഖുർആൻ പറയുന്നു: ***'ഭൂതലത്തെ വികസിപ്പിക്കുകയും അതിൽ ഉറച്ചു നിൽക്കുന്ന പർവതങ്ങളെയും നദികളെയും ഉണ്ടാക്കുകയും ചെയ്തവനത്രെ അവൻ' (വി. ഖുർആൻ 13: 4)***

പർവതങ്ങളെ സംബന്ധിച്ചുള്ള ഖുർആന്റെ പരാമർശങ്ങൾ ബൃഹത്തായ ഒരു ശാസ്ത്രീയ വിഷയത്തിലേക്കാണ് സൂചന നൽകുന്നത്. ഇത് സംബന്ധമായി ഖുർആൻ മറ്റൊരിടത്ത് പറയുന്നു. ***'നാം ഭൂമിയെ ഒരു വിരിപ്പാക്കുകയും മലകളെ കീലകങ്ങളും (ആണി) ആക്കിയിട്ടില്ലയോ?' ( വി.ഖുർആൻ 78: 7,8)***

വീണ്ടും ഖുർആൻ പറയുന്നു: *'ഭൂമി മനുഷ്യരെയും കൊണ്ട് ഇളകാതിരിക്കാൻ വേണ്ടി നാം അതിലടിയുറച്ച മലകളെ സ്ഥാപിച്ചു.' ( വി. ഖുർആൻ 21: 32)* ശാസ്ത്രീയ വീക്ഷണ പ്രകാരം പർവതങ്ങൾ ഉണ്ടാകുന്നത് ഭൂമിയുടെ കട്ടിയുള്ള പുറം തോടിൽ ഉണ്ടാവുന്ന ചലനങ്ങളും സംഘട്ടനങ്ങളും മൂലമാണ്. പർവതങ്ങൾ മുകളിലേക്ക് ഉയർന്ന് നിൽക്കുന്നത് പോലെ ഭൂമിയുടെ അടിഭാഗത്തേക്കും അതിന്റെ ആധാര ശിലയുണ്ട്. താഴെക്കുള്ള ഈ മൂലാധാരം 10 മുതൽ 15 ഇരട്ടിവരെ ഉണ്ടാവും. ഈ താഴ്ച്ചക്ക് മലവേര് എന്നാണ് പറയുന്നത്. ഉദാഹരണത്തിന് എവറസ്റ്റ് പർവതത്തിന് ഭൂമിയുടെ ഉപരി തലത്തിൽനിന്നുള്ള ഉയരം 9 കിലോ മീറ്ററാണ്. എന്നാൽ അതിന്റെ അടിയിലേക്കുള്ള വേരിന് 125 കി.മി. താഴ്ച്ചയുണ്ട്. ആർകിമിഡീസ് തത്ത്വ പ്രകാരം മലവേരുകൾ മലകളെ ഉറപ്പിച്ചു നിർത്തുകയാണ് ചെയ്യുന്നത്. ഖുർആൻ മറ്റൊരിടത്ത് പറയുന്നു: ***'പർവതങ്ങളെ അവൻ ഉറപ്പിക്കുകയും ചെയ്തു.' (വിഖു: 79:33)***

മാനവ ശാസ്ത്ര മേഖലയിൽ വിശുദ്ധ ഖുർആൻ നൽകിയ മാർഗദർശനം ഇന്നുവരെ മറ്റൊരു ഗ്രന്ഥത്തിലും കാണാൻ കഴിയാത്തതാണ്. ജീവന്റെ ഉത്ഭവത്തെക്കുറിച്ച് ഖുർആനിൽ പരാമർശിക്കപ്പെട്ടിട്ടുള്ളത് മാത്രമാണ് ഇന്ന് ശാസ്ത്ര ലോകം കണ്ടെത്തിയിട്ടുള്ളത് എന്ന വസ്തുത അത്ഭുതാവഹമാണ്. ജീവന്റെ ഉത്ഭവം ജലത്തിൽ നിന്നുമാണെന്നും മറ്റുമുള്ള വിപ്ലവാത്മകമായ നിരീക്ഷണങ്ങളാണ് വിശുദ്ധ ഖുർആനിൽ നമുക്ക് കാണാൻ കഴിയുക. ആ മഹദ് ഗ്രന്ഥത്തെ മുഴുവൻ ശാസ്ത്രലോകം ശരിവെക്കുകയുണ്ടായി. ഖുർആൻ പറയുന്നു: ***'ജലത്തിൽ നിന്നും നാം എല്ലാ ജീവനേയും സൃഷ്ടിച്ചു.'(വി.ഖു 21:31)*** വെള്ളമില്ലാത്ത ഭൂമി മരിച്ചത് പോലെയാണ്. ജീവന്റെ മുഖ്യ ഘടകം വെള്ളമാണ്. ഭൂമിയുടെ നാലിൽ മൂന്ന് ഭാഗം വെള്ളത്താൽ ചുറ്റപ്പെട്ടിരിക്കുന്നു. മനുഷ്യ ശരീരത്തിന്റെ 70% ജലം തന്നെയാണ്. ഭൂമിയുടെ അന്തരീക്ഷ താപീയ സന്തുലനം നിലനിർത്തുന്നത് ജലമാണ്.

പരിണാമ പ്രക്രിയയിൽ കളിമണ്ണിന്റേയും പ്രകാശ സംശ്ലേഷണത്തിന്റേയും നിർണായക പങ്കിനെക്കുറിച്ച് വിശുദ്ധ ഖുർആനിലെ പരാമർശങ്ങൾ നിരവധി ശാസ്ത്രീയ യാഥാർഥ്യങ്ങളിലേക്ക് സൂചന നൽകുന്നു. മതങ്ങളെല്ലാം മനുഷ്യനെ ദൈവം പൊടുന്നനെ സൃഷ്ടിച്ചുവെന്ന് പറയുമ്പേൾ വി. ഖുർആൻ മനുഷ്യൻ നിലവിൽ വന്നത് പരിണമിച്ചാണെന്ന് അസന്ദിഗ്ദ്ധമായി പ്രഖ്യാപിക്കുന്നു എന്നത് ഖുർആനെ മറ്റു മത ഗ്രന്ഥങ്ങളിൽ നിന്നും വ്യത്യസ്തമാക്കുന്നു. ഖുർആൻ പറയുന്നു: ***'വാസ്തവത്തിൽ അവൻ നിങ്ങളെ പല ദശകളിലായി സൃഷ്ടിച്ചിരിക്കുന്നു.' (വി.ഖു 71: 15)*** ജീവനുള്ളവയെല്ലാം പരിണമിച്ചാണ് നിലവിൽ വന്നതെന്ന ഖുർആന്റെ പരാമർശം ശാസ്ത്ര ലോകം വളരെ ഗൗരവപൂർവം എടുക്കേണ്ട ഒരു വസ്തുതയാണ്. ഖുർആന്റെ അടിസ്ഥാനത്തിലുള്ള ജീവി പരിണാമ ശാസ്ത്രം പഠനം ആരംഭിച്ചിട്ടെയുള്ളൂ. ഖുർആൻ ഇത് സംബന്ധിച്ചുള്ള മറ്റൊരു പരാമർശം ***'ചരിക്കുന്ന എല്ലാ ജീവികളെയും അല്ലാഹു വെള്ളത്തിൽ നിന്ന് സൃഷ്ടിച്ചിരിക്കുന്നു. അപ്പോൾ അവയിൽ ചിലത് അവയുടെ വയറിന്മേൽ ഇഴഞ്ഞ് നടക്കുന്നു. ചിലത് നാലുകാലിൽ ഇഴഞ്ഞു നടക്കുന്നു.'( വി.ഖു 24: 46)***

അപ്രകാരം ഭ്രൂണശാസ്ത്ര രഹസ്യങ്ങളടങ്ങിയ ഖുർആന്റെ പ്രസ്താവന ശ്രദ്ധേയമാണ്. ***'പിന്നീട് രേതസ്ക്കണത്തെ ഒട്ടിപിടിക്കുന്ന വസ്തുവായും പിന്നെ ആ ഒട്ടിപിടിക്കുന്ന വസ്തുവിനെ മാംസ***

പരിണാമ പ്രക്രിയയിൽ കളി മണ്ണിന്റേയും പ്രകാശ സംശ്ലേഷണത്തിന്റേയും നിർണായക പങ്കിനെക്കുറിച്ച് വിശുദ്ധ ഖുർആനിലെ പരാമർശങ്ങൾ നിരവധി ശാസ്ത്രീയ യാഥാർഥ്യങ്ങളിലേക്ക് സൂചന നൽകുന്നു. മതങ്ങളെല്ലാം മനുഷ്യനെ ദൈവം പൊടുന്നനെ സൃഷ്ടിച്ചുവെന്ന് പറയുമ്പേൾ വി. ഖുർആൻ മനുഷ്യൻ നിലവിൽ വന്നത് പരിണമിച്ചാണെന്ന് അസന്ദിഗ്ദ്ധമായി പ്രഖ്യാപിക്കുന്നു എന്നത് ഖുർആനെ മറ്റു മത ഗ്രന്ഥങ്ങളിൽ നിന്നും വ്യത്യസ്തമാക്കുന്നു.

***പിണ്ഡമായും പിന്നെ മാംസ പിണ്ഡത്തെ അസ്ഥികളായും നാം രൂപാന്തരപ്പെടുത്തി. അനന്തരം അസ്ഥികളെ നാം മാംസം കൊണ്ട് പൊതിഞ്ഞു. പിന്നീട് നാം അതിനെ മറ്റൊരു സൃഷ്ടിയായി രൂപാന്തരപ്പെടുത്തി.(വി. ഖുർആൻ 23: 15)*** ഭ്രൂണശാസ്ത്രം വളരെ പുരോഗതി പ്രാപിച്ച കാലഘട്ട മായതിനാൽ ഇത് വിവരിക്കുന്നതിന് യാതൊരു പ്രയാസവുമില്ല. ഭ്രൂണത്തിന്റെ ഈ അവസ്ഥക്ക് രക്തക്കട്ടയെന്നാണ് വിവർത്തക ന്മാർ അർഥം നൽകിയത്. ഖുർആൻ ഇവിടെ ഉപയോഗിച്ച പദം അലഖ് എന്നാണ്. അലഖ് എന്നതിന് ഒട്ടി പിടിക്കുന്ന വസ്തു എന്നാണ് അർഥം. അതുകൊണ്ട് അട്ടക്ക് അലഖ് എന്ന് പറയുന്നു. ഈ ഘട്ടത്തിൽ ഭ്രൂണം ഗർഭ പാത്രത്തിന്റെ പാർശത്തിൽ അട്ടയെ പോലെ ഒട്ടി നിൽക്കുകയാണ് ചെയ്യുന്നത്. ഇങ്ങനെ ഒട്ടിപ്പിടിച്ച അവസ്ഥയിലാണ് ഭ്രൂണം അതിന്റെ വളർച്ചക്കാവശ്യമായ പോഷക പദാർഥങ്ങൾ മാതാവിൽ നിന്നും സ്വീകരിക്കുന്നത്. ഭ്രൂണത്തിന്റെ തരുണാസ്ഥി കോശങ്ങൾ കനപ്പെട്ട് എല്ലുകൾ രൂപപ്പെടുന്നു. പിന്നീട് പേശീകോശങ്ങൾ എല്ലിനെ പൊതി യുന്നു. 7-ാമത്തെ ആഴ്ച്ചയാകു മ്പോഴേക്കും പേശികൾ എല്ലുകൾ ക്ക് ചുറ്റും കൂടുകൂട്ടും. ഭ്രൂണത്തി ന്റെ വളർച്ചയിൽ മൂന്ന് ഘട്ടങ്ങൾ കൂടിയുണ്ടെന്ന് വിശുദ്ധ ഖുർആൻ പറയുന്നു. ***ഇത് സംബന്ധമായി വിശുദ്ധ ഖുർആൻ പറയുന്നു: അവൻ നിങ്ങളെ ഒരേ സത്തയിൽ നിന്ന് (ഒരേ ജീവനിൽ നിന്ന്) സൃഷ്ടിച്ചിരിക്കുന്നു. എന്നിട്ട് അതിൽ നിന്ന് അതിന്റെ ഇണയെ ഉണ്ടാക്കി. കന്നുകാലികളിൽ എട്ട് ഇണകളെ അവൻ നിങ്ങൾക്ക് അനുഗ്രഹമായി നൽകി. ഒരു സൃഷ്ടിക്ക് ശേഷം മറ്റൊരു സൃഷ്ടിയായി മൂന്നു തരം ഇരുട്ടുകളിൽ കൂടി നിങ്ങളുടെ മാതാക്കളുടെ ഗർഭാശയങ്ങളിൽ അവൻ നിങ്ങളെ സൃഷ്ടിക്കുന്നു അതാണ് നിങ്ങളുടെ നാഥനായ അല്ലാഹു. (വി. ഖുർആൻ 39: 7)***

ഭ്രൂണ ശാസ്ത്ര പ്രകാരം ഗർഭാശയത്തിൽ ഒരു ശിശുവിന്റെ വളർച്ചയിൽ മൂന്ന് ഘട്ടങ്ങളുണ്ടെ ന്നും ആദ്യത്തെ രണ്ട് ആഴ്ച്ചവരെ യുള്ള കാലം ഭ്രൂണത്തിന് മുമ്പുള്ള അവസ്ഥ കാലമെന്നും, എട്ട് ആഴ്ച്ചവരെയുള്ളത് ഭ്രൂണ കാല മെന്നും പിന്നീട് പ്രസവം വരെ യുള്ള ഗർഭസ്ഥകാലം ശിശുവിന്റെ കാലമെന്നും വിഭജിച്ചിരിക്കുന്നു. ഇത് പോലെ ശാസ്ത്ര ലോകത്തിന് ഇതുവരേയും എത്തിപ്പിടിക്കാൻ കഴിയാത്ത നിരവധി നിരീക്ഷണ ങ്ങൾ വിശുദ്ധ ഖുർആൻ അവതരി പ്പിക്കുന്നു.

അന്ത്യനാളിനെ കുറിച്ച് വിശുദ്ധ ഖുർആൻ ഏറെ മുന്നറിയിപ്പുകൾ നൽകിയിട്ടുണ്ട്. അന്നു സംഭവിക്കു ന്ന ഭൗതിക പ്രതിഭാസങ്ങളെ കുറിച്ച് ആലങ്കാരികമായും ശാസ്ത്രീയ മായും ഖുർആൻ പരാമർശിക്കുന്നു ണ്ട്. സൂര്യൻ ചുരുട്ടി മടക്കപ്പെടു മ്പോൾ. നക്ഷത്രങ്ങൾ നിഷ്പ്രഭ മാവുമ്പോൾ. പർവതങ്ങൾ ചലിപ്പി ക്കപ്പെടുമ്പോൾ. (വി. ഖുർആൻ 81: 2 ,4) വീണ്ടും പറയുന്നു: ***'എന്താണ് ആ ഭയാനക വിപത്ത് എന്ന് നിനക്കെന്തറിയാം? ജനങ്ങൾ ചിതറിക്കപ്പെട്ട ശലഭങ്ങളെ പോലെ ആകുകയും പർവതങ്ങൾ കടയ പ്പെട്ട കമ്പിളി രോമങ്ങൾ പോലെ ആയി ത്തീരുകയും ചെയ്യുന്ന നാളിൽ (വി. ഖുർആൻ 101 : 3 6)*** അന്ത്യനാളിനെ കുറിച്ച് ശാസ്ത്രം ചില സൂചനകൾ നൽകുന്നുണ്ട്. സൂര്യൻ അതിന്റെ സന്തുലനം നിലനിർത്തുന്നത് സൂര്യനിലെ ഹൈഡ്രജനും ഹീലിയമായി ത്തീരുന്ന അണു താപീയ പ്രവർ ത്തനത്താലാണ്. ഹൈഡ്രേൻ ഇന്ധനമാക്കിയുള്ള ഈ അണു താപീയ പ്രവർത്തനം നടത്താനാവ ശ്യമായ ഇന്ധനം തീരുന്ന മുറക്ക് സൂര്യൻ മരണത്തിലേക്ക് അടുത്തു കൊണ്ടിരിക്കുകയാണെന്ന് ശാസ്ത്രം പറയുന്നു. ഹൈഡ്രജൻ ഇല്ലാതായാൽ സൂര്യൻ വികസിച്ച് വീർത്തു വരുമെന്നും ഭൂമിയുടെ സൂര്യനെചുറ്റുന്ന പരിക്രമണ പഥം കടന്ന് സൂര്യൻ ഭൂമിയെ വിഴുങ്ങു മെന്നും ശാസ്ത്ര നിഗമനമുണ്ട്. സൂര്യനിലെ ഹൈഡ്രജൻ ഇന്ധനം ഉപയോഗിച്ച് കത്തുമ്പോൾ കാമ്പ് ചുരുങ്ങുകയും സൂര്യൻ പ്രഭ നശിച്ച് ചുകപ്പ് ഭീമൻ എന്ന ഘട്ടത്തിൽ പ്രവേശിക്കുകയും ചെയ്യും അന്ത്യ നാളിൽ ***'സൂര്യൻ ചുരുട്ടി മടക്കപ്പെടുമ്പോൾ' ( വി. ഖുർ ആൻ 81:2) 'സൂര്യനും ചന്ദ്ര നും ഒരുമിച്ച് കൂട്ടപ്പെടും' ( വി. ഖുർ ആൻ75: 10)*** എന്നീ വചനങ്ങൾ ഈ പ്രതിഭാസത്തിലേക്ക് വിരൽ ചൂണ്ടു ന്നില്ലേ? എന്തായാലും സൂര്യൻ എല്ലാക്കാലവും ഇതേ നിലയിൽ തന്നെ ഉണ്ടാവില്ല എന്ന് ശാസ്ത്രം പറയുമ്പോൾ ചന്ദ്രൻ ഭൂമിയിൽ നിന്ന് അകലുകയാണെന്ന ശാസ്ത്ര ജ്ഞന്മാരുടെ നിഗമനങ്ങൾ കൂടി ഇവിടെ കൂട്ടി വായിക്കണം. സൂര്യന്റെ അവസ്ഥാഭേദങ്ങൾ സൃഷ്ടിക്കുന്ന ആഗോള താപനം മൂലം ധ്രുവങ്ങളിലെ മഞ്ഞു പാളികൾ ഉരുകുമ്പോൾ വൻ ദുരന്തങ്ങൾക്ക് അത് വഴിവെക്കു മെന്നും ശാസ്ത്ര ജ്ഞന്മാർ മുന്നറി യിപ്പ് നൽകിയിട്ടുണ്ട്. നിരന്തര മായുണ്ടാകുന്ന ഭൂചലനങ്ങളുടെ ഒടുവിൽ ഉണ്ടാവുന്ന പ്രാപഞ്ചിക ദുരന്തത്തിലേക്കാണ് ഖുർആൻ ശ്രദ്ധക്ഷണിക്കുന്നത്. ***'ആകാശം ഉരുകിയ ലോഹം പോലെയാകും' (70 :9)*** സുമുദങ്ങൾ ഒഴുക്കപ്പെടും (വി.ഖുർആൻ 81:7) ഭൗതിക മാനവ ശാസ്ത്ര മേഖലയിൽ വിശുദ്ധ ഖുർആൻ നൽകിയ മാർഗദർശന ങ്ങൾ ലോകത്ത് ഇന്ന്വരെ മറ്റൊരു ജീവിത തത്ത്വ ശാസ്ത്രങ്ങൾക്കും പകരം വെക്കാൻ കഴിയാത്തതാണ്.

●

***അവലംബം***


1. വിശുദ്ധ ഖുർആൻ
2. വെളിപാട് യുക്തി ജ്ഞാനം സത്യം
3. തഫ് സീർ കബീർ
4. റിവ്യൂ ഓഫ് റിലീജ്യൻ

കുറിപ്പുകൾ

# അവശരോട് കാട്ടുന്ന ക്രൂരത

മുസാഫിർ

ആബുലൻസിന് നൽകാൻ പണമില്ലാത്തതിനാൽ സ്വന്തം ഭാര്യയുടെ മൃതദേഹവും തുണിയിൽ പൊതിഞ്ഞുകെട്ടി ചുമലിലേറ്റി 60 കി മി അകലെയുള്ള ഗ്രാമത്തിലേക്ക് കൂടെ കരയുന്ന പുത്രിയോടൊപ്പം നടന്നു നീങ്ങുന്ന ആദിവാസിയായ ദാനാ മാഞ്ചിന്റെ വാർത്താ ചിത്രം അത്യന്തം ഹൃദയഭേദകമാണ്. മനുഷ്യ സ്നേഹികളെ മുഴുവൻ കരയിച്ച ആ ദാരുണ ചിത്രം രാജ്യത്തെ അധ:സ്ഥിതരായ ആദിവാസികളുടെ ദൈന്യതയുടെയുടെയും നിസ്സഹായാവസ്ഥയുടെയും നേർക്കാഴ്ച്ചയാണ്. ഇന്ത്യയിലെ ഏറ്റവും ദരിദ്ര ജില്ലകളിലൊന്നായ ഒഡീഷയിലെ(ഒറീസ) കളഹന്ദിലെ ഭവാനി പട്ന ആശുപത്രിയിൽ ദാനാ മാഞ്ചി എന്ന ആദിവാസിയുടെ ഭാര്യ അമംഗ് ദേവി(42) ക്ഷയരോഗ ബാധിതയായാണ് ആഗസ്ത് 23 ന് മരിച്ചത്. മരിച്ച ഭാര്യയുടെ മൃതദേഹം 60 കിലോ മീറ്റർ അകലെയുള്ള വീട്ടിലെത്തിക്കാൻ പരമ ദരിദ്രനായ മാഞ്ചിയുടെ കൈയിൽ പണമില്ലായിരുന്നു. ആശുപത്രി അധികൃതരോട് മാഞ്ചി തന്റെ കയ്യിൽ പണമില്ലെന്നും മൃതദേഹം വീട്ടിലെത്തിക്കാൻ ആംബുലൻസ് വിട്ട് തരണമെന്ന് കേണപേക്ഷിച്ചിട്ടും ആ പാവത്തിന്റെ അപേക്ഷ ആശുപത്രി അധികൃതർ നിഷ്ക്കരുണം തള്ളി. ദരിദ്രർ മരിച്ചാൽ സൗജന്യമായി മൃതദേഹം സർക്കാർ ചെലവിൽ വീട്ടിലെത്തിച്ചു കൊടുക്കണം എന്ന നിയമം കഴിഞ്ഞ ഫെബ്രുവരിയിലാണ് ഒറീസ്സയിൽ നിലവിൽ വന്നത്. ആശുപത്രികൾക്ക് അതിനുള്ള വാഹനവും നൽകിയിട്ടുണ്ട്. ഇതെല്ലാമുണ്ടായിട്ടും ആശുപത്രി അധികൃതർ മാഞ്ചിയോട് കൊടും ക്രൂരത കാണിക്കുകയായിരുന്നു. ഭാര്യയുടെ മൃതദേഹം തുണിയിൽ പൊതിഞ്ഞ് ചുമന്ന് കൊണ്ട് 60 കി. മി ദൂരെയുള്ള വീട്ടിലേക്ക് വേച്ച് വേച്ച് നടന്ന മാഞ്ചിയുടെ കരളലിയിക്കുന്ന രംഗം സ്ഥലത്തെ ഒരു പ്രാദേശിക ചാനൽ ചിത്രീകരിക്കുകയും ആ സംഭവം ജില്ലാ കലക്ടറെ അറിയിക്കുകയും ചെയ്തു. ജില്ലാ കലക്ടറാണ് പിന്നീട് മാഞ്ചിക്ക് മൃതദേഹം കൊണ്ടുപോകാനുള്ള വാഹനം ഏർപ്പാടാക്കിയത്. അപ്പോഴേക്കും മൃതദേഹം ചുമന്ന് മാഞ്ചിയും കൗമാരക്കാരിയായ മകളും പത്ത് കിലോ മീറ്റർ പിന്നിട്ടു കഴിഞ്ഞിരുന്നു. ദരിദ്രന്മാരുടെ ജില്ലയായ കളഹന്ദി ദുരിതങ്ങളും ദുരന്തങ്ങളും ഒരു പാട് സഹിച്ചവരാണ്. മൂന്ന് പതിറ്റാണ്ട് മുമ്പ് 1980 കളിൽ കടുത്ത വേനലിൽ വരണ്ടു പോയ കളഹന്ദി ഗോത്രവർഗ ജില്ലയെ പറ്റി രാജ്യം മുഴുവൻ ചർച്ചചെയ്യപ്പെട്ടതാണ്. കൃഷിനാശം



ദാനാ മാഞ്ചി ഭാര്യയുടെ മൃതദേഹവും ചുമന്ന് മകളോടൊപ്പം ദൂരം താണ്ടുന്നു



മരിച്ച വൃദ്ധസ്ത്രീയുടെ മൃതദേഹം മടക്കിചുരുട്ടി മുളങ്കമ്പിൽ കൊണ്ടുപോകുന്നു

വന്ന് മുഴുപട്ടിണിയിൽ നൂറുക്കണക്കിനാളുകൾ മരിച്ചൊടുങ്ങി. വറുതികാലത്ത് പുളിങ്കുരുവും മാങ്ങയണ്ടിയും ചേർത്ത് കഞ്ഞിയുണ്ടാക്കി കുടിച്ചാണ് അവിടെ പാവപ്പെട്ട ജനങ്ങൾ ജീവൻ നിലനിർത്തിയത്. ഇങ്ങനെ ഭക്ഷണം കഴിച്ചതിന്റെ പേരിൽ ഉദരരോഗം പിടിപെട്ട് ഒരു പാട് പേർ മരിക്കുകയുണ്ടായി. അതേ കളഹന്ദിയിൽ നിന്നാണ് മൂന്ന് പതിറ്റാണ്ടുകൾക്ക് ശേഷം മാഞ്ചിയുടെ കഥ വീണ്ടും കേൾക്കുന്നത്. വൻ ഭൂവുടമകളും രാഷ്ട്രീയക്കാരും നിയന്ത്രിക്കുന്ന ഈ ഗോത്ര വർഗജില്ലയിൽ അവസ്ഥ ഒട്ടും തന്നെ മാറിയിട്ടില്ല എന്നാണ് ഇത് സൂചിപ്പിക്കുന്നത്.

ഒഡീഷയിലെ തന്നെയുണ്ടായ മറ്റൊരു സംഭവം ഇങ്ങനെയാണ്. ബൽസോറെ ജില്ലയിൽ 85 കാരിയായ താരാമണി ബാരിക്ക് ഒരു ഗുഡ്സ് ട്രെയിൻ തട്ടി മരിക്കുകയുണ്ടായി. പോസ്റ്റ് മോർട്ടത്തിന് ശേഷം അവരുടെ മൃതദേഹം വീട്ടിലെത്തിക്കാൻ ട്രെയിനിലേക്ക് കൊണ്ടുപോകേണ്ടതുണ്ടായിരുന്നു. ചാക്കിൽ പൊതിഞ്ഞ് ഒരു മുളവടിയിൽ കെട്ടി ചത്ത മൃഗത്തെ കൊണ്ടു പോകുന്നത് പോലെയാണ് അവരുടെ മൃതദേഹം കൊണ്ടു പോയത്. അതിനേക്കാൾ ഭയാനകമായത് മൃതദേഹം കൊണ്ട് പോകാനുള്ള സൗകര്യത്തിന് വേണ്ടി അരഭാഗത്ത് ഒടിച്ച് മടക്കിയാണ് ആ മൃതദേഹം ആശുപത്രി ജീവനക്കാർ കൊണ്ടുപോയത്. ഒരു മനുഷ്യ സ്ത്രീയാണ് എന്ന പരിഗണനപോലും അവർ ആ പാവപ്പെട്ട സ്ത്രീയോട് കാണിച്ചില്ല. അവരുടെ മകന്റെ പരാതിയെ തുടർന്ന് മനുഷ്യാവകാശ കമ്മീഷൻ ഇത് സംബന്ധിച്ച് അന്വേഷണമാരംഭിച്ചിട്ടുണ്ട്.

ആഗസ്റ്റ് 29 ന് മദ്ധ്യപ്രദേശിലെ ദാമോഹിൽ നിന്നുള്ളതാണ് മറ്റൊരു കഥ. റാംസിങ്ങ് ലോധ എന്ന പാവപ്പെട്ട ദലിതന്റെ രോഗിയായ ഭാര്യ മല്ലിഭായി ആശുപത്രിയിൽ വെച്ച് പ്രസവിച്ചു. പ്രസവം കഴിഞ്ഞ് വീട്ടിലെത്തിയ മല്ലിക്ക് വീണ്ടും രോഗം വർധിച്ചു. ചോരകുഞ്ഞും മല്ലിഭായിയും തന്റെ മാതാവുമായി ലോധ വീണ്ടും ഒരു ബസ്സിൽ കയറി ആശുപത്രിയിലേക്ക് പോയി. യാത്ര ചെയ്യുമ്പോൾ രോഗം കൊണ്ട് അവശയായ മല്ലി (35)ക്ക് ബസ്സിൽ വെച്ച് മരണം സംഭവിച്ചു. മല്ലി മരിക്കുമ്പോൾ അഞ്ചു ദിവസം മാത്രം പ്രായമായ കൈക്കുഞ്ഞും രാംസിങ്ങിന്റെ അമ്മയും കൂടെ ബസ്സിലുണ്ടായിരുന്നു. മരിച്ച ഭാര്യയുമായി യാത്ര തുടരാൻ ബസ്സ് ജീവനക്കാർ ആ പാവപ്പെട്ട നിസ്സഹായരായ കുടുംബത്തെ അനുവദിച്ചില്ല. നിർദയം റാംസിങ്ങിനേയും അദ്ദേഹത്തിന്റെ അമ്മയേയും ചോരകുഞ്ഞിനേയും ബസ്സ് ജീവനക്കാർ ബസ്സിൽ നിന്നും വഴിയിൽ ഇറക്കി വിട്ടു. വഴിയരികിൽ എന്തു ചെയ്യണമെന്നറിയാതെ മൃതദേഹവുമായി നിന്ന ഹതഭാഗ്യരായ ഈ പാവങ്ങളെ അതുവഴി വന്ന മനുഷ്യ സ്നേഹികളാണ് വാഹനം പിടിച്ച് അവരുടെ ഗ്രാമത്തിലെത്തിച്ചത്.

സഹസ്രാബ്ദങ്ങളായി അധ:സ്ഥിതരും അവഗണിതരുമായി കഴിയുന്ന ഈ ദുർബല ജന വിഭാഗങ്ങളോടും പാവപ്പെട്ടവനോടും നമ്മുടെ സമൂഹം കാണിക്കുന്ന ക്രൂരതക്ക് എന്നാണ് ഒരു ശമനമുണ്ടാകുക.? കാക്ക ചത്താൽ ആ പക്ഷിവർഗത്തിൽ പെട്ട കാക്കകളെല്ലാം ചത്ത കാക്കയുടെ ചുറ്റും പറന്ന് തങ്ങളുടെ ഭാഷയിൽ അതിന്റെ സങ്കടവും വേദനയും



ബസ്സിൽ നിന്ന് ഇറക്കിവിട്ട് ഭാര്യയുടെ മൃതദേഹവുമായി നിസ്സഹായനായി നിൽക്കുന്ന റാംസിങ്ങ്

ഇന്ത്യയിൽ അധഃസ്ഥിതരുടെ അവസ്ഥ ഒരു സാമൂഹ്യ യാഥാർഥ്യമാണ്. ഭരണകൂടങ്ങളെയോ അധികൃതരേയോ ഒരു പ്രത്യേക മതവിഭാഗത്തേയോ ഇതിന് കുറ്റപ്പെടുത്തുന്നതിൽ അർഥമില്ല. നാമോരുരുത്തരിലും ഈ പാപം അളവുഭേദമനുസരിച്ച് നില കൊള്ളുന്നുണ്ട് എന്ന് നാം തിരിച്ചറിയണം. അധസ്ഥിതനോടും പാവപ്പെട്ടവനോടും ദരിദ്രനോടുമുള്ള പുച്ഛമനോഭാവവും ധനികരോടും ഉന്നതരോടുമുള്ള ദാസ്യത്വവും ഭയഭക്തിയും മാനുഷ തക്കും മനുഷ്യത്വത്തിനും മനുഷ്യന്റെ പാവനമായ അന്തസ്സിനും ചേർന്നതല്ല.

---

സഹതാപവും ഐക്യദാർഢ്യവും അറിയിക്കുന്നത് നാം കാണാറുണ്ട്. എന്നാൽ വിശേഷബുദ്ധിയുള്ള മനുഷ്യൻ അവന്റെ സഹചരനോട് ഇത്ര ക്രൂരമായി പെരുമാറുന്നത് ഏത് ഭാഷയിലാണ് അപലപിക്കേണ്ടത്? മനുഷ്യൻ മൃഗങ്ങളേക്കാൾ താഴ്ന്നു പോകുന്ന സന്ദർഭങ്ങളാണിത്. അതാണ് സ്രഷ്ടാവായ ദൈവം ഖുർആനിൽ പറഞ്ഞത്

***സത്യമായും ജിന്നിൽ (ഉന്നതർ) നിന്നും ഇൻസിൽ (സാധാരണക്കാർ) നിന്നുമുള്ള നിരവധി ആളുകളെ അവരുടെ പര്യവസാനം നരകമാകുമാറ് സൃഷ്ടിച്ചിട്ടുണ്ട്. അവർക്ക് ഹൃദയമുണ്ട്. (പക്ഷേ) അവകൊണ്ട് അവർ ഗ്രഹിക്കുന്നില്ല. അവർക്ക് കണ്ണുണ്ട് (പക്ഷേ) അവകൊണ്ട് അവർ കാണുന്നില്ല. അവർക്ക് കാതുകളുണ്ട് (പക്ഷേ) അത്കൊണ്ട് അവർ കേൾക്കുന്നില്ല. അവർ കന്നുകാലികൾക്ക് തുല്യരാണ്. അല്ല! അവർ അവയെക്കാളും വഴി പിഴച്ചവരാകുന്നു. അവർ തന്നെയാണ് അശ്രദ്ധരായിട്ടുള്ളവർ (വി. ഖുർആൻ അഅ്റാഫ് 7: 180)***

ഇന്ത്യയിൽ അധഃസ്ഥിതരുടെ ഈ അവസ്ഥ ഒരു സാമൂഹ്യ യാഥാർഥ്യമാണ്. ഭരണകൂടങ്ങളെയോ അധികൃതരേയോ ഒരു പ്രത്യേക മതവിഭാഗത്തേയോ ഇതിന് കുറ്റപ്പെടുത്തുന്നതിൽ അർഥമില്ല. നാമോരുരുത്തരിലും ഈ പാപം അളവു ഭേദമനുസരിച്ച് നില കൊള്ളുന്നുണ്ട് എന്ന് നാം തിരിച്ചറിയണം. അധസ്ഥിതനോടും പാവപ്പെട്ടവനോടും ദരിദ്രനോടുമുള്ള പുച്ഛ മനോഭാവവും ധനികരോടും ഉന്നതരോടുമുള്ള ദാസ്യത്വവും ഭയഭക്തിയും മാനുഷതക്കും മനുഷ്യത്വത്തിനും മനുഷ്യന്റെ പാവനമായ അന്തസ്സിനും ചേർന്നതല്ല. താഴേക്കിടയിലുള്ളവനോടും പാവങ്ങളോടും ദരിദ്രരോടും അവഗണന കാണിക്കുന്നു. അവന്റെ വേദനകളും വിഷമങ്ങളും എന്തെന്ന് മനസ്സിലാക്കാൻ നാം ശ്രമിക്കാറുമില്ല. അവരെ നാം അകറ്റുകയും അവരിൽ നിന്ന് അകന്ന് നിൽക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. ധനികരുടേയും ഉന്നതരുടേയും പരിഗണനക്കും ചങ്ങാത്തത്തിനും സാന്നിദ്ധ്യത്തിനും വേണ്ടി കൊതിക്കുകയും അവരുടെ ലോകത്ത് മാത്രം ജീവിക്കാനാഗ്രഹിക്കുകയും ചെയ്യുന്ന അൽപ്പന്മാരുടെ ജനസംഖ്യ ക്രമാതീതമായി വർധിച്ചുകൊണ്ടിരിക്കുന്ന കാലമാണിത്. ഈ ഹീന മനോഭാവം നമുക്ക് ചുറ്റും തന്നെ വ്യാപകമായി കാണപ്പെടുന്നു. മാനവസമതയും പാവങ്ങളോടുള്ള സഹാനുഭൂതിയും എല്ലാ മതങ്ങളും മാനവീയ പ്രത്യയശാസ്ത്രങ്ങളും ഉയർത്തിപ്പിടിക്കുന്ന പാവനമായ ഒരു ഉത്കൃഷ്ട സങ്കൽപ്പമാണ്. ഈ നാടും സമൂഹവും ദൈവത്തിൽ നിന്ന് കോപമിറങ്ങി നശിക്കാതിരിക്കാൻ സമൂഹത്തിലെ ഏറ്റവും അധഃസ്ഥിതന്റെ ക്ഷേമം നാം ഉറപ്പു വരുത്തുകയും അവനെ നാം സഹായിക്കുകയും ചെയ്യേണ്ടതുണ്ട്. കാരുണ്യത്തിന്റേയും ദയാവായ്പ്പിന്റേയും സ്നേഹമൂർത്തിയായ റസൂൽ തിരുമേനി (സ) യുടെ ഒരു വചനം അനുസ്മരിച്ചുകൊണ്ട് ഈ കുറിപ്പ് ഉപസംഹരിക്കട്ടെ.

***അബൂഹുറൈറ(റ)യിൽ നിന്ന് നിവേദനം: നബി തിരുമേനി(സ) പറഞ്ഞു: പാറിപറന്ന മുടിയും കരിപുരണ്ട മുഖവുമായി ഒരു പാട് പേരുണ്ട്. ജനങ്ങളുടെ വാതിലുകൾ അവർക്ക് നേരെ കൊട്ടിയടക്കപ്പെടുന്നു. അറിയുക, അവരെങ്ങാനും അല്ലാഹുവിന്റെ പേരിൽ ആണയിട്ടാൽ അല്ലാഹു അത് നിറവേറ്റിക്കൊടുക്കും. (മുസ്‌ലിം)*** ●

## പ്രസന്നവദനം

നിങ്ങൾക്ക് ഒരിക്കലും നിങ്ങളുടെ ധനംകൊണ്ട് ജനങ്ങളെ സമ്പന്നരാക്കാൻ സാധിക്കുകയില്ല. അതിനാൽ പ്രസന്ന മുഖം കൊണ്ടും സൽസ്വഭാവം കൊണ്ടും നിങ്ങളവരെ സമ്പന്നരാക്കുക.

(നബി വചനം)




അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആഗോള സമ്മേളനം (ജൽസ സാലാന യു.കെ. 2016) ഹാംപ്ഷെയറിലെ ഹദീഖത്തുൽ മഹ്ദിയിൽ ആഗസ്റ്റ് 12 മുതൽ 14 വരെ നടന്നു. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ അഞ്ചാം ഖലീഫ ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്മദ് (അയ്യദഹു..) ഉദ്ഘാടനം ചെയ്യുകയും സമാപനത്തോടനുബന്ധിച്ച് നടന്ന ആഗോള ബൈഅത്തിന് (അനുസരണ പ്രതിജ്ഞ) നേതൃത്വം കൊടുക്കുകയും ചെയ്തു.

mta INTERNATIONAL
mta.tv
alislam.org
Humanity First
humanityfirst.org



അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ യുവജന സംഘടനയായ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ വടകരയുടെ ആഭിമുഖ്യത്തിൽ സ്വാതന്ത്ര്യ ദിനത്തിൽ വടകര ഗവൺമെന്റ് ഹോസ്പിറ്റലിലേക്ക് വീൽ ചെയർ ദാനം ചെയ്തു. ബഹുമാന്യ എം.എൽ.എ ശ്രീ. സി.കെ. നാണു ഹോസ്പിറ്റൽ അധികൃതർക്ക് വീൽ ചെയർ കൈമാറി.



അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ വയോജന സംഘടനയായ മജ്‌ലിസ് അൻസാറുല്ലാ എറണാകുളത്തിന്റെ നേതൃത്വത്തിൽ സ്വാതന്ത്ര്യ ദിനത്തിൽ ജില്ലാ ഹോമിയോ ആശുപത്രി സന്ദർശിച്ച് രോഗികൾക്ക് ഫ്രൂട്ട്സ് കിറ്റ് വിതരണം ചെയ്യുന്നു.

Published on 7 September 2016 Pages 44 Vol: 88 Issue. 9
Price Rs. 30/-
Registered. Reg.No. 3332/1957, Postal Reg.No. KL/EKM/726/2015-17
Licence No. KL/CR/EKM/WPP-12/2015-17. Licensed to Post Without Prepayment

The Sathyadoothan Monthly



# Ijtema
## Qadian 2016

**Majlis Khuddamul Ahmadiyya, Bharat**
October 15,16,17

**Lajna Imaillah Bharat**
October 15,16,17

**Majlis Ansarullah Bharat**
October 18,19,20